1369

# നർത്തകി



തിരുനൈനാർകുറിച്ചി

It is a very good Novel.

1369

# നർത്തകി

പ്രസാധകന്മാർ

**സാഹിത്യപ്രവർത്തക സഹകരണ**

**സംഘം ലിമിറ്റഡ്**

# NARTTHAKI

(PLAY)

BY

THIRUNAINARKKURICHI
MADHAVAN NAIR

Second Impression November 1956

RIGHTS RESERVED

PUBLISHERS
SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL
POST BOX 40, KOTTAYAM

0—12—0

# നർത്തകി

1369

തിരുനൈനാർക്കുറിച്ചി
**മാധവൻനായർ**

നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽ ബസാർ-കോട്ടയം

വില 12 ണ.

## തിരുനൈനാർക്കുറിച്ചിയുടെ

## കൃതികൾ

| | |
|---|---|
| നർത്തകി | (നാടകം) |
| മുത്തുമാല | ,, |
| ഓണക്കോടി | ,, |
| പ്രതിഫലം | ,, |
| പ്രതികാരം | ,, |
| ജയ്ഹിന്ദ് | ,, |
| മാധുരി | (നോവൽ) |
| സർവ്വസാക്ഷി | ,, |
| ഗ്രാമസീമ | ,, |
| പരിചാരിക | ,, |

Printed at the Bhagyodayam Press, Pulikeezhu. Copies 1000.

ഒന്നാംപതിപ്പിന്റെ

# മുഖവുര

ഒരു നൎത്തകി!—അവൾ ഒരു വിലാസിനിയാണു്; സൗന്ദൎയ്യധാമമാണു്; കലാരസികയാണു്.

അവളുടെ വിലാസങ്ങൾ അനുഭവിക്കണം; സൗന്ദൎയ്യമധു ആസ്വാദിക്കണം. അതേ, അവൾ ലോകത്തിന് ആനന്ദം നൽകുവാൻവേണ്ടി സൃഷ്ടിക്കപ്പെട്ടവളല്ലേ? യാതൊന്നും ചോദിക്കാതെ, യാതൊന്നിനും അവകാശപ്പെടാതെ അവൾ അവളുടെ കൎത്തവ്യം അനുഷ്ഠിക്കണം.

അവൾ ആരെയും സ്നേഹിച്ചുകൂട. അവൾക്കും ഒരു ഹൃദയമുണ്ടെന്നു കല്പിച്ചുകൂട. സമുദായം അവരെ ഒന്നടങ്കം വേലികെട്ടി വിഭജിച്ചു നിൎത്തിയിരിക്കുകയാണു്. കായശക്തി കടാക്ഷിക്കുന്നിടത്തോളം കലാവാസനകൾക്കു വേണ്ടി ആ ജീവിതങ്ങൾ പ്രകാശിച്ചുകൊള്ളട്ടെ. ഒടുവിൽ...അതെന്തെങ്കിലുമാകട്ടെ, ലോകത്തിന് അവരെപ്പററി ചിന്തിച്ചിട്ട് ആവശ്യമില്ല!

അഹോ, എന്തൊരു നിഷ്കരുണമായ നിഷ്കാസനം!

“ഒരു യാദൃച്ഛികസംഭവം ഗണികയായി രൂപാന്തരപ്പെട്ടുത്തിയ സുചരിതയുടേയും, മറെറാരു യാദൃച്ഛികസംഭവം പ്രേമസമ്പന്നയായി പരിവൎത്തിതയാക്കിയ ഗണികയുടേയും ത്യാഗസുന്ദരമായ ജീവിതചരിത്രം ചിത്രണം ചെയ്യുന്നതിനോടുകൂടി, ‘ലാ ഡെയിം ഓസ് കമീ

ലിയാ' എന്ന സ്വാഖ്യായികയിൽക്കൂടി ഫ്രഞ്ചുസാഹിത്യനായകനായ അലക്സാണ്ടർഡ്യൂമാ മേല്പറഞ്ഞ പ്രശ്നങ്ങൾക്കു പരിഹാരം കല്പിക്കുന്നു. സകലലോകപ്രശസ്തമായ ആ ആഖ്യായികയുടെ സ്മരണയിൽ രൂപം പ്രാപിച്ച ഒരു സ്വതന്ത്രനാടകമാണ് നർത്തകി. പരസ്ത്രീസ്വരാജ്യത്തിൽ സ്വൈരിണികൾക്കു കല്പിച്ചിട്ടുള്ള സ്ഥാനത്തിൽനിന്നും വളരെയൊന്നും മെച്ചം നമ്മുടെ നർത്തകികൾക്കു സിദ്ധമായിട്ടില്ലെന്നു തോന്നുന്നു. പര്യവസാനത്തിലും, പാത്രസൃഷ്ടിയിലും നർത്തകി തികച്ചും സ്വതന്ത്രമാണെങ്കിലും, ഡ്യൂമായുടെ ആശയഗതികളെ വിശദീകരിക്കുന്നതുതന്നെയാണ് ഗ്രന്ഥകാരൻെറ ഉദ്ദേശ്യം.

നാടകകൃത്ത്

## കഥാപാത്രങ്ങൾ

| | |
|---|---|
| രവീന്ദ്രൻ: | ഉന്നതകുടുംബത്തിലുള്ള ഒരു യുവാവ് സംസ്കാരസമ്പന്നൻ (നായകൻ) |
| രമ: | സുപ്രസിദ്ധയും, സുന്ദരിയും, സുശീലയുമായ ഒരു നർത്തകി (നായിക) |
| രമണി: | രമയുടെ കാര്യവിചാരം നടത്തുന്ന ഒരു സ്ത്രീ |
| രാമക്കുറുപ്പ്: | രവീന്ദ്രന്റെ പിതാവ് |
| രാമൻ: | ഭൃത്യൻ |
| കമല: | കുപ്രസിദ്ധയായ ഒരു നർത്തകി |
| ശങ്കുണ്ണിപ്പിള്ള: | ജയാനന്ദംതിയേറ്റർ മാനേജർ |
| മഹാത്മാ: | പരോപകാരതല്പരനായ ഒരു മഹർഷി |
| രണ്ടു ശിഷ്യന്മാർ: | മഹർഷിയുടെ സഹചാരികൾ |

# രംഗം 1

[രമയുടെ മുറി. ഒരു ബെഡ്റൂംലാംബിന്റെ മങ്ങിയ പ്രകാശം. വെള്ളക്കിടക്ക വിരിച്ച ഒരു കട്ടിൽ. മുമ്പിലൊരു ചെറിയ വട്ടമേശ. ചുവരിന്റെ ഒരു വശത്തായി വച്ചിട്ടുള്ള ഒരു അലമാരയിൽ നിറയെ മരുന്നുകുപ്പികൾ. കുപ്പിയിൽനിന്നു് ഔഷധം പകൎന്നെടുത്ത ഒരു സ്ഫടികഗ്ലാസ് മേശപ്പുറത്തുവച്ചിട്ടുണ്ടു്. ഒരു വെളുത്ത സാൽവകൊണ്ടു ശരീരം മൂടി സുന്ദരിയായ രമ ഇരിക്കുന്നു.

രമ ഒരു സുപ്രസിദ്ധയായ നൎത്തകിയാണു്. ഇരുപത്തിഅഞ്ചിലധികം പ്രായം വരുമെങ്കിലും, ബാലികാത്വത്തിന്റെ വിലാസങ്ങൾ സ്ഫുരിക്കുന്ന ഭാവം. മേശയ്ക്കപ്പുറമുള്ള ഒരു കസേരയിൽ സുമുഖനായ ഒരു യുവാവു ദൃഷ്ടികൾ നിലത്തു പതിപ്പിച്ചുകൊണ്ടു നിശ്ചലനായി സ്ഥിതിചെയ്യുന്നു. സമയം രാത്രിയിലെ പ്രഥമയാമം.]

രമ—(ക്ഷീണഭാവം സ്ഫുരിപ്പിക്കുന്ന ഒരു പുഞ്ചിരിയോടുകൂടി) ഈ മുറിയിൽ സാധാരണയായി ആരും പ്രവേശിക്കാറില്ല. അല്ലെങ്കിൽ ഞാൻ അതിനു അനുവദിച്ചിട്ടുമില്ല. എന്റെ ദൌൎബ്ബല്യം അവരെ എന്തിനു മനസ്സിലാക്കണം, അങ്ങനെയല്ലേ?

രവീന്ദ്രൻ—(നിലത്തുനിന്നും കണ്ണെടുക്കാതെ ഉദാസീനഭാവത്തിൽ) കഷ്ടം, ഇത്രയധികം മരുന്നുകുപ്പി

കരം ഇവിടെയുണ്ടായിരിക്കുമെന്നു ഞാൻ വിചാരിച്ചില്ല.

രമ—ഇവയാണ് എൻെറ സഖാക്കരം, എന്നെ ഹൃദയപൂർവം സ്നേഹിക്കുന്ന കൂട്ടുകാർ! ഇവരുടെ സാന്നിദ്ധ്യം എന്നെ ഉന്മേഷവതിയാക്കുന്നു. അല്പനേരം കൂടികഴിയുമ്പോരം ഞാൻ ഉത്സാഹത്തോടുകൂടി വെളിയിലിറങ്ങിപ്പോകും.

രവി—(ദൃഷ്ടികരം ദൃഢമായി അവളുടെ മുഖത്തു പതിപ്പിച്ചുകൊണ്ടു്) രമേ, നീ നിൻെറ ജീവിതത്തെപ്പററി തീരെ ശ്രദ്ധിക്കുന്നില്ല.

രമ—എൻെറ ജീവിതം!—അതിനെപ്പററി അത്ര കാര്യമായിട്ടൊന്നും ചിന്തിക്കാനില്ല. ജനങ്ങളെ സന്തോഷിപ്പിക്കുന്നതിനുവേണ്ട ഉന്മേഷം എനിക്കുണ്ടു്, അതു പോരെ?

രവി—നീ അതു സഞ്ചയിക്കുന്ന വിധം എങ്ങനെയാണെന്നും ഞാനറിയുന്നുണ്ടു്!

രമ—അതെങ്ങനെയെങ്കിലുമാകട്ടെ; അതിനെപ്പററി ആരും പരാതിപ്പെടാറില്ലല്ലോ!

രവി—ജനങ്ങളെ സന്തോഷിപ്പിക്കുകയും, സംതൃപ്തിപ്പെടുത്തുകയുമാണോ നിൻെറ ജീവിതംകൊണ്ടു ഉദ്ദേശിക്കപ്പെടുന്നതു്?

രമ—ഒരു നർത്തകിക്കു് അതിൽക്കവിഞ്ഞു് എന്താണു ചിന്തിക്കാനുള്ളതു്—? പോകട്ടെ, അവരെല്ലാം വെളിയിൽ കാത്തിരിക്കയല്ലേ—? നമുക്കു് അങ്ങോട്ടുപോകാം—നോക്കൂ, എന്തു വിരസമായ മു

റി; മരുന്നുകളുടെ ഗന്ധമല്ലാതെ ഇവിടെ മററൊന്നുമില്ല—

[അവാം എഴുന്നേററു അടുത്ത മുറിയിലേയ്ക്കു നടന്നു തുടങ്ങി. രവീന്ദ്രൻ അവിടെനിന്നും എഴുന്നേല്ക്കുന്നില്ല. അവാം തിരിഞ്ഞുനില്ക്കുന്നു.]

രവി—വേണ്ട; ഇവിടെത്തന്നെ ഇരിക്കുക. എനിക്കു നിന്നോടു ചിലതെല്ലാം സംസാരിക്കേണ്ടിയിരിക്കുന്നു.

രമ—ആകട്ടെ, എനിക്കിപ്പോൾ ഉത്സാഹത്തോടുകൂടി ചിരിക്കുന്നതിനുള്ള ശക്തി കിട്ടിക്കഴിഞ്ഞു!

രവി—വേണ്ട; നീ ചിരിക്കേണ്ട; നീ കരയുന്നതാണു നല്ലതു്!

രമ—ഓഹോ! കൊള്ളാം! ഞാനതിനും ശ്രമിക്കാം.

രവി—രമേ, ഞാൻ പറയുന്നതു നീ അല്പംകൂടി കാൎയ്യമായി ശ്രദ്ധിക്കുക....നീ നിൻെറ ജീവിതത്തെ ഇഞ്ചിഞ്ചായി നശിപ്പിച്ചുകൊണ്ടിരിക്കുകയാണു്! നിൻെറ ഈ ദുഃഖകരമായ ജീവിതവും, അതിലേയ്ക്കു നിന്നെ നയിക്കുന്ന പരിതഃസ്ഥിതികളും കണ്ടു് എൻെറ ഹൃദയം നടുങ്ങുന്നു!

രമ—(തിരിച്ചുചെന്നു സോഫായിൽ ഇരിക്കുന്നു) അങ്ങു പറയുന്നതൊന്നും മനസ്സിലാക്കുവാൻ എനിക്കു ശക്തിയില്ല. ഞാൻ പിന്നെ എന്തുചെയ്യണം?

രവി—നീ ജീവിക്കുവാൻ പഠിക്കണം.

രമ—നല്ലവണ്ണം പുഞ്ചിരിയിടാനും, നേരമ്പോക്കു പറയാനും ഞാൻ ആവുംവിധം പരിശ്രമിച്ചിട്ടുണ്ടു്. ഇനിയും ഞാൻ എന്തൊക്കെയാണു വേണ്ടതെന്നു

അവിടുന്നു പറഞ്ഞുതരികയാണെങ്കിൽ അതും പഠിക്കുന്നതിനു എനിക്കു ഉത്സാഹമുണ്ടു്.

രവി– നീ ഈ ജീവിതവൃത്തി ഉപേക്ഷിക്കണം!

രമ– കൊള്ളാം! ഞാൻ പിന്നെ എന്തു ചെയ്യണം?

രവി– ഇതാണു നിൻെറ ജീവിതത്തെ ദുസ്സഹമാക്കിത്തീക്കുന്നതു്. നീ അറിയുന്നില്ല, നിൻെറ ജീവിതം എത്രത്തോളം താണുതാണു തകൎന്നുപോകുന്നു എന്നു്. ഹാ! അതിൻെറ അധോഗതി, ആക്കും അളക്കുവാൻ കഴിയാത്ത അഗാധതയിലേയ്ക്കാണു്!

രമ– ഞാനെന്തുചെയ്യണം? ഈ ജീവിതോപായം ഉപേക്ഷിച്ചിട്ടു്...?

രവി– ഈ വീർപ്പുമുട്ടിക്കുന്ന പരിസരങ്ങളിൽനിന്നും വേറെ എവിടെയെങ്കിലും മാറിത്താമസിക്കണം. രമേ, ഞാൻ ഒന്നുകൂടി ഹൃദയംതുറന്നു പറയുന്നു– നീ ഈ പരിസരങ്ങൾ വെടിഞ്ഞിട്ടു എന്നോടൊത്തു പോരണം.

രമ– കൊള്ളാം; എവിടെ?

രവി– എൻെറ ഗൃഹത്തിൽ—

രമ– അവിടുത്തെ ഗൃഹത്തിൽ...?

രവി– അതെ; ആർഭാടപൂൎണ്ണമല്ലെങ്കിലും, ആനന്ദജനകമായ ഒരു പരിസരം അവിടെയുണ്ടു്; വിഭവസമൃദ്ധമല്ലെങ്കിലും. വിശ്രമോചിതമായ ആസ്വാദനങ്ങൾ അവിടെയുണ്ടു്! രമേ, നീ എൻെറ അഭിപ്രായം സ്വീകരിക്കുക! ഞാൻ നിന്നെ വിവാഹം കഴിക്കാം.

രമ—അങ്ങ് ഇന്നു വേറെയേതോ വിചാരത്തോടുകൂടി യാണു സംഭാഷണം ചെയ്യുന്നതെന്നു തോന്നുന്നു!

രവി—അതെന്തുകൊണ്ടു്?—ഞാൻ ഹൃദയം തുറന്നു സംസാരിക്കുകയാണു്!

രമ—അങ്ങു പറയുന്നതിൻെറ അത്ഥം അങ്ങേയ്ക്കുത ന്നെ മനസ്സിലാകുന്നില്ല!

രവി—എന്താണു്?

രമ—ഒരു നത്തകിയെ വിവാഹം കഴിക്കുക!

രവി—അതിലെന്തു്?

രമ—ഒരു അത്ഭുതകരമായ പ്രമേയം, അത്രേയുള്ളു! നിലയും വിലയുമുള്ള ആരും അതിനെ കാംക്ഷി ക്കയില്ല!

രവി—എന്തുകൊണ്ടു്?

രമ—അങ്ങേയ്ക്കൊരു കുടുംബമില്ലേ?

രവി—ഉണ്ടു്.

രമ—അന്തസ്സും ആഭിജാത്യവുമില്ലേ—?

രവി—ഉണ്ടു്!

രമ—ഇതൊന്നും എനിക്കില്ലല്ലോ!

രവി—ഇല്ലെങ്കിലെന്തു്? സ്നേഹിക്കാൻ ശക്തിയുള്ള ഒരു ഹൃദയം നിനക്കുണ്ടു്, എനിക്കതാണാവശ്യം!

രമ—ഒരു നത്തകിയുടെ ഹൃദയം!—[അവരം തെല്ലിട മൗനമവലംബിക്കുന്നു] ഒരു നത്തകി, അത്രത്തോ ളം പതിതയാണു്. അവളുടെ വിലാസങ്ങരം ആസ്വാദിക്കുവാൻ വെമ്പുന്ന ലോകം, അവളെ സഹധമ്മിണീപദത്തിൽ സ്വീകരിക്കുവാൻ ത

യാറാവുക.യില്ല. ഇങ്ങനെയൊരപേക്ഷ ഇന്നാ ദ്യമായിട്ടാണു കേൾക്കുന്നതു്!

രവി—അല്ല, രമേ!—നീ ഒന്നുകൂടി ശ്രദ്ധിച്ചു കേൾക്കുക; ഞാൻ നിന്നെ അത്യധികം സ്നേഹിക്കുന്നു. ഞാൻ നിന്നെ വിവാഹം കഴിക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു!

രമ—അതുപോലൊരു മറത്തരം അങ്ങേയ്ക്കു തോന്നുവാനില്ല!

രവി—മറത്തരമോ?

രമ—അതെ; എന്തുകൊണ്ടാണെന്നു ഞാൻതന്നെ വ്യക്തമാക്കണമോ?—

രവി—പറയൂ—

രമ—ഒന്നാമതായി ഞാൻ സുചരിതയല്ല; എനിക്കു പല പരിചയക്കാരും ഉണ്ടായിട്ടുണ്ടു്; രണ്ടാമതായി എനിക്കു് അന്തസ്സും ആഭിജാത്യവുമില്ല; മൂന്നാമതായി ലോകം എന്നെ പതിതയായിക്കരുതുന്നു...

രവി—രമേ, ഇതെല്ലാം ഞാൻ നല്ലപോലെ അറിഞ്ഞിട്ടുള്ളവയാണു്. ഇവയൊന്നും എൻെറ പ്രേമത്തെ തടസ്സപ്പെടുത്തുന്നവയല്ല! നിനക്കു പല പരിചയക്കാരുമുണ്ടായിരിക്കാമെങ്കിലും, നീ സുചരിതയാണെന്നു ഞാൻ അറിയുന്നുണ്ടു്—കുലവും, യോഗ്യതയും ധനത്തിൻേറയും ബന്ധുക്കളുടേയും പിറകേ എത്തുന്നവയാണു്;..........ഇനിയും ലോകത്തിൻെറ!......അതിനു നമ്മുടെ ഈ ഘടനയിൽ കൈകടത്തുവാൻ യാതൊരവകാശവുമില്ല!

രമ—അവിടുത്തെ അച്ഛനും ബന്ധുക്കളും ഈ വിവാഹത്തിനു ഒരിക്കലും അനുവദിക്കുകയില്ല.

രവി—ഇല്ലെങ്കിൽ വേണ്ട; ഇക്കാൎയ്യത്തിൽ ഞാൻ സ്വതന്ത്രനാകും!

രമ—എന്തു്—?

രവി—ഞാൻ എന്റെ മനസ്സാക്ഷിയനുസരിച്ചു പ്രവൎത്തിക്കും—

രമ—അച്ഛനും, മററുള്ളവരും പിണങ്ങും, തീൎച്ചയായിട്ടും ലോകം അവിടുത്തെ പുഛിക്കും. ബന്ധുക്കളുടെ വിരോധം സമ്പാദിച്ചുകൊണ്ടു അവിടുന്നു എങ്ങനെ ജീവിക്കും—?

രവി—നമ്മുടെ രണ്ടു പേരുടേയും ജീവിതത്തിനു വേണ്ട ധനം സമ്പാദിക്കാൻ എനിക്കു കരുത്തുണ്ടു്!

രമ—എന്നെ തൃപ്തിപ്പെടുത്തി ജീവിക്കുവാൻ അങ്ങേയ്ക്കു സമ്പത്തുണ്ടോ?

രവി—എന്നുവച്ചാൽ—?

രമ—ഞാൻ ധാരാളം ധനം അനാവശ്യമായി ചെലവുചെയ്തു ശീലിച്ചിട്ടുള്ളവളാണ്. എന്റെ ആവശ്യങ്ങൾ വിവിധങ്ങളാണ്. ധനം വന്നുചേരുന്ന കലാവൃത്തി കൈവെടിഞ്ഞു ഞാൻ അങ്ങയുടെ ഭാൎയ്യയായിതിരിന്നുവെന്നുതന്നെ വയ്ക്കുക!—എന്റെ ആവശ്യങ്ങളനുസരിച്ചു് ഓരോന്നു സാധിച്ചു തന്നു് എന്നെ തൃപ്തിപ്പെടുത്തുവാൻ സ്വന്തം പ്രയത്നഫലം മാത്രം കരുതുന്ന അങ്ങേയ്ക്കു സാധിക്കുന്നതല്ല; ജീവിതാവശ്യങ്ങൾ ശരിക്കു നടക്കാതാകുമ്പോൾ എനിക്കു അങ്ങയോടും, അങ്ങയുടെ

ലക്ഷ്യങ്ങാം തെററിക്കാണുമ്പോറം അങ്ങേയ്ക്കു് എന്നോട്ടുമുള്ള ബഹുമാനം ക്രമേണ കുറഞ്ഞു തുടങ്ങും. ആ അസ്വാരസ്യം വർദ്ധിച്ചുവന്നു നമ്മുടെ പ്രേമം പരാജയത്തിൽ കലാശിക്കും!

രവി—രമേ, അത്രയധികം ധനം ചെലവാക്കുവാനില്ലെങ്കിലും, നിന്നെ മാനമായ രീതിയിൽ സംരക്ഷിക്കുവാനുള്ള ധനം എനിക്കുണ്ടു്. നമുക്കു രണ്ടുപേൎക്കുംകൂടിയാലോചിച്ചു സംതൃപ്തിജനകമായ ഒരു ജീവിതരീതി സ്വീകരിക്കാം. നിന്റെ ഇന്നത്തെ സുഖസൗകൎയ്യങ്ങാം നശിച്ചുപോകാതെ സൂക്ഷിക്കുകയും ചെയ്യാം. ഇക്കാരണങ്ങളൊന്നും നമ്മുടെ പ്രേമത്തെ തടസ്സപ്പെടുത്താതിരിക്കട്ടെ! രമേ, നിന്റെ ജീവിതത്തിൽ സംബന്ധിക്കുന്നതിനു നീ എനിക്കനുവാദം തരിക. അതു നിന്റെയും എന്റെയും ആവശ്യമാണു്!

രമ—ഏതായാലും, ഇക്കാൎയ്യത്തെപ്പററി എനിക്കു വളരെഅധികം ആലോചിക്കേണ്ടതുണ്ടു്. എന്റെ ജീവിതഗതിയെ പാടേ മാററിമറിക്കുന്ന ഒരു സംഭവമാണിതു്. ഇതിനെപ്പററി ഇനിയൊരിക്കൽ സംസാരിക്കാം. (എഴുനേററിട്ടു്) നമുക്കു വെളിയിൽ പോകാം. വളരെ അധികം നേരമായി അവരെല്ലാം കാത്തിരിക്കയല്ലേ?

രവി—(എഴുനേററു നിന്നുകൊണ്ടു്) നിന്നിൽ നിന്നു ഞാൻ അനുകൂലമായ ഒരു മറുപടിതന്നെ ആശിക്കുന്നു.

(രണ്ടുപേരും വെളിയിലേയ്ക്കു പോകുന്നു.)

—:കൎട്ടൻ:—

[library stamp, illegible]

## രംഗം 2

[രമയുടെ ഗൃഹത്തിന്റെ മുൻവശത്തുള്ള വിശാലമായ ഹാാം. അതിഥിസൽക്കാരോചിതങ്ങളായ സജ്ജീകരണങ്ങാം. രവീന്ദ്രൻ ഒരു വർത്തമാനപ്പത്രത്തിൽ കണ്ണോടിച്ചുകൊണ്ടിരിക്കുകയാണു്. നോട്ടത്തിലും നടത്തയിലും പ്രാമാണികത്വം ചമഞ്ഞു്, അമ്പതോളം വയസ്സ് കാലംചെന്നു്, കറുത്തു തടിച്ച ഒരു മനുഷ്യൻ ധാരമട്ടിൽ വന്നു കയറുന്നു. രവീന്ദ്രൻ ആഗതനെ ഒന്നു നോക്കിയിട്ടു് മുറയ്ക്കു പത്രവായന നടത്തിക്കൊണ്ടിരിക്കുന്നു. ആഗതൻ സഗൗരവം ഒരു കസേരയിൽ ഇരുന്നു. താംബൂലചവ്വണം രക്തവർണ്ണം കലർത്തിയിട്ടുള്ള പല്ലുനിരയും വെളിയിൽക്കാണിച്ചുകൊണ്ടു് ഒന്നുചിരിക്കുന്നു.]

ആഗതൻ—സർ, രമാദേവി അകത്തുണ്ടോ? നിങ്ങളും അവരെക്കാണാൻ കാത്തിരിക്കയാണോ—

(രവീന്ദ്രൻ ഒന്നു മൂളിയിട്ടു വീണ്ടും വായന തുടരുന്നു)

ആഗതൻ—പേപ്പറിലെന്താണു വാർത്ത?—സർ, ഈ ഹിററ്ലർ മരിച്ചോ ഉണ്ടോ?

രവി—എന്തു വേണം?

ആഗതൻ—എനിക്കവരെ ഒന്നു കാണണം.

രവി—ആരെ?

ആഗ—രമാദേവിയെ.

രവി—ഓഹോ!

(ആഗതൻ എഴുന്നേററു വാതിലിൽക്കൂടിയകത്തു ഉളിഞ്ഞു നോക്കിയിട്ടു കയറിപ്പോകാൻ ഭാവിക്കുന്നു)

രവി—ഇവിടെ ഇരിക്കണം. വിവരം പറഞ്ഞയക്കാം. ഭൃത്യൻ ഇപ്പോാം വരും.

ആഗ—(വീണ്ടും വന്നിരുന്നിട്ട്) പിന്നെ, ഈ പത്രത്തിൽ പറയുന്നതൊക്കെ ശുദ്ധപൊളിയാണ്. അതാണു ഞാൻ നോക്കുകേല്ലാന്നു വച്ചിരിക്കുന്നത്; അല്ലേ സാർ—?

രവി—ആയിരിക്കാം.

ആഗ—സർ, ഈ പാററംബാംബ് എന്നു വച്ചാ എന്താണ്?

രവി—അങ്ങിനെയൊന്നില്ല.

ആഗ—ആ അതാ പറഞ്ഞതു ശരി; അതാണ് ഈ പേപ്പറിപ്പറയുന്നതെല്ലാം പൊളിയെന്നു ഞാൻ പറഞ്ഞത്. പാററംബാംബു എന്നൊന്നുമില്ല.

രവി—നിങ്ങൾക്കെന്തുവേണം? (പത്രം മേശപ്പുറത്തു വച്ചിട്ട് എണീററു.)

ആഗ—ദേവിയെ ഒന്നു കാണണം

രവി—വിശേഷം—?

ആഗ—വിശേഷം ചിലതൊക്കെയുണ്ട്—

രവി—എന്താണ്?—പറയരുതോ?

ആഗ—അവരെ, ഒരു കളിയ്ക്കു ബുക്കുചെയ്യണം—

രവി—എന്താ--?

ആഗ—ഒരു ഡാൻസിനു ബുക്കുചെയ്യണം?

രവി—അതിനു തരപ്പെടുകയില്ല—

ആഗ—എന്തു്? വേറെയേതെങ്കിലും പ്രോഗ്രാം വന്നിട്ടുണ്ടോ?—സാർ ബുക്കുചെയ്യാൻ പോകയാണോ

രവി—അവർക്കു സുഖമില്ല.

ആഗ—അയ്യോ കിടപ്പാണോ?

രവി--ഇല്ല, എങ്കിലും വരാൻ സാധിക്കുകയില്ല.

ആഗ-- ഇല്ലേ സാർ, അവർ വരും, വരാമെന്നു വാക്കു പറഞ്ഞിട്ടുണ്ട്.

രവി- പക്ഷേ, അവർക്കു സുഖമില്ലല്ലോ.

ആഗ- സുഖമില്ലെങ്കിലും വരണം.

രവി- തീർച്ചയാണോ?

അഗ- സാർ, പണമുണ്ടല്ലോ, പണം! – അതിൻെറ പുറകേ, ഇവരുടെയെല്ലാം, പനിയും ചുമയും പമ്പകടക്കും- കഴിഞ്ഞ തവണയും ഇവർ സുഖമില്ലെന്നു പറഞ്ഞു ഒഴിഞ്ഞുകളകയായിരുന്നു. ഞങ്ങൾ വിട്ടില്ല- ഞങ്ങൾ കരാർപ്പത്രം എഴുതിച്ചിട്ടുണ്ട്.

രവി - എന്തായാലും, ശരീരസൗഖ്യമില്ലെങ്കിൽ എന്തു ചെയ്യും?

ആഗ–അതൊന്നുമില്ല. അവർ വരും;-വരാതൊക്കുമോ?

രവി- അതു നിർബ്ബന്ധമാണോ?

ആഗ--ഇല്ലേ പിന്നെ?

രവി- അങ്ങനെ നിർബ്ബന്ധിക്കാൻ നിങ്ങൾക്ക് ആരു് അധികാരം തന്നു!

ആഗ- (പുഛഭാവത്തിൽ രവീന്ദ്രനെ നോക്കിക്കൊണ്ട്) ഉം, നിങ്ങളാരാ ഇതൊക്കെ ചോദിക്കാൻ?

രവി- ആരെങ്കിലുമാകട്ടെ; ഞാൻ ചോദിച്ചതിനു സമാധാനം പറയൂ.-

ആഗ- ഞാൻ ജയാനന്ദം തീയേററിലെ പ്രൊപ്രൈററർ മി: ശങ്കുണ്ണിപ്പിള്ളയാണ്. എൻെറ തീയേററിൽ വന്നു ആക്ടറുചെയ്യാത്ത നടീനട

ന്മാർ എവിടെയുണ്ട്? അവരെ ഞാൻ വെറുതേ വിടുകയില്ല!

രവി- മതി; തൻെറ പ്രസംഗങ്ങൾ.

ആഗ- (പുഛരസത്തിലുള്ള ചിരിയോടുകൂടി) അല്ലാ, നിങ്ങളാരാ അവളുടെ? ജാരനോ? മാ...

രവി- (പെട്ടെന്നെഴുനേററ്) ഷട്ട്അപ്പ്! (കണ്ണുരുട്ടി മിഴിക്കുന്നു.)

ആഗ- (എഴുനേററു മുഷ്ടിചുരുട്ടിക്കൊണ്ട്) സാറേ, ഈ ശങ്കുണ്ണിപ്പിള്ളയോടു ഈ ഉരുട്ടൊന്നും വേണ്ട കേട്ടോ. വേണമെങ്കിൽ ഒരു കൈ നോക്കി ക്കളയാം.

[ഒരു ഗുസ്തിക്കു തയാറാകുന്നു. പെട്ടെന്നു രമ വാതില്ക്കൽ പ്രത്യക്ഷപ്പെടുന്നു. രമയെക്കണ്ടു ആഗതൻ തിരിഞ്ഞുനില്ക്കുന്നു]

ആഗ- ദേവി, ഇയാളെ ഇങ്ങനെ അഴിച്ചുവിട്ടിരിക്കു ന്നതെന്തിന്?

രമ- ഉം, എന്തു പറഞ്ഞെടോ ധിക്കാരീ?

(വീണ്ടും വഴക്കിനു ഭാവിക്കുന്നു. രമ മുമ്പോട്ടു വന്നു ആഗ തനെ നോക്കിയിട്ട്)

രമ- നിങ്ങൾ പോകണം, ഇവിടെനിന്നും.

ആഗ- (ഇളിഭ്യനായി) അല്ല, എന്നെ മനസ്സിലായി ല്ലേ-? ഞാൻ.........

രമ- ആരെങ്കിലുമാകട്ടെ; പോകണം.

ആഗ- വാക്കു മറന്നുപോയോ? തീയേറററിൽ നടന ത്തിനു വരാമെന്നു........

രമ- എനിക്കൊക്കുകയില്ല.

ആഗ—വാക്കു മാറുന്നത്......

രമ—പോകാൻ പറഞ്ഞാൽ—(ഉറക്കെ)രാമാ, രാമാ!

(രാമൻ എന്ന ഭൃത്യൻ വരുന്നു)

രമ—രാമാ, ഇയാളെ മാനമായി പുറത്താക്കിയിട്ടുവരൂ

രാമൻ—ഉം, നടക്കണം സാറേ—

(ആഗതൻ രണ്ടുപേരേയും കോപത്തോടുകൂടി നോക്കിക്കൊണ്ടു പോകുന്നു.

രമയും രവീന്ദ്രനും വളരെ നേരം ഒന്നും പറയാതെ കഴിച്ചുകൂട്ടുന്നു.)

രമ—(പണിപ്പെട്ടു് ഒന്നു പുഞ്ചിരിയിട്ടുകൊണ്ടു) ഇതാണെൻെറ ജീവിതം!

രവി—(കോപഭാവം വ്യക്തമാക്കിക്കൊണ്ടു്) ഇതാണു് നിൻെറ ജീവിതം; അതെ, ഇതാണു നിൻെറ ജീവിതം! ഇവരെല്ലാം നിന്നിൽ ഇത്ര അധികാരംവച്ചുപുലത്തുന്നതു് എന്തുകൊണ്ടാണു്? നിന്നെ നിർബന്ധിക്കുവാൻ ഇവക്കെന്തധികാരം?

രമ—ഒരു നത്തകിയുടെ ജീവിതം അഭികാമ്യമല്ല.

രവി—നിനക്കും സ്വാതന്ത്ര്യമായി ജീവിക്കുവാൻ അവകാശമുണ്ടു്. നീ ആരുടെയും അടിമയല്ല! രമേ, ഞാൻ എൻെറ നിശ്ചയത്തിൽ ശക്തിയായി ഉറച്ചിരിക്കുന്നു.

രമ—എന്താണു് നിശ്ചയിച്ചതു്?

രവി—നിന്നെ വിവാഹം കഴിക്കുവാൻ.

രമ—(അല്പനേരം മൗനം അവലംബിച്ചിട്ടു്) അങ്ങു് നേരിട്ടു മനസ്സിലാക്കിയതാണു് ഈ രംഗം.

രവി—എന്നാൽ, ഇനിയും ഇതു തുടൎന്നു പോകാൻ ഞാൻ സമ്മതിക്കുകയില്ല. നമുക്കു മാനമായി ജീവിക്കുന്നതിനു വേണ്ട വസ്തുവകകൾ എനിക്കുണ്ടു്.

രമ—എൻെറ കഴിഞ്ഞ ജീവിതകാലമത്രയും കരിപിടിച്ചവയായിരുന്നു. അവയെപ്പററിയുള്ള പല ആരോപണങ്ങളും അവിടുത്തെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കും.

രവി—രമേ, ഞാൻ അതെല്ലാം മറന്നു കഴിഞ്ഞിരിക്കുന്നു.

രമ—സ്വന്തമായുള്ള സകല മേന്മകളും കൈവെടിഞ്ഞിട്ടു്, സ്വന്തം കുടുംബവുമായുള്ള സകല വേഴ്ചകളും അവസാനിപ്പിച്ചിട്ടു ഭാവിയെപ്പററി നല്ലപോലെ—

രവി—(ഇടയ്ക്കു തടഞ്ഞുകൊണ്ടു്) അതെല്ലാം എൻെറ കാൎയ്യങ്ങൾ; ഞാൻ വളരെ ആലോചിച്ചു തന്നെയാണു് ഇതു തീൎച്ചപ്പെടുത്തിയിട്ടുള്ളതു്. ഞാൻ ചില കാൎയ്യപരിപാടികൾ നിശ്ചയിച്ചിട്ടുള്ളവ അറിയിക്കാം; പക്ഷെ ആദ്യമായി നിൻെറ സമ്മതം അറിയണം!

രമ—എൻെറ സമ്മതം കിട്ടിക്കഴിഞ്ഞുവെന്നു തന്നെ വയ്ക്കുക-

രവി-അങ്ങനെ പറഞ്ഞാൽ പോരാ!

രമ-ശരി, ഇത്രത്തോളമായതുകൊണ്ടു് ഞാൻ കാൎയ്യം തുറന്നു പറയാം. ഞാൻ അവിടുത്തെ എൻെറ ജീവനെക്കാളും ഉപരിയായി സ്നേഹിക്കുന്നുണ്ടു്.

ഈ സ്നേഹലബ്ധിക്കായി ഏതു സാഹസകൃത്യവും അനുഷ്ഠിക്കുവാൻ ഞാൻ തയാറാണ്. അവിടു ത്തെ സാന്നിദ്ധ്യം എൻെറ ജീവിതത്തെ മധുര മാക്കിത്തീത്തു. അതില്ലായിരുന്നെങ്കിൽ ഞാൻ ഇതിനു മുമ്പു തന്നെ മരിച്ചു പോകുമായിരുന്നു. എന്നെ സ്തുതിവചനങ്ങൾ കൊണ്ടു കുളിർപ്പിക്കു വാനും എൻെറ വിലാസങ്ങൾ ആസ്വദിക്കുവാ നും ആളുകൾ തിങ്ങിക്കൂടിയിരുന്നു. പക്ഷെ ആ പുരുഷാരത്തിനിടയിൽ എന്നെ ഹൃദയപൂർവ്വം സ്നേഹിക്കുന്ന ഒരു മുഖം പോലും ഞാൻ കണ്ടി ണ്ടില്ല. അതു വിചാരിച്ചു ഞാൻ അത്യധികം സങ്കടപ്പെട്ടു. ആഡംബരങ്ങൾക്കൊന്നും എൻെറ ഹൃദയത്തെ കുളിർപ്പിക്കുവാൻ ശക്തിയുണ്ടായി രുന്നില്ല. എൻെറ ഹൃദയം സ്നേഹദാഹം കൊ ണ്ടു വരണ്ടിരുന്നു. നല്ല കുടുംബത്തിൽ ജനിച്ച ആരെങ്കിലും എന്നെ പ്രേമപൂർവ്വം പരിഗ്രഹിക്കു കയാണെങ്കിൽ ഈ നിന്ദ്യമായ ജീവിതരീതി ഉപേക്ഷിച്ചിട്ട് പ്രശാന്തമായ ഒരു ഗ്രാമജീവി തം സ്വീകരിക്കുവാൻ ഞാൻ തയാറാകുമായിരു ന്നു. എന്നാൽ ആരും മുന്നോട്ടു വന്നില്ല. ഒരു നത്തകിയെ വിവാഹം കഴിക്കുക ലജ്ജാവഹമ ല്ലേ? അങ്ങനെ ഇരിക്കുമ്പോളാണ് എനിക്ക് അങ്ങയുടെ സാഹചര്യം സിദ്ധിച്ചതു്. അങ്ങ യുടെ ആത്മാത്ഥമായ പ്രേമം എന്നെ ആകർ ഷിച്ചു. എന്നിൽ അനുകമ്പയുള്ള അവിടുത്തെ മുഖം എന്നും കണ്ടുകൊണ്ടിരിക്കണമെന്നുള്ളതു്

എൻെറ ആവശ്യമായിത്തീൻ. ഞാൻ സുഖമില്ലാതെ ബോധശൂന്യയായിക്കിടന്നിരുന്നപ്പോഴം അവിടുന്നു എന്നുംവന്നു അന്വേഷിക്കുന്നുണ്ടെന്നും വിവരം അറിഞ്ഞപ്പോഠം അവിടത്തെ ഒരു നിത്യസഖാവായി കിട്ടിയാൽ കൊള്ളാമെന്നും ഞാൻ പ്രാത്ഥിച്ചു. പക്ഷെ എൻെറ ആ ആഗ്രഹം അവിടത്തെ ഇഷ്ടത്തിനു വിപരീതമായേക്കുമെന്നും അഭിമാനിയായ അവിടുന്നു വീണ്ടും എന്നെ കാണുവാൻ വരികയില്ലെന്നും ഭയന്നു ഞാൻ അതെല്ലാം അടക്കി വച്ചിരുന്നു. ഈശ്വരൻ എൻെറ പ്രാത്ഥന കൈവെടിഞ്ഞില്ല.

രവീന്ദ്രൻ—(ആഹ്ളാദപൂർവ്വം അവളുടെ കരങ്ങളെ ഗ്രഹിക്കുന്നു) ഓമനെ, മറിച്ചായിരുന്നു നിൻെറ അഭിപ്രായമെങ്കിൽ...... ഹാ (ആ കരങ്ങളെ കണ്ണുകളോടടുപ്പിക്കുന്നു)

—:കർട്ടൻ:—

## രംഗം 3

[രമ നൃത്തം ചെയ്യുന്നു. രവി അതു കണ്ടു രസിച്ചുകൊണ്ടി രിക്കുന്നു.]

പാട്ട്

[രാഗം സഹാന]

("കൃഷ്ണാനീ വേഗമായ്" എന്ന മട്ട്)

പല്ലവി

നന്ദജൻ മാമകനാഥൻ (നന്ദ)

അനുപല്ലവി

മാമകജീവിതമാകന്ദപ്പൂങ്കാവിൽ
മാധവൻ മാധവൻ, പ്രേമസുധാകരൻ (നന്ദ)

ചരണങ്ങൾ

1 കുതുകത്താൽപൊന്നോടക്കുഴലേന്തും കൈത്താരിൽ
ഗോവർദ്ധനം പൂണ്ട ഗോപാലബാലകൻ (നന്ദ)

2 വരവാണീജനചിത്ത-
ഹരണ കാരണൻ കൃഷ്ണൻ
സ്മരലീലാമനോഹരൻ
മന്മഥജന്മദൻ
അടിയങ്ങൾ ഹൃദയത്തിൽ
കുടികൊള്ളും ഗോവിന്ദൻ
ആമ്പാടിക്കാലംബം, ആനന്ദസാഗരം (നന്ദ)

[പാട്ടു പാടി താളലയം അനുസരിച്ചു നടത്തുന്ന ആ നൃത്തത്തിന്റെ അന്ത്യത്തിൽ പരിക്ഷീണയായിത്തീർന്ന അവൾ

അയാളുടെ മടിയിൽ വീഴുന്നു. രവി അവളുടെ നെററിയിൽ പൊടിഞ്ഞിരുന്ന വിയർപ്പുകണങ്ങാം കൈലേസുകൊണ്ടു തുടക്കുന്നു.]

രവി– സ്വൎഗ്ഗീയമായ ഗാനം! ഹൃദയഹരമായ കലാവിലാസം. മൃഗീയമായ ചില വിഭാതികാംക്കു വേണ്ടി അവയെ വെറുതെ വില്ക്കുകയെന്നതു കഷ്ടം തന്നെ. ഇപ്പോാം നീ എനിക്കും ഞാൻ നിനക്കും മാത്രമായിക്കഴിഞ്ഞു. ഈ വിലാസങ്ങളെല്ലാം എനിക്കുവേണ്ടി മാത്രമാണെന്നറിയുമ്പോാം ഞാൻ അഭിമാനിക്കുന്നു.

രമ– (പുഞ്ചിരിയിട്ടുകൊണ്ടു്) സമ്മതം അറിയിച്ചുകഴിഞ്ഞിട്ടും, കാൎയ്യപരിപാടികാം മറച്ചുവച്ചിരിക്കുന്നതെന്തു്?

രവി– ഓ, അതൊന്നും സാരമില്ല. ഞാൻ പലതുമൊക്കെ ആലോചിച്ചു. ഒടുവിൽ ഒന്നും വേണ്ടെന്നു വച്ചു.

രമ– അതെന്തു്? എങ്കിലും അതൊന്നു പറയാനും പാടില്ലേ!

രവി– ഈ വീൎപ്പു മുട്ടിക്കുന്ന പരിസരങ്ങളിൽനിന്നും അല്പം അകലെ എവിടെയെങ്കിലും മാറിത്താമസിക്കാമെന്നു വിചാരിച്ചു. നമ്മുടെ അനാവശ്യകമായ ചെലവുകാം എല്ലാം ചുരുങ്ങും. നമ്മുടെ രണ്ടുപേരുടെയും ചെലവിനു എൻെറ വരവു ധാരാളം മതിയാകും.

രമ– അതെല്ലാം വേണ്ടെന്നുവച്ചതെന്തുകൊണ്ടു്?

രവി– നിൻെറ അഭിപ്രായംകൂടി അറിയാതെ ചെയ്ത തീരുമാനങ്ങളല്ലേ?

രമ--ആ അഭിപ്രായം എൻെറയുംകൂടി ആഗ്രഹമാണെങ്കിലോ?

രവി—വളരെ സന്തോഷം. അതെന്താണു രമയ്ക്കും അങ്ങനെ തോന്നിയതു്? പട്ടണത്തിൽ താമസിക്കുന്നതല്ലേ ഭവതിയുടെ ഇഷ്ടം?

രമ—പക്ഷേ, കുറെക്കാലത്തേക്കെങ്കിലും ഇവിടെനിന്നും മാറിത്താമസിക്കേണ്ടതു് അത്യാവശ്യമാണു്. നാടകത്തിനെന്നും മററും പറഞ്ഞു. എന്നെ പല പരിചയക്കാരും ശല്യപ്പെടുത്തിക്കൊണ്ടിരിക്കും. എൻെറ നാമം കലാരംഗങ്ങളിൽനിന്നും മറയുന്നതുവരെ നമുക്കു മാറിത്താമസിക്കാം.

രവി—എന്നാൽ അങ്ങനെയാവാം. ഉടൻതന്നെ വേണ്ട ഏപ്പ്ാടു ചെയ്യാം. ഏതു സ്ഥലമാണു ഭവതിക്കു കൂടുതൽ ഇഷ്ടം?

രമ—കന്യാകുമാരിയായാലെന്തു്?

രവി—കൊള്ളാം. അവിടെത്തന്നെ താമസത്തിനു സൌകര്യമുള്ള ഒരു സ്ഥലം കണ്ടുപിടിക്കാം.

(പരുഷ്ക്കാരിയും, മധ്യവയസ്കയുമായ രമണിയമ്മ പ്രവേശിക്കുന്നു. അവരുടെ മുഖത്തു കഠിനമായ നിരാശ തെളിഞ്ഞു കാണുന്നു. രമയുടെ അപേക്ഷപ്രകാരം ഇരിക്കാതെ, ആ നിലയിൽ ത്തന്നെ നിന്നുകൊണ്ടു് അവർ വിസ്മയം വ്യക്തമാക്കി.)

രമണി—അല്ലേ—നാടകശാലയിൽനിന്നും കരാറുചെയ്തു വാങ്ങിയിട്ടുള്ള പണം തിരിച്ചയച്ചെന്നും, ഇനിമേൽ അവിടെ നടനത്തിനു പോകാൻ തയാറില്ലെന്നു കൊച്ചമ്മ എഴുതിയയച്ചുവെന്നും കേട്ടല്ലോ-ഉള്ളതാണോ?—

രമ—അതേ.

രമണി—അയ്യോ, അതെന്തിന്ന്?

രമ—ഞാൻ ആ തൊഴിലെല്ലാം വേണ്ടെന്നു വച്ചിരിക്കുന്നു!

രമണി—എന്നുവച്ചാൽ?

രമ—ഈ തൊഴിൽ മതിയാക്കിയിരിക്കുന്നു—കലയെ വിലയ്ക്കു വില്ക്കുന്ന തൊഴിൽ,—അങ്ങനെയല്ലേ?

രമണി—പിന്നെ കൊച്ചമ്മയുടെ ജീവിതത്തിനോ? ഈ ചെലവുകൾക്കെല്ലാം പണം?

രമ—അതൊന്നും സാരമില്ല?

രമണി—എന്തു സാരമില്ല?

രമ-രമണിയമ്മേ, എൻെറ ജീവിതഗതി ആകപ്പാടെ മാറിപ്പോയിരിക്കുന്നു. ഞാൻ രവീന്ദ്രനെ വിവാഹം കഴിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു!

രമണി-(വാപൊളിച്ചുകൊണ്ട്) അയ്യോ, വിവാഹമോ? .....കൊച്ചമ്മയ്ക്കോ?.........

രമ-എന്താ, നിങ്ങൾക്കു അതിശയം തോന്നുന്നുണ്ടോ?

രമണി-ഇല്ല......(പുരികം ചുളിച്ചുകൊണ്ട്) കൊച്ചമ്മ നല്ലവണ്ണം ആലോചിച്ചിട്ടുതന്നെയോ ഇതിന്ന് ഉൾപ്പെട്ടതു്?

രമ-എന്തു്, അങ്ങനെ ചോദിപ്പാൻ?

രമണി-അല്ലാ-സമ്പാദ്യത്തിനുള്ള വഴികളെല്ലാം അടച്ചുകളഞ്ഞിട്ടു്, തൻെറ നിലയെപ്പററിയും വരും കാലത്തെപ്പററിയും നല്ലതുപോലെ വിചാരിക്കാഞ്ഞിട്ടു് അങ്ങനെയൊന്നിൽ ഏർപ്പെട്ടുന്നതു ഉ

1369



ചിതമായിരിക്കയില്ലല്ലൊ—അതുകൊണ്ടു പറഞ്ഞുപോയതാണു്.

രമ—എന്റെ ആവശ്യങ്ങളെല്ലാം പരിമിതങ്ങളാണു് രമണിയമ്മേ. അവ സമ്പാദിച്ചു തരാമെന്നു ഇദ്ദേഹം വാഗ്ദാനം ചെയ്തിട്ടുമുണ്ടു്. അതുപോരെ?

രമണി—എന്തോ, കൊച്ചമ്മെ,—എനിക്കൊന്നും തോന്നുന്നില്ല—

രമ—ഇനിയും ഒന്നുകൂടിഅറിയുമ്പോൾ, നിങ്ങൾക്കു കുറെ കൂടുതൽ അത്ഭുതം തോന്നിയേയ്ക്കും: ഞാൻ ഈ സ്ഥലം വിട്ടുപോകാൻ നിശ്ചയിച്ചിരിക്കുന്നു.

രമണി—എന്തിനു്? എവിടേയ്ക്കു്?

രമ—ഞങ്ങൾ കന്യാകുമാരിയിൽ പോകുന്നു.

രമണി—ഇവിടുത്തെക്കാര്യങ്ങൾ......ഈ വീടും വസ്തുക്കളുമൊക്കെ എന്തുചെയ്യാൻ പോകുന്നു?...വിൽക്കാൻ ആലോചിക്കുകയാണോ?

രമ—തല്ക്കാലം എല്ലാം നിങ്ങളുടെ മേൽനോട്ടത്തിൽ തന്നെഇരിക്കട്ടെ!—വേണ്ടതെന്താണെന്നു പിന്നീട്ടു് ആലോചിച്ചു തീർച്ചപ്പെടുത്താം.

രമണി—വണ്ടികൂടെ കൊണ്ടുപോകുന്നുണ്ടോ?

രമ—ഇല്ല. ഞങ്ങൾക്കതിന്റെയൊന്നും ആവശ്യമില്ല.

രമണി—(പറയാൻ മടിക്കുന്നതുപോലെ അറച്ചുനിന്നിട്ടു്, തല ചൊറിഞ്ഞുകൊണ്ടു്) കഴിഞ്ഞ മാസത്തെ—

രമ—ഓ, ഞാൻ മറന്നുപോയി. നില്ക്കണം—ഇതാ വരുന്നു.

[രമ അകത്തുപോയി വേഗം മടങ്ങിവന്നു ഒരു നൂറുരൂപാ നോട്ടു അവരുടെ കയ്യിൽ കൊടുക്കുന്നു]

രമ—അമ്പതുരൂപാ കഴിഞ്ഞമാസത്തേയ്ക്കുള്ളതു്, കൂടുതലുള്ള അമ്പതു് ഈ മാസത്തെ ചെലവിനു് വച്ചുകൊള്ളുക.

രമണി—അപ്പോൾ പുറപ്പെടുന്നതു്?

രമ—നാളെത്തന്നെ.

രമണി—ഈ അഗതിയെക്കൂടി മറന്നു കളയരുതേ— ഞാൻ ഇവടത്തെക്കാര്യങ്ങളെല്ലാം ഭംഗിയായി നോക്കിക്കൊള്ളാം—അയ്യോ, ഭാഗവതർ സ്വാമി വെളിയിൽ കാത്തിരിക്കുന്നു—ഞാൻ—

രമ—നിങ്ങൾ പോയിട്ടു വരണം—രാത്രി കാണണം.

[രമണിയമ്മ പോകുന്നു]

രമ—(പുഞ്ചിരിയിട്ടുകൊണ്ടു്) ഇതുനിമിത്തം അവരുടെ വരവിൻെറ ഒരു വമ്പിച്ചഭാഗം നഷ്ടപ്പെട്ടുപോയന്നായിരിക്കാം പാവം ഭയപ്പെടുന്നതു്!

—:കർട്ടൻ:—

## രംഗം 4

(രമ കന്യാകുമാരിയിൽ കടൽക്കരയിലുള്ള ഒരു മട്ടുപ്പാവിന്റെ വരാന്തയിൽ ചിന്താധീനയായി നിൽക്കുകയാണ്)

രമ—എനിക്കും ഹൃദയം തുറന്നു സ്നേഹിക്കുവാൻ ഒരു കാമുകനുണ്ട്. എനിക്കും ശാന്തസുന്ദരമായ ഒരു കുടുംബജീവിതം നയിക്കുവാൻ അർഹതയുണ്ട്. കന്യാകുമാരിയിൽ താമസിക്കുവാൻ തുടങ്ങിയിട്ട് ഇതാ, രണ്ടാഴ്ചകൾ കഴിയുന്നു. ഇത്രയും ദിവസം ഞാനനുഭവിച്ച പരമാനന്ദം എങ്ങനെ വർണ്ണിക്കാം? എന്റെ ഹൃദയം സംതൃപ്തമാക്കുവാൻ അദ്ദേഹം ബദ്ധപ്പെടുന്നു. വിവാഹനിശ്ചയം കഴിഞ്ഞിട്ടു ഇതുവരെ അദ്ദേഹം എന്നെ വിട്ടുപിരിഞ്ഞില്ല—ഇന്നാദ്യമായി തിരുവനന്തപുരം വരെ പോയിരിക്കുന്നു. ഒരേ ഒരു പകൽ സമയം മാത്രം നീണ്ടുനിൽക്കുന്ന വേർപാട്! എങ്കിലും അതു സഹിക്കുവാൻ എന്റെ ഹൃദയത്തിനു ശക്തിയില്ല...ഈശ്വരാ! ഇത്രയും മണിക്കൂറുകൾക്കകം ഏതേതെല്ലാം മനോവികാരങ്ങളാണ് എന്നെ ബാധിച്ചിട്ടുള്ളതു്? എത്രതന്നെ മായ്ക്കുവാൻ പരിശ്രമിച്ചിട്ടും ഒഴിയാബാധയായി എന്റെ ഹൃദയത്തെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്നതു്; അന്നു തമ്മിൽ പിരിയുമ്പോൾ രമണിയമ്മ പറഞ്ഞ ചില വാക്കുകളാണ്!—പറ

ഞെത്തു അൽപ്പമാണെങ്കിലും, വിചാരിക്കുമ്പോൾ എത്ര ഭയങ്കരമാകുന്നു! "യൗവനം" എന്നും നിലനില്ക്കുന്നതല്ല; ഭാഗ്യം എപ്പോഴും മനുഷ്യരെ അനുഗ്രഹിക്കുന്നില്ല. പരിതസ്ഥിതികൾ പലപ്പോഴും അനുകൂലമായിരിക്കുന്നില്ല. നീ ചവുട്ടിത്തള്ളുന്ന ഈ കാലം ഇനി നീ എത്ര തന്നെ പ്രാത്ഥിച്ചാലും മടങ്ങിവരുന്നതല്ല! ശക്തിയും ബുദ്ധിയുമുള്ള കാലം. നീ ജീവിതത്തിനു വേണ്ടതു കരുതിക്കൊള്ളുക. ഒടുവിൽ പശ്ചാത്താപത്തിനിടവരരുതു്. അത്രേയുള്ളു. ഇതൊക്കെ നല്ലപോലെ ആലോചിച്ചിട്ടു വേണം നീ ഓരോന്നിലും ഉൾപ്പെടുവാൻ. നിൻെറ പ്രേമം!—(അതിനെപ്പററിയൊന്നും അഭിപ്രായം പറയുവാൻ ഞങ്ങൾ ശക്തരല്ല!—അതു ശക്തിയായിത്തന്നെ ഇരിക്കട്ടെ) പക്ഷെ, നീ ഹൃദയപൂർവ്വം സ്നേഹിക്കുന്ന യുവാവിൻെറ കുടുംബം, നില, അന്തസ്സ് ഇവ എന്താണെന്നു നീ ഒന്നുകൂടി ആലോചിക്കുക, കാമത്തിൻെറ പ്രാഥമികവിഷമങ്ങൾ വിട്ടുമാറുമ്പോൾ, ചിലപ്പോൾ എന്തെങ്കിലും ഈ പ്രേമത്തിനു ശൈഥില്യം സംഭവിക്കുകയാണെങ്കിൽ, നീ എങ്ങനെ ജീവിക്കും? എങ്ങനെ ജീവിക്കും?"

[അല്പനേരം കൂടി മൗനമവലംബിക്കുന്നു]

ജീവിതം ആനന്ദമധുരമാണെന്നു അദ്ദേഹം എന്നെ പഠിപ്പിച്ചു. പക്ഷെ, ഇതു് എന്നും പരിപൂർണ്ണമായി അനുഭവിക്കുവാൻ സാദ്ധ്യമായില്ലെങ്കിൽ. വേണ്ട അന്നു ജീവിതവും അവസാനിപ്പിച്ചുകളയാം.

(ദൂരെനോക്കിയിട്ട്) അല്ല, അതാ, വന്നുകഴിഞ്ഞു!

(രവീന്ദ്രൻ വേഗം യാത്രചെയ്തുകൊണ്ട് ക്ഷീണത്തോടു കൂടി വന്നുകയറുന്നു. രമ അടുത്തോടിച്ചെല്ലുന്നു.)

രവി—(സന്തോഷപൂർവം) ഞാൻ അൽപ്പം താമസിച്ചുപോയതിൽ ക്ഷമിക്കുക. (ഇട്ടിരുന്ന കോട്ട് ഊരി അവളുടെ കൈയ്യിൽ കൊടുക്കുന്നു. അവൾ അതു വാങ്ങി കൈകളിൽ വച്ചുകൊണ്ട്) ഇല്ല അവിടുന്നു സമയത്തിനുതന്നെ വന്നു ചേന്നല്ലൊ. (കോട്ട്, അകത്തുകൊണ്ടുപോയിട്ടിട്ട് ഉടൻ മടങ്ങി വരുന്നു. രവീന്ദ്രൻ ഒരു കസേരയിൽ ഇരിക്കുന്നു)

രവി—രമേ, നീ ദുസ്സഹമായ ചില സാഹസങ്ങൾ പ്രവത്തിച്ചിരിക്കുന്നു!

രമ-(പുഞ്ചിരിയിട്ടുകൊണ്ട്) സാഹസങ്ങളോ?

രവി-അതെ, സാഹസങ്ങൾ!- വണ്ടിയും കുതിരയും വിലയ്ക്കു വിൽപ്പിച്ചു; അല്ലേ?

രമ-(അനുനയസ്വരത്തിൽ) അതുകൊണ്ടു മാസം നമുക്കു എത്ര രൂപാ ലാഭമായി എന്ന് ആലോചിക്കണം. എനിക്കു വണ്ടിയുടെആവശ്യമെന്താണ്?

രവി-ശരി, രമണിയമ്മയുടെ ആവശ്യമെന്നു പറഞ്ഞു ഇവിടെ നിന്നും കൊടുത്തയച്ച മുത്തുമാലയോ?

രമ-അതും വിററു!

രവി-വീട്?

രമ-വീടു വാടകയ്ക്കു കൊടുക്കാൻ ശട്ടംകെട്ടി.

രവി-ഇതെല്ലാം എന്തിനു വേണ്ടിയാണ്?

രമ—അനാവശ്യമായ ഇത്തരം ആർഭാടങ്ങൾക്കു വേണ്ടിയായിരുന്നു എൻെറ ധനത്തിൻെറ ഒരു വമ്പി

ച്ച വിഭാഗം ചോൎന്ന പോയിരുന്നതു്. ആഡംബരങ്ങൾ അൽപ്പമെങ്കിലും എന്റെ ഹൃദയത്തെ സംതൃപ്തിപ്പെടുത്തിയിരുന്നില്ല! യഥാൎത്ഥമായ ആനന്ദത്തിന്റെ സ്ഥിതി ഏതിലാണെന്നു അങ്ങു് എന്നെ പഠിപ്പിച്ചു. ഇതു മതി! ബാഹ്യമായ ആവശ്യങ്ങൾ സങ്കചിതമാകുന്തോറും ആത്മീകമായ സംതൃപ്തി വികാസംപ്രാപിക്കുമെന്നു് അങ്ങു തന്നെ എന്നോടു പറഞ്ഞിട്ടില്ലേ?

രവി—അതെ, പക്ഷെ, ഇതെല്ലാം നീ എന്നെ അറിയിച്ചിട്ടു് ചെയ്യാത്തതെന്തു്?

രമ—അറിയിച്ചാൽ അവിടുന്നു് സമ്മതിയ്ക്കുമായിരുന്നോ?

രവി—രമേ, നീ പ്രിയതരങ്ങളായി കരുതി സൂക്ഷിച്ചിരുന്ന യാതൊന്നിനും യാതൊരു കോട്ടവും തട്ടാതെ, പരിപാലിക്കണമെന്നായിരുന്നു എന്റെ ആശ. അതു് എന്റെ ആവശ്യമാണു്. നീ എനിയ്ക്കുവേണ്ടി ചെയ്തിട്ടുള്ള ത്യാഗം അത്രമേൽ അഗാധമാണു്!... നിന്റെ ഭൗതികമായ സകല മേന്മകളും നീ എനിയ്ക്കു വേണ്ടി ഉപേക്ഷിച്ചു. ഇപ്പോൾ വണ്ടി, കുതിര, മാല, തുടങ്ങിയ വസ്തുക്കളും വിററുകഴിഞ്ഞിരിയ്ക്കുന്നു. ഇനിയും നീ എനിയ്ക്കു വേണ്ടി ഒന്നും ഉപേക്ഷിയ്ക്കുവാൻ പാടില്ല: പകരം തരുവാൻ എനിയ്ക്കു യാതൊന്നുമില്ല.

രമ—പല ആവശ്യങ്ങൾക്കുമായി, ഞാൻ അനാവശ്യമായ കടമിടപാടുകൾ നടത്തിയിരുന്നു. അവ വീട്ടുവാൻ വേണ്ടിയാണു ഇതൊക്കെ ചെയ്തതു്.

ഇതു ഒരു വിധത്തിലും ത്യാഗമാകുന്നതല്ല. പ്രത്യുത എൻെറ ഹൃദയഭാരത്തെ ലഘൂകരിക്കുന്നതിനുവേണ്ടിയുള്ളതാണ്. ഞാൻ വരുത്തിവച്ചിട്ടുള്ള കടങ്ങൾ, ഞാൻ തീക്കുന്നതല്ലെ ശരി? എനിക്കു മററു വിധത്തിൽ വരവൊന്നുമില്ലല്ലൊ—മററുള്ള വിചാരങ്ങളെല്ലാം അസ്തമിച്ചപ്പോൾ, എൻെറ ഹൃദയത്തിൽ പ്രേമംമാത്രം ശേഷിച്ചു. നിർദ്ധനത, എന്നെ ഒരു യഥാൎത്ഥഭാര്യയായി രൂപാന്തരപ്പെടുത്തും—!

(രാമൻ ഒരെഴുത്തു കൊണ്ടുവന്നു കൊടുക്കുന്നു. രവി അതു പൊട്ടിച്ചുവായിച്ചിട്ടു രമയുടെ കയ്യിൽ കൊടുക്കുന്നു, വായിച്ചു നോക്കി രമ കത്തു മടക്കിക്കൊടുക്കുന്നു.)

രമ—ഇതു കാര്യസ്ഥൻെറ എഴുത്താണല്ലോ. അങ്ങു ഉടൻ അങ്ങോട്ടു ചെല്ലണമെന്നു ആവശ്യപ്പെട്ടിരിക്കുന്നു. അങ്ങു ഇപ്പോളാണല്ലോ തിരുവനന്തപുരത്തുനിന്നും വന്നതു്. എന്നിട്ടു്, അങ്ങോട്ടെങ്ങും പോയില്ലേ?

രവി—ഇല്ല. അച്ഛൻ വന്നിട്ടുണ്ടെന്നറിഞ്ഞതുകൊണ്ടു, ഞാൻ അങ്ങോട്ടെങ്ങും പോയില്ല.

രമ—കൊള്ളാം, അതെന്താണു പോകാത്തതു്?

രവി-തല്ക്കാലം തമ്മിൽ കാണേണ്ടെന്നുവെച്ചു. അദ്ദേഹം എന്നെ അന്വേഷിച്ചതിൽ കാണായ്കയാൽ വിവരം കാര്യസ്ഥനെ ധരിപ്പിച്ചു: അയാൾ എനിക്കു എഴുതിയയച്ചു. അത്രേയുള്ളു.

രമ—അദ്ദേഹം, അവിടെ കാത്തിരിക്കുന്നുണ്ടാവും!

രവി—ഇരിക്കട്ടെ.

രമ—രാവിലെ വീണ്ടും തിരുവനന്തപുരത്തു പോവുകയാണോ?

രവി—ഇല്ല.

രമ—ഇല്ലേ, എന്തുകൊണ്ടു്?

രവി—തല്ക്കാലം അച്ഛനെ കാണാതിരിക്കുകയാണു നല്ലതു്.

രമ—അദ്ദേഹം ക്ഷോഭിച്ചിരിക്കുകയാണോ?

രവി—ക്ഷോഭിക്കാൻ ഒന്നുമില്ലല്ലോ.

രമ—ഒന്നുമില്ലേ—? (അവളുടെ മുഖം മ്ലാനമാകുന്നു. അവൾ മൗനമവലംബിക്കുന്നു)

രവി—രമേ, ഇതിൽ ആൎക്കും ക്ഷോഭിക്കാൻ അവകാശമില്ല. നീ തെററിദ്ധരിക്കരുതു്.

രമ—ഈ വിവാഹനിശ്ചയം അദ്ദേഹം അറിഞ്ഞിരിക്കും.

രവി—ഇതു എന്റെ ആവശ്യമാണ്.

രമ—ഒരച്ഛന്, മകനോട്ട് ഇതിനെപ്പററി ചോദിക്കാൻ അവകാശമില്ലേ?

രവി—ഉണ്ടെങ്കിൽ— (അയാൾ അസഹ്യത നടിക്കുന്നു.)

രമ—(ദൃഢമായി) അവിടുന്നു പോകണം. കാണാതിരിക്കുന്നതു ശരിയല്ല.

രവി—(ഒന്നും പറയാതെ നിൽക്കുന്നു.)

രമ—അവിടുന്നു ചെന്നു കാണണം. അദ്ദേഹം കാത്തിരിക്കുന്നുണ്ടാവും. ഇല്ലെങ്കിൽ തടസ്സക്കാരി ഞാനാണെന്ന് അദ്ദേഹം ധരിക്കും. എനിക്കു വേണ്ടിയെങ്കിലും അവിടുന്നു പോകണം. തമ്മിൽ കാണുമ്പോൾ മാത്രമേ തെററിദ്ധാരണകൾ നീങ്ങുകയുള്ളൂ. മറഞ്ഞുനിന്നുകൊണ്ടു് അവിടുന്നു പിതൃഹൃദയത്തെ വേദനപ്പെടുത്തരുതു്.

—:കർട്ടൻ:—

# രംഗം 5

[രാമക്കുറുപ്പ്, തിരുവനന്തപുരത്തുള്ള സ്വവസതിയിൽ ഒരു മുറിയിലിരുന്നു ചില കണക്കുകൾ പരിശോധിക്കുന്നു. രവി മുറിയിൽ പ്രവേശിക്കുന്നതു കണ്ടിട്ടും, കണ്ടതായി നടിക്കാതെ, അദ്ദേഹം ഗംഭീരഭാവത്തിൽ ആ പരിശ്രമത്തിൽത്തന്നെ ഏർപ്പെടുന്നു. രവി ഒന്നു ചുമച്ചു, തൻെറ ആഗമനം ധരിപ്പിച്ചു. കുറുപ്പ് പതുക്കെ മുഖം ഉയർത്തിനോക്കിയിട്ടു വീണ്ടും കണക്കിൽ കണ്ണോടിക്കുന്നു.]

രാമക്കുറുപ്പ്—നീ എവിടെയായിരുന്നു? ഞാൻ തിരുവനന്തപുരത്തു വന്നിട്ടു രണ്ടു ദിവസമായല്ലോ.

രവി—ഞാൻ കന്യാകുമാരിയിലായിരുന്നു. അച്ഛൻ വരുന്നവിവരം ഞാൻ അറിഞ്ഞിരുന്നില്ല.

(കണക്കുകൾ മാററിവച്ചിട്ട് അദ്ദേഹം നിവർന്നിരുന്നുകൊണ്ടു സംഭാഷണം തുടങ്ങി.)

രാ: കു—നീ ഈ വീടും പറമ്പും പ്രമാണം ചെയ്യാൻ ആലോചിക്കുന്നുണ്ടോ?

രവി—തീർച്ചപ്പെടുത്തിയില്ല!

രാ: കു–എന്തിന്?

രവി–(മൗനം)

രാ: കു–എന്തിനു വേണ്ടിയെന്നു പറയൂ; പണത്തിന് ആവശ്യപ്പെട്ടിട്ടാണോ?

രവി—അല്ല.

രാ: കു–പിന്നെയെന്തിന്?...വല്ലവൎക്കും വെറുതേ കൊടുക്കുവാൻ ഭാവിക്കുകയാണോ?

രവി–അങ്ങനെയൊന്നും തീച്ചപ്പെടുത്തിയില്ല.

രാ: കു–എങ്ങനെയൊന്നും?

രവി—അച്ഛാ, എൻെറ എത്രയും പ്രിയപ്പെട്ട ഒരാളിൻെറ പേക്ക്, ഇത്രയും എൻെറ പാരിതോഷികമായിരിക്കട്ടെ, എന്നു വിചാരിച്ചു.

രാ: കു—ഹോ, അതാരാണ് നിൻെറ ഈ പ്രിയപ്പെട്ട ആൾ?

രവി—(മൗനം)

രാ: കു—പറയൂ; നിനക്കും അയാൾക്കും തമ്മിലുള്ള ബന്ധം?

രവി—(മൗനം)

രാ: കു—എന്താണ് ഒന്നും മിണ്ടാത്തതു്?

രവി—(ശ്രമപ്പെട്ടു ധൈര്യമവലംബിച്ചുകൊണ്ടു്) അച്ഛാ, ഞാനൊരു വിവാഹം ചെയ്യാൻ തീച്ച്പ്പെടുത്തിയിരിക്കുന്നു.

രാ: കു—തീർച്ചപ്പെടുത്തിയോ?

രവി—അതെ.

രാ: കു—അതു് എന്നോടു പറയാത്തതെന്താണ്? നമ്മുടെ നിലയ്ക്കും, കുലത്തിനും, അന്തസ്സിനും യോജിച്ച രീതിയിൽത്തന്നെയാണല്ലോ ഈ തിരഞ്ഞെടുപ്പു്?

രവി—(മൌനം)

രാ: കു—ഏതാണു കുട്ടി?

രവി—അച്ഛാ, ഹൃദയവതിയും സാധുവുമായ ഒരു പെൺകുട്ടി; "രമ" എന്നാണു പേരു്.

രാ: കു—രമയോ? ഏതു രമ, ഏതു കുടുംബം, എന്തു സമ്പത്തു്?

രവി—അതൊന്നുമല്ല എന്നെ ആകർഷിച്ചതു്?

രാ: കു—പിന്നെ—?

രവി—അവളുടെ ഹൃദയം...

രാ: കു—ഹൃദയമോ? കുടുംബമേതാണെന്നു പറയൂ; ഞാൻ നിശ്ചയിക്കാം.

രവി—കുടുംബമൊന്നുമില്ല.

രാ: കു—(ആശ്ചര്യത്തോടുകൂടി) പിന്നെ!—

രവി—ഒരു പാവപ്പെട്ട "നത്തകി!"

[രാമക്കുറുപ്പിൻെറ മുഖഭാവം ആകപ്പാടെ മാറുന്നു. നൈരാശ്യവും കോപവും ഹൃദയത്തിൽ തിരയടിച്ചുതുടങ്ങി. അദ്ദേഹം എണീററു് അങ്ങോട്ടുമിങ്ങോട്ടും നടന്നു.]

രാ-കു—ഉം, ഒരു നത്തകി!

രവി—അച്ഛാ; അവഠം സാധുവും, സംസ്കാരസമ്പന്നയുമാണു്. അവളുടെഹൃദയം, നിമ്മലവും സ്നേഹപൂണ്ണവുമാണു്: അവളെ ഞാൻ സ്നേഹിച്ചു. നത്തകി എന്ന പേരു യഥാത്ഥത്തിൽ ആളുകഠം പുഛരസത്തോടുകൂടിയാണു് ഉച്ചരിക്കാറുള്ളതെങ്കിലും, അവളുടെ ജീവിതത്തിൽ കടന്നുചിന്തിക്കുന്ന ആളുകഠംക്കു മാത്രമേ വാസ്തവം അറിഞ്ഞുകൂടു.

[രണ്ടുപേരും അല്പനേരം ഒന്നും മിണ്ടുന്നില്ല. കോപം ശ്രമപ്പെട്ടു ഉപസംഹരിക്കുന്നതിൻെറ ഭാവം കുറുപ്പിൻെറ മുഖത്തു തെളിയുന്നു.]

രാ: കു—നീ തീർച്ചപ്പെടുത്തിയോ?

രവി—അതെ.

രാ: കു--(കൈകഠം പുറകിൽ കെട്ടിക്കൊണ്ടു വീണ്ടും നടക്കുന്നു. പെട്ടെന്നു തിരിഞ്ഞു നോക്കിയിട്ടു്) നീ തീച്ച്പ്പെടുത്തി-ഒരു നത്തകിയെ-അതിലും രമയെ വിവാഹം കഴിക്കുവാൻ നീ തീച്ച്പ്പെടുത്തി!

ഇതുവരെ, ആശിച്ചതൊക്കെ തന്നു രക്ഷിച്ച സ്വന്തം പിതാവിൻെറയും, സ്വന്തം കുടുംബത്തിൻെറയും അഭിപ്രായമറിയാതെ നീ തീർച്ചപ്പെടുത്തി! ഈ വീടും പറമ്പുംകൂടി അവൾക്കാണു തീറെഴുതാൻ തീർച്ചപ്പെടുത്തിയതു്, അല്ലേ?

രവി—അച്ഛാ, വാസ്തവമറിയാത്ത ലോകത്തിൻെറ അഭിപ്രായംപോലെ അവിടുന്നും അവളെ പതിതയായിക്കരുതരുതു്. അവൾത്യാഗസമ്പന്നയാണു്!

രാ: കു- ഒരു നൎത്തകി!- അവളുടെ ത്യാഗം!!- എനിക്കു കേൾക്കേണ്ടാ-

രവി- ഈ ബന്ധം അവൾ ആശിച്ചതേയല്ല. എൻെറ നിർബ്ബന്ധപ്രകാരമാണു്, അവൾ എൻെറ അപേക്ഷയെ സ്വീകരിച്ചതു്. അതു മുതൽ, അവളുടെ ജീവിതം ഏററവും ശാന്തവും മോഹനവുമായ ഒരു മാൎഗ്ഗത്തിലേയ്ക്കു തിരിഞ്ഞിരിക്കുന്നു. അവൾ അവളുടെ സകല സുഖസൗകര്യങ്ങളും, ആഡംബരങ്ങളും, എനിക്കുവേണ്ടി ഉപേക്ഷിച്ചിരിക്കുന്നു. അതു കണ്ടതുകൊണ്ടാണു്, ഞാൻ അവളുടെ പേൎക്കു ഇങ്ങനെയൊരു പ്രമാണം ചെയ്തു വെയ്ക്കാൻ തീർച്ചപ്പെടുത്തിയതു്. ഇതു്, അവൾ അറിഞ്ഞിട്ടില്ല. അറിഞ്ഞാൽ സമ്മതിക്കയുമില്ല.

രാ: കു—ഉം, അങ്ങിനെ വല്ലവൎക്കും എഴുതിക്കൊടുക്കാൻ നിനക്കെന്തവകാശം?

രവി- അച്ഛൻ എൻെറ സ്വന്തം ആവശ്യത്തിലേയ്ക്കു വേണ്ടി തന്നതല്ലേ? ഇഷ്ടംപോലെ എന്തുവേണമെങ്കിലും ചെയ്യുന്നതിനു് എനിക്കു അനുവാദവും തന്നിട്ടുണ്ടല്ലോ.

രാ: കു—നീ എൻെറ മകനായതുകൊണ്ടു്, നിൻെറ സ്വന്തം ആവശ്യങ്ങൾക്കു വേണ്ടി മാത്രം എഴുതിത്തന്നതാണു്. ഇതെല്ലാം എൻെറ സ്വന്തം സമ്പാദ്യമാണെന്നു നിനക്കറിയാമല്ലോ. ഞാൻ പാടുപെട്ടുസമ്പാദിച്ച ധനം! അതിനെ, വല്ല തെമ്മാടികൾക്കും വേണ്ടി എഴുതിവെയ്ക്കുവാൻ നിനക്കവകാശം തന്നിട്ടില്ല--മനസ്സിലായോ.....?

രവി—മനസ്സിലായി!

രാ: കു—ശരി! ഇനിയും ഒന്നുകൂടി നീ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ആശപോലെ പ്രവത്തിക്കുന്നതിനു നിനക്കു സ്വാതന്ത്ര്യമുണ്ടു്, ശരിതന്നെ! പക്ഷേ നീ ഉൾപ്പെട്ട ഒരു കുടുംബത്തിൻെറ മാനധനാദികൾക്കുംകൂടി നീ അവകാശിയാണു്! അതിൻെറ അഭിമാനം ഇന്നും ഇന്നലെയും ഉണ്ടായതല്ല. അതിനെ നശിപ്പിക്കുന്നതിനു നിനക്കു് അവകാശവുമില്ല. അതുകൊണ്ടു്,അതിൽ ബന്ധപ്പെട്ടിരിക്കുന്നിടത്തോളംകാലം നീ അതിൻെറ നിയമങ്ങൾക്കു വിധേയനായിരിക്കണം. അല്ലെങ്കിൽ, അതിനോടുള്ള സകലബന്ധങ്ങളും ഉപേക്ഷിച്ചു ഉടൻ പുറത്തുപൊയ്ക്കൊള്ളണം!

രവി—(ധൈര്യമായി) അച്ഛാ, എനിക്കു എല്ലാം മനസ്സിലായി—ഇതും ഇതിൽകൂടുതലും ഞാൻ പ്രതീക്ഷിച്ചിരുന്നതുതന്നെ!

[വീണ്ടും രണ്ടുപേരും മൌനം]

രാ: കു—(കസേരയിൽ ചെന്നു്, വളരെ നേരം മിണ്ടാതിരുന്നിട്ടു്) രവീ, ഇതു ഞാൻ ആശിച്ചിരുന്നത

ല്ല. കുടുംബത്തിന്ന് ഒരു താങ്ങായിട്ട് വരുമെന്ന ല്ലാതെ നീ അതിൻെറ കണ്ടുകോടാലിയായിട്ട് വരുമെന്നു ഞാൻ ഒരിക്കലും ആശിച്ചിരുന്നതല്ല! ഏതായാലും ഒരു പിതാവെന്ന നിലയ്ക്കു എനിക്കു നിന്നോടു ചിലതെല്ലാം പറയേണ്ടിയിരിക്കുന്നു. നിനക്കു കേൾക്കാൻ ഇഷ്ടമുണ്ടെങ്കിലും, ഇല്ലെങ്കിലും ഞാൻ അതു പറയും.

രവി—അച്ഛാ, എന്നോടു ഇങ്ങനെയൊന്നും പറയരുതു്. അച്ഛൻെറ ഏതഭിപ്രായവും അനുസരിക്കാൻ ഞാൻ കടമപ്പെട്ടവനാണ്.

രാ: കു—ശരി, അങ്ങനെയൊരു കടമയുണ്ടെന്നു നിനക്ക് അറിയാമല്ലോ?

രവി—അച്ഛാ.........

രാ: കു:—നീ ഈ അസംബന്ധബന്ധങ്ങളിൽനിന്നും ഉടൻ പിൻതിരിയണം. നീ ഉടൻ എന്നോടൊത്തു പോരണം. നിനക്കൊരു കുടുംബമുണ്ടു്; കുലമുണ്ടു്; അന്തസ്സുണ്ടു്. നിന്നാൽ അഭിവൃദ്ധിപ്പെടേണ്ടതാണ് അവയൊക്കെ ഏതോ ചില വിഭ്രമങ്ങൾക്കു വിധേയനായി നീ അവയെ വിഗണിക്കരുതു്. നിനക്കു നല്ല രീതിയിലുള്ള ഒരു വിവാഹത്തിനു വേണ്ട സകല സംരംഭങ്ങളും ഞാൻ പൂർത്തിയാക്കി വച്ചിട്ടുണ്ടു്.

രവി—അച്ഛാ ഈ ഒരു കാര്യത്തിൽ മാത്രം അവിടുന്ന് എനിക്കു സ്വാതന്ത്ര്യം അനുവദിക്കണം.

രാ: കു:—(അസഹ്യമായി) അതെ; ഈ ഒരു കാര്യത്തിൽ മാത്രമേ നിനക്കു സ്വാതന്ത്ര്യം അനുവദിക്കാൻ പാടില്ലാതെയുള്ളു—

രവി—അച്ഛാ,.....

രാ: ക—രവീ, നിന്നിൽനിന്നും വളരെയൊക്കെ അഭ്യുദയം ആശിക്കുന്നവനാണു ഞാൻ. നീ നശിച്ചുപോകുന്നതു കാണുവാൻ എന്റെ കണ്ണുകൾക്കു കരുത്തില്ല. ഒരു നൎത്തകിയെ വിവാഹം കഴിക്കുകയെന്നതു നീ നിന്റെ കുടുംബത്തോടു ചെയ്യുന്ന ഒരു മഹാപരാധമാണു്. അതു ഒരിക്കലും പാടില്ല. അവൾ അത്രയ്ക്കു് അപഹാസ്യയാണു്. അവൾ അത്രയ്ക്കു പരിത്യാജ്യയാണു്!

രവി—രമ, സാധാരണരീതിയിലുള്ള ഒരു നൎത്തകിയല്ല. കുലകന്യകമാരെക്കാളും, ആത്മതേജസ്സും അഭിമാനവും അവൾക്കുണ്ടു്. ഞാനായിട്ടാണു് അവളെ സ്വീകരിച്ചതു്. അവളും ഞാനും പ്രേമബന്ധത്തിൽ അലിഞ്ഞുചേൎന്നു. ഇനിയും ഞങ്ങളെ പിരിച്ചു മാററുവാൻ ലോകത്തിലെ ഒരുശക്തിക്കും സാദ്ധ്യമല്ല!

രാ: ക:—(പുഛഭാവത്തിൽ ചിരിച്ചുകൊണ്ടു്) ഒരു നൎത്തകിയുടെ പ്രേമം!—

രവി—പ്രേമത്തിന്റെ മാധുൎയ്യവും ശക്തിയും അവളിൽ നിന്നാണു ഞാൻ പഠിച്ചതു്!

രാ: ക:—അതു തനിപ്പൊന്നായിരിക്കയില്ല. നീ മാത്രമായിരിക്കയില്ല, അവളുടെ കാമുകൻ!

രവി—അവളുടെ പ്രേമം പരിശുദ്ധമാണെന്നു് എനിക്കു ബോദ്ധ്യമായിട്ടുണ്ടു്. അവളുടെ കഴിഞ്ഞ ജീവിതകാലം കരിപിടിച്ചതായിരുന്നു എന്നു എനിക്കറിയാം. യാതൊന്നും മറച്ചുവെയ്ക്കാതെ,

അവൾ എല്ലാം എന്നോടു തുറന്നു പറഞ്ഞു. ആ പരമാൎത്ഥകഥനമാണു് എന്നെ കൂടുതൽ അവളുടെ ജീവിതത്തോടടുപ്പിച്ചതു്. അവൾ എൻെറ വിരോധം സമ്പാദിക്കുവാൻ ശ്രമിച്ചു.

രാ: കു—അപ്പോൾ—?

രവി—ലോകം പരിഹസിക്കുന്ന അവളുടെ കഴിഞ്ഞ കാലങ്ങളുടെ യഥാൎത്ഥചിത്രം കണ്ടറിയുവാനിടവന്നപ്പോൾ എനിക്കവളിൽ അനുകമ്പ തോന്നി. അവളെ ഉദ്ധരിക്കേണ്ടതു് എൻെറ കൎത്തവ്യമാണെന്നു് എനിക്കു മനസ്സിലായി!

[വീണ്ടും ഗംഭീരമായ മൗനം]

രാ: കു—ശരിയായ ആദർശം, ഒന്നിനെ നശിപ്പിച്ചിട്ടു വേണമോ വേറൊന്നിനെ നന്നാക്കാൻ?

രവി—അതെന്തു്?

രാ: കു—നിനക്കൊരു സഹോദരിയില്ലേ, സരള?

രവി—ഉണ്ടു്, എൻെറ പ്രിയപ്പെട്ട അനുജത്തി!

രാ: കു—നിൻെറ പ്രിയപ്പെട്ട അനുജത്തി?

രവി—അതെ, അച്ഛാ.

രാ: കു—അവളുടെ ആശയും നിന്നിലാണെന്നു് നിനക്കറിയാമോ?—അവളുടെ ജീവിതം നിൻെറ അഌദയത്തിൽ അടിയുറച്ചിരിക്കുകയാണു്. ഒരു ദുശ്ചരിതയെ സുചരിതയാക്കുന്ന പരിശ്രമത്തിൽ, സുചരിതയായ ഒരു സാധു പെൺകിടാവിനെ അന്യായമായി നശിപ്പിക്കുന്ന കാൎയ്യം മറന്നുപോകരുതു്!

രവി—അതെങ്ങനെ?

രാ: കു—എങ്ങനെയെന്നോ!—അതു നിനിക്കറിവില്ലേ?

[library stamp]

രവി—അച്ഛാ.

രാ: കു—അതേ; നീ എങ്ങനെയറിയും? പാവം സരള! അവഠം നിന്നിൽ സകല ആശകളും നിക്ഷേപിച്ചിരിക്കുന്നു! നീയാണെങ്കിൽ അവളുടെ ജീവിതസൗഭാഗ്യത്തെ പുറംകാലുകൊണ്ടു ചവിട്ടിഞെരിച്ചു കളയുന്നു!

രവി—ഒരിക്കലുമില്ല!--ഒരിക്കലുമില്ല! ഞാൻ എന്റെ പ്രിയപ്പെട്ട അനുജത്തിയെ ഒരിക്കലും കരയിക്കയില്ല!

രാ: കു—ഇല്ലേ?—ഇല്ല?—എന്റെ മുഖത്ത് നോക്കി പറയൂ-നീ ഇങ്ങനെ നികൃഷ്ടയായ- നിന്ദ്യയായ—ഒരു കുലഹീനയുമായിക്കഴിയുമ്പോഠം ഒരു യോഗ്യനായ ഭത്താവ് അവഠംക്ക് എങ്ങനെ വന്നുചേരും.

രവി:—രമ, നിന്ദ്യയോ, നികൃഷ്ടയോ അല്ല.

രാ: കു:—അല്ലെന്നു നീ പറഞ്ഞാൽ പോരാ.

രവി:—പിന്നെ ആരു പറയണം?

രാ: കു—ലോകം പറയണം.

രവി:—ലോകം! നല്ലതു കാണുവാൻ അതിനു കണ്ണില്ല. രമ, അതിനു കാഴ്ച വച്ചിട്ടുള്ള കലാസൗഭഗങ്ങഠം അമൂല്യങ്ങളാണെങ്കിലും, അവയൊന്നും ഓമ്മിക്കുവാൻ അതിനു നന്ദിയില്ല.

രാ: കു—പക്ഷേ, നിന്റെ സഹോദരിയുടെ ജീവിതത്തിനു ലോകത്തെ ഭയപ്പെടണം.

രവി—അച്ഛാ,—

രാ: കു—പാവപ്പെട്ട നിന്റെ സഹോദരി...

രവി—അയ്യോ, യാതൊരു സമാധാനവും എനിക്കു

പറയുവാനില്ല! രമയെ ഉപേക്ഷിക്കുന്ന കാര്യം മാത്രം എന്നോടു പറയരുത്!

രാ: കു—തീർച്ചയാണോ...?

രവി - അതെ.

(രാമക്കുറുപ്പ് അസഹ്യമായ നൈരാശ്യം പ്രകടിപ്പിക്കുന്നു. അല്പനേരം ചിന്താധീനനാകുന്നു. എന്തോ നിശ്ചയിച്ചുറപ്പിച്ചു കൊണ്ടു് അദ്ദേഹം വീണ്ടും സംഭാഷണം തുടങ്ങി.)

രാ: കു—ശരി! എനിക്കു നിന്നോട്ട് ഇനിയും ചില തൊക്കെ പറയുവാനുണ്ടു്. എങ്ങും പൊയ്ക്കളയരുത്. നാളെ രാവിലെ ഇവിടെ വരണം, കേട്ടോ—? മറന്നു പോകരുത്.

രവി—ഇല്ല.

രാ: കു—എനിക്കു നാളെത്തന്നെ വടക്കോട്ടു പോകണം. ഇപ്പോൾ അടിയന്തിരമായി എനിക്കു ചില കണക്കുകൾ നോക്കേണ്ടതുണ്ടു്. നീ പൊയ്ക്കോ—(രവി പോകുന്നു. പോയ ഉടൻ കുറുപ്പ് കാര്യസ്ഥനെ വിളിക്കുന്നു. കാര്യസ്ഥനോടു അദ്ദേഹം രഹസ്യമായി പറയുന്നു.)

രാ: കു - ഇങ്ങനെയാണെങ്കിൽ കാര്യം വല്ലാത്ത കുഴപ്പംതന്നെ! നിങ്ങൾ, നേരത്തേ എന്നെ അറിയിക്കേണ്ടിയിരുന്നു. ഏതായാലും ഇന്നു അവനെ അങ്ങോട്ടെങ്ങും അയയ്ക്കരുത്. ഞാൻ അവിടം വരെ ഒന്നു പോയിട്ടു വന്നേയ്ക്കാം. അവൻ അറിയരുത്. അവൻ പറഞ്ഞതിൽനിന്നും അവൾ നല്ല കൂട്ടത്തിലാണെന്നു തോന്നുന്നു!

—:കർട്ടൻ:—

## രംഗം 6

(രമ, മുറിയിൽ രവിയുടെ വരവും കാത്തു ചിന്താധീനയായി സ്ഥിതിചെയ്യുന്നു. വാതുക്കൽ കാലടി ഒച്ചകേട്ട് അവരം ആഹ്ലാദപൂർവ്വം ഓടി എത്തി വാതിൽ തുറന്നു. എന്നാൽ പെട്ടെന്നു മുമ്പിൽ കണ്ടതു് ഗംഭീരാകൃതിയും, അപരിചിതനുമായ രവിയുടെ പിതാവിനെയായിരുന്നു. അവരം പെട്ടെന്നു ആദരപൂർവം മാറി നിന്നു. അദ്ദേഹംപതുക്കെ അകത്തു കടന്നുവന്നു് ഒരു കസേരയിൽ ഉപവിഷ്ടനായി. വികാരവിഹ്വലവും ലജ്ജിതവുമായ മുഖഭാവത്തോടുകൂടി, വാതുക്കൽ നതമൗലിയായി നിലകൊള്ളുന്ന രമയെ ആപാദചൂഡം നോക്കിക്കൊണ്ടു് ഘനസ്വരത്തിൽ അദ്ദേഹം സംഭാഷണം തുടങ്ങി.)

രാ: കു—ഞാൻ ആരാണെന്നു നിനക്കു മനസ്സിലായില്ല, ഇല്ലേ?

രമ—ഇല്ല.

രാ: കു—രവിയുടെ പിതാവ്; രാമക്കുറുപ്പ്.

രമ—(ഭയത്തോടും വിനയത്തോടും അദ്ദേഹത്തിൻെറ മുഖത്തൊന്നു നോക്കിയിട്ടു ദൃഷ്ടികരം നിലത്തു പതിപ്പിച്ചു പതുക്കെ പറഞ്ഞു:) അദ്ദേഹം അവിടുന്നു തിരുവനന്തപുരത്തു വന്നിട്ടുള്ള വിവരം അറിഞ്ഞു, അങ്ങോട്ടു പോന്നിരിക്കയാണു്!

രാ: കു—(ഗംഭീരസ്വരത്തിൽ) കണ്ടു!

[രമയുടെ ഹൃദയം ദ്രുതതരം തുടിച്ചുതുടങ്ങി]

രാ: കു—അവൻ അവിടെ നില്ക്കുകയാണു്; ഞാൻ ഇങ്ങോട്ടുപോന്നു. നാം തമ്മിലുണ്ടാകുന്ന ഇ

സംഭാഷണം അവൻ കേൾക്കാൻ പാടില്ലെന്നു ഞാൻ നിശ്ചയിച്ചു; അതല്ലേ, ശരി?

(രമ മൌനമായിട്ടുതന്നെ നില്ക്കുന്നു.)

രാ: കു—രമേ, ഞാൻ പറയുന്നതു നീ ശ്രദ്ധയോടുകൂടി കേൾക്കണം. രവിയെപ്പററിയുള്ള ചില പരമാൎത്ഥങ്ങളാണവ. അവയെ ഗ്രഹിക്കുന്നതു് നിനക്കു ഉപകാരപ്രദമാണു്. എല്ലാം നല്ലതുപോലെ ശ്രദ്ധിച്ചുകേട്ടിട്ടു വേണ്ടതെന്താണെന്നു നതന്നെ നിശ്ചയിച്ചു കൊള്ളുക!

രമ—അതിനു പററിയ സന്ദർഭം ഇതല്ല! അദ്ദേഹം കൂടിയുണ്ടായിരിക്കുന്നതാണു നല്ലതു്.

രാ: കു—(അല്പംകൂടി ഗൌരവത്തിൽ) അവനോ? അവൻ കേൾക്കേണ്ടകാൎയ്യമൊന്നുമല്ല പറയാൻപോകുന്നതു്; നീ മാത്രം കേൾക്കേണ്ടവയാണു്. എന്തു പറഞ്ഞാലും മനസ്സിലാക്കുന്നതിനു് അവനുണ്ടായിരുന്ന തലച്ചോറെല്ലാം നശിച്ചുപോയി...... പോട്ടെ, നിന്നോടു അതെല്ലാം പറയേണ്ട ആവശ്യമില്ല:—അവൻ നിന്നെ വിവാഹം കഴിക്കാമെന്നു വാഗ്ദത്തം ചെയ്തിരിക്കയാണു്, അല്ലേ?

രമ—അദ്ദേഹംകൂടി ഇല്ലാതിരിക്കുമ്പോൾ ഇതിനെപ്പററി അവിടുന്നു് ഒന്നും പറയാതിരിക്കുന്നതാണു നല്ലതു്!

രാ: കു—(കോപഭാവത്തിൽ) എന്തുകൊണ്ടു പറഞ്ഞുകൂടാ? ഞാൻ അവൻെറ അച്ഛനാണു്; അവനുണ്ടാകുന്ന സുഖവും ദുഃഖവും എന്നെയും ബാധിക്കുന്നതാണു്; അവൻെറ പുരോഗതിക്കു തടസ്സ

മായിനില്ക്കുന്നവയെ തട്ടിത്തകൎക്കേണ്ടതു് എ
ൻെറ ചുമതലയാണെന്നു നിനക്കറിഞ്ഞുകൂടാ?
സ്വന്തം കുഞ്ഞുങ്ങൾ വഴിപിഴച്ചുപോകുന്നതു ക
ണ്ടാൽ ഒരച്ഛനും സഹിക്കയില്ല!

രമ—എന്താണിതിൽ വഴി പിഴച്ചതു്?

രാ: കു—എന്താണു വഴി പിഴയ്ക്കാത്തതു്? നിൻെറ വ
ശീകരണതന്ത്രങ്ങളിൽ കുടുങ്ങി, അവൻെറ ജീവി
തം നിത്യദുഃഖത്തിൽ താണുപോകുന്നു; അവ
ൻെറ കുടുംബത്തിൻെറ അഭിമാനം തകൎന്നുപോ
കുന്നു; അവൻെറ അച്ഛനായ ഞാൻ അതു നോ
ക്കിക്കൊണ്ടു നില്ക്കുന്നു! ഇതു സാദ്ധ്യമല്ല! രമേ, ഇ
തു സാദ്ധ്യമല്ല! നീ ഈ മോഹം വെടിഞ്ഞിട്ടു ഞാ
ൻ പറയുന്നതുപോലെ ചെയ്യുക!

രമ—എന്നോടു് ഇതൊന്നും പറഞ്ഞിട്ടാവശ്യമില്ല!

രാ: കു—പിന്നെ, ആരോടു പറയണം? പാവപ്പെട്ട
ഒരു ചെറുപ്പക്കാരനെ അന്യായമായി അധഃപത
നത്തിലേയ്ക്കു തള്ളിവിടുന്ന—ലോകത്തിൻെറ ക
പടതന്ത്രങ്ങളിൽ അനുഭവജ്ഞാനം നേടിയിട്ടു
ള്ള—നിന്നോടല്ലാതെ പിന്നെ ആരോടു പറ
യണം?...നീ അവനെ ഉപേക്ഷിക്കണം; അ
ല്ലെങ്കിൽ!......

രമ—അല്ലെങ്കിൽ...?

രാ: കു—നിന്നെ വെറുതെ വിടുകയില്ല; നീ ഇതിനൊ
ക്കെ സമാധാനം പറയേണ്ടിവരും!

രമ—ആരോടു്?

രാ: കു—ചോദിക്കാൻ അധികാരപ്പെട്ടവരോടു്—

രമ—അങ്ങ് എന്നെ ഭയപ്പെടുത്തിയിട്ട യാതൊരാവശ്യവുമില്ല. ഞാൻ ഇതുകൊണ്ടൊന്നും ഭയപ്പെടുകയുമില്ല. രവിയുടെ പിതാവെന്നനിലയിൽ അവിടുത്തെ ബഹുമാനപൂർവ്വം പൂജിക്കുന്നതിനു ഞാൻ കടമപ്പെട്ടവളാണ്. അതിൽക്കവിഞ്ഞു നമ്മക്കു തമ്മിൽ യാതൊരു ബന്ധവുമില്ല!

രാ: കു—ഒരു നർത്തകിക്ക് ഇത്ര അഹങ്കാരം പാടില്ല!—

രമ—അവൾക്കും ലോകത്തു ജീവിക്കാൻ അവകാശമില്ലാതില്ല.

രാ: കു—അതുകൊണ്ട്—

രമ അതുകൊണ്ട്?

രാ: കു—രമേ, നമുക്കു തമ്മിൽ ഇവിടെവച്ചു വഴക്കു പിടിക്കേണ്ട യാതൊരാവശ്യവുമില്ല. അവനു നിന്നെ വിവാഹം കഴിക്കുവാൻ സാധിക്കുകയില്ല.

രമ—വേണ്ട.

രാ: കു—നീ അവനെ ഉപേക്ഷിക്കുമോ?

രമ—അതിനു ഞാനല്ലല്ലോ സ്വീകരിച്ചതു്.

രാ: കു—അവന്, നിനക്കു കൊണ്ടുവന്നു തരാൻ ഒരു പൈസപോലും ഞാൻ കൊടുക്കുകയില്ല

രമ—ഞാൻ അതു ആവശ്യപ്പെട്ടിട്ടുമില്ല.

രാ: കു—പിന്നെ നിങ്ങൾ എങ്ങനെ ജീവിക്കും?

രമ—അതു രണ്ടാമതു ആലോചിക്കേണ്ടതാണ്.

രാ: കു—അല്ല! അതാണ് ആദ്യമായി നിന്നിൽനിന്നും അറിയേണ്ടതു്; നീ അവന്റെ ധനത്തിനെ അല്ലെങ്കിൽ, മറെറന്തിനെയാണ് ഇച്ഛിക്കുന്നതു്? നിന്റെ നിർബന്ധംകൊണ്ടല്ലെങ്കിൽ, ഞാൻ

അവൻെറ സ്വന്തം ആവശ്യത്തിനു വേണ്ടി എഴുതിക്കൊടുത്തിരുന്ന വീടും പറമ്പും നിൻെറ പേക്ക് എഴുതാൻ അവൻ നിശ്ചയിക്കുമോ?

രമ- ഇതൊന്നും ഞാൻ അറിഞ്ഞിട്ടല്ല; എനിക്കു ഇതിൻെറയൊന്നും ആവശ്യവുമില്ല.

രാ: കു- രമേ, ഞാൻ പറയുന്നതു കേൾക്കുക; യാതൊരു ആദായവും, വിവേകവുമില്ലാത്ത അവൻെറ വാക്കുകൾ കേട്ടു നീ മയങ്ങരുതു്. നീ ഒരു ബുദ്ധിയുള്ളവളാണ്. നിങ്ങൾ തമ്മിലുള്ള ദാമ്പത്യം ഒരിക്കലും യോജിക്കുകയില്ലെന്ന് നിനക്കുതന്നെ ആലോചിച്ചാൽ അറിയാവുന്നതാണ്. അവൻ നിന്നെ വിട്ടുമാറും; അല്ലെങ്കിൽ വിട്ടുമാറണം, നീയുമായുള്ള സാഹചര്യം അവൻെറ ജീവിതത്തെ നശിപ്പിക്കും. അവനിൽനിന്നും ആശിക്കാവുന്ന സകല ശ്രേഷ്ഠതകളെയും തകർക്കുന്നതിന് ഈയൊരു ബന്ധവുംമതിയാകും. ഇനിമേൽ അവനു ലോകത്തു മാന്യമായ യാതൊരു സ്ഥാനവും ഉണ്ടായിരിക്കയില്ല. നിൻെറ കാര്യവും അതുപോലെതന്നെ. നീ അവനുവേണ്ടി സർവ്വസ്വവും ഉപേക്ഷിച്ചു. അല്പംകൂടി കഴിയുമ്പോൾ നീ ഉപേക്ഷിച്ചുകളയുന്ന ഈ ജീവിതവൃത്തി നിനക്കു സ്വീകരിക്കുവാൻ സാധിക്കുകയുമില്ല...നോക്കൂ...രണ്ടു വിഭിന്നമായ ആദർശങ്ങൾ—രണ്ടു പരസ്പരബന്ധമില്ലാത്ത ജീവിതങ്ങൾ—അതുകൊണ്ടു് നീ ഇപ്പോൾത്തന്നെ മാറിക്കളയുന്നതാണു നല്ലതു്.

രമ—പ്രഭോ, അങ്ങ് എന്നെ തെററിദ്ധരിക്കരുതു്. അവിടുന്നുപറയുന്ന ഈ പരമാർത്ഥങ്ങളെല്ലാം ഞാൻനേരത്തേതന്നെ മനസ്സിലാക്കിയിരുന്നു. എനിക്ക് ആരെയും, ആക്കും എന്നേയും ആത്മാർത്ഥമായി സ്നേഹിക്കുവാൻ അർഹതയില്ലെന്നു ഞാൻ പലതരത്തിലും അദ്ദേഹത്തെ ധരിപ്പിക്കുവാൻ ശ്രമിച്ചു. പക്ഷേ, ആ ശ്രമം പരാജയപ്പെട്ടതേയുള്ളു. അദ്ദേഹത്തിൻെറ ഹൃദയപൂർവ്വമായ അപേക്ഷയെ വിഗണിക്കുവാൻ സ്നേഹദാഹംകൊണ്ടു പൊരിഞ്ഞിരുന്ന എൻെറ ഹൃദയം ശക്തമായില്ല. ഒരു നർത്തകിയാണെങ്കിലും, ഞാൻ ഇതുവരെ എൻെറ സാന്മാർഗ്ഗിക ജീവിതത്തെ നശിപ്പിച്ചിട്ടില്ല. ഇനിയും ഞാൻ ഈ ജന്മത്തു നശിപ്പിക്കുകയുമില്ല. എനിക്കു യാതൊരാർഭാടങ്ങളും ആവശ്യമില്ല. എൻെറ ഗൃഹം വിററുകിട്ടുന്ന ധനം കൊണ്ടുമാത്രം ജീവിതശേഷം കഴിച്ചുകൂട്ടുവാൻ സാധിക്കും.

രാ: കു—രമേ, നീ ഇത്രത്തോളം ഹൃദയവതിയും സംസ്കാരസമ്പന്നയുമാണെന്ന് എനിക്ക് ഇപ്പോഴം മാത്രമേ ബോധ്യപ്പെട്ടുള്ളു. നിൻെറ സാഹചര്യം കൊണ്ടു രവിയുടെ ജീവിതം ഒരിക്കലും നശിച്ചു പോവുകയില്ലെന്നും ഞാനറിയുന്നുണ്ടു്. എങ്കിലും, രമേ, ആക്കും ഉത്തരം പറയുവാൻ കഴിയാത്ത ആ ഭയങ്കര പ്രശ്നമാണു നമ്മേ അഭിമുഖീകരിക്കുന്നതു്. അതെന്താണെന്നു പറയാം. നീ തന്നെ അതിനു സമാധാനം പറയണം.

[രമ വീണ്ടും മൌനമവലംബിച്ചു. അവളുടെ ഭാവചേഷ്ടകളെ സൂക്ഷ്മമായി മനസ്സിലാക്കിക്കൊണ്ടു്]

രാ: കു—രവിക്കു് ഒരു സഹോദരിയുള്ള കാര്യം നീ അറിഞ്ഞിട്ടുണ്ടോ?—സരള, സരളയെന്നാണു പേരു്. പാവപ്പെട്ട ഒരു പെൺകുട്ടി!

രമ—അദ്ദേഹം പറഞ്ഞിട്ടുണ്ടു്.

രാ: കു—അവൾ വളരെ സാധുവാണു്. ഒരു മാന്യകുടുംബത്തിലുള്ള യുവാവും അവളും തമ്മിൽ അനുരക്തരായി. പല മാന്യസ്ഥാനങ്ങളിൽ നിന്നും അവൾക്കു വന്നുചേൎന്ന വിവാഹാപേക്ഷകൾ തന്മൂലം ഉപേക്ഷിക്കപ്പെട്ടു. ജീവിതത്തിൽ അവരെത്തമ്മിൽ ഘടിപ്പിക്കേണ്ടതു് അത്യാവശ്യമായിത്തീൎന്നു. മറിച്ചാണെങ്കിൽ മരിച്ചുകളയുന്നതിനും അവർ സന്നദ്ധരാണു്. പ്രേമത്തിനെപ്പററി നിന്നോടു ഒന്നും പറയേണ്ടതില്ലല്ലോ. അവരെത്തമ്മിൽ ഘടിപ്പിക്കാമെന്നു രണ്ടു കുടുംബങ്ങളും നിശ്ചയിച്ചു. എന്നാൽ, രമേ, ഇപ്പോൾ അതു് അസാദ്ധ്യമായിത്തീൎന്നു. (അവൾ ശ്രദ്ധിക്കുന്നുണ്ടോ എന്നു സൂക്ഷിച്ചു നോക്കിയിട്ടു്) രവിയുടെ അനാശാസ്യജീവിതത്തിൻെറ അസംബന്ധപ്രസ്താവനകൾ അവിടെയെങ്ങും നിറഞ്ഞു. തങ്ങളുടെ കുടുംബത്തിനു് ഇങ്ങനെയൊരു ദാമ്പത്യബന്ധം ആവശ്യമില്ലെന്നു വരൻെറ മാതാപിതാക്കന്മാർ നിശ്ചയിച്ചു. പിതൃജനങ്ങളുടെ ഹിതത്തിനു വിപരീതമായി ഒന്നും ചെയ്യുവാൻ ആ ചെറുപ്പക്കാരനു സാദ്ധ്യമല്ല. ഞാനെന്തുചെയ്യും? കഷ്ടം! സരള!...അവൾ വീടുവിട്ടുപൊയ്ക്കളയുവാൻ പലതവണയും ശ്രമിച്ചു. ഇപ്പോൾ കരഞ്ഞുകരഞ്ഞു മരിക്കാറായി.

രവിക്ക് ഈ വിവരങ്ങളെല്ലാം വിശദമായി എഴുതിയയച്ചിട്ടും, അവൻ മറുപടി അയയ്ക്കാതെ മൗനം സ്വീകരിച്ചതേയുള്ളു. നിവൃത്തിയില്ലാതെയാണ് ഞാൻ ഇങ്ങോട്ടു പോന്നത്. ഇതാ അവനെ നേരിട്ടുകണ്ടു സംസാരിച്ചപ്പോഠം, അവൻ തൻെറ നിശ്ചയത്തിനു മാററം വരുത്തുകയില്ലെന്നു ശഠിക്കുകയും ചെയ്യുന്നു. ഇനി നീ വിചാരിച്ചാൽ മാത്രമേ ഇതിനൊരു സമാധാനമുണ്ടാകുകയുള്ളു—

[രമയുടെ മൗനം അനുകൂലമായി പരിണമിക്കുന്നുവെന്നു വിചാരിച്ചു.]

സരള!—രവിയുടെ കൊച്ചു സഹോദരി! പാവപ്പെട്ട ഒരു പെൺകുട്ടി! അന്യായമായി നശിച്ചു പോകുന്നു! പോരാ, രണ്ടു കുടുംബങ്ങളുടെ രക്ഷയും ഭാവിശ്രേയസ്സും നിൻെറ ഉത്തരത്തെ ആശ്രയിച്ചിരിക്കുന്നു. നീ അവയെ രക്ഷിക്കുക.

രമ—ദൈവമേ!—ഞാൻ വിചാരിച്ചാൽ ഇതിനു യാതൊരു പരിഹാരവും തോന്നുകയില്ല.

രാ: കു—ഒന്നാലോചിച്ചു നോക്കൂ—നിൻെറ ഒരുത്തിയുടെ നിസ്സാരമായ ഒരു ത്യാഗംകൊണ്ടു എത്രയെത്ര ജീവിതങ്ങളാണു രക്ഷപ്പെടുന്നതെന്ന്. നീ ഉപേക്ഷിക്കുകയാണെങ്കിൽ രവിക്ക് അത്യധികം കുണ്ഠിതമുണ്ടാകുമെന്ന് എനിക്കറിയാം. നിങ്ങഠം തമ്മിൽ അത്യധികം സ്നേഹിക്കുന്നുണ്ട്. പക്ഷേ, കാലംകൊണ്ട് അതൊക്കെ മാറിപ്പോവുകയേ ഉള്ളൂ. നിന്നെയും, കാലം ശാന്തചിത്ത

യാക്കും. അല്പകാലം കഴിയുമ്പോൾ നീ ഈ ത്യാഗത്തെപ്പററി വിചാരിച്ചു അഭിമാനിക്കുകയും ചെയ്യും.

(രമ ഒന്നു നെടുതായി നിശ്വസിച്ചു.)

രാ: കു—രവിയെ ആത്മാൎത്ഥമായി സ്നേഹിക്കുന്ന ഒരു ഹൃദയം, അവൻെറയും, സഹോദരിയുടേയും, അച്ഛൻെറയും, അവനെ ആശ്രയിച്ചുനിൽക്കുന്ന രണ്ടു പ്രമാണപ്പെട്ട കുടുംബങ്ങളുടെയും രക്ഷയെ വിഗണിക്കരുത്. (രാമക്കുറുപ്പ് പാക്കററിൽനിന്നും ഒരു പേഴ്സെടുത്തു രമയുടെ നേക്കു നീട്ടുന്നു) ഇതാ, ഇതിൽ ആയിരം രൂപയുണ്ട്. ഇനിയും നിനക്ക് മാസംതോറും നൂറുരൂപാവീതം കിട്ടത്തക്കവണ്ണം ബാങ്കിൽ ഏൎപ്പാടു ചെയ്യാം.

രമ—(പെഴ്സിനെയും ദാതാവിനെയും വെറുപ്പോടു കൂടിനോക്കിയിട്ട്) ഈപണംഎനിക്കാവശ്യമില്ല!

രാ: കു—രമേ, തെററിദ്ധരിക്കരുത്. ഇതിൽ യാതൊരു ദുരുദ്ദേശവുമില്ല. രവിയെ ഉപേക്ഷിക്കുമ്പോൾ നിനക്കു പെട്ടെന്നു ധനത്തിൻെറ ബുദ്ധിമുട്ടുണ്ടാവും. നീ ഇതിനെ സ്വീകരിക്കണം. ഇതു സ്വീകരിക്കുന്നതു് അഭിമാനത്തിനു ഹാനികരമാണെന്നു നീ വിചാരിക്കരുതു്.

രമ—എൻെറ ശരീരശക്തി നിശ്ശേഷം നശിച്ചുപോയിട്ടില്ല—കുലഹീനയ്ക്കു ഭിക്ഷാടനം ചെയ്യുന്നതിൽ കുറച്ചിൽ തോന്നുവാനുമില്ല!

[കുറപ്പു വല്ലാതെ ആകുന്നു. അല്പനേരം അവളുടെ മുഖത്തുതന്നെ നോക്കിക്കൊണ്ടു നിൽക്കുന്നു]

രാ: കു—അപ്പോൾ നീ എന്തു തീർച്ചപ്പെടുത്തി. ഇതിനെപ്പററി ആലോചിക്കുവാൻ കൂടുതൽ സമയം ആവശ്യമുണ്ടായിരിക്കും.

രമ—ഇല്ല. ഞാൻ അവിടുത്തെ അഭിപ്രായം സ്വീകരിക്കുവാൻതന്നെ തീർച്ചപ്പെടുത്തി.

[രാമക്കുറുപ്പ് എഴുന്നേററു കൃതജ്ഞതയോടുകൂടി അവളെ നോക്കുന്നു, അവറം ദൂരെ നോക്കിക്കൊണ്ടു നിൽക്കുന്നു.]

രാ: കു—രമേ, നിന്റെ ഈ ത്യാഗത്തിന്റെ മാഹാത്മ്യം എത്രയാണെന്ന് ആൎക്കും അളക്കുവാൻ സാദ്ധ്യമല്ല. രണ്ടു കുടുംബം ഈ ഒരു വാക്കുകൊണ്ടു രക്ഷപ്പെട്ടു.—നീ തീർച്ചപ്പെടുത്തി; അല്ലേ?

രമ—അതെ!

രാ: കു—രമേ, രവിയെ ഒരു വിധത്തിലും നമ്മുടെ ഈ സംഭാഷണം അറിയിക്കരുതു്. നീ അതുകൂടെ ചെയ്യണം. അതു അവനെ അറിയിക്കുന്നതുകൊണ്ടു യാതൊരു ഗുണവുമില്ല—എന്നു മാത്രമല്ല, അതു ഭയങ്കരമായ ആപത്തുകൾക്കും ഇടയാക്കും. നിന്റെ തിരസ്കരണത്തോടുകൂടി, കുടുംബത്തോടും വൈരാഗ്യം തോന്നി, അവൻ അന്യായമായി നശിച്ചുപോകും. അതിനു നീ ഇടയാക്കരുതു്.

രമ—ഇല്ല; ഞാൻ അറിയിക്കുകയില്ല!

[രമ അകത്തു കയറിപ്പോകുന്നു. രാമൻ ഉളിഞ്ഞു നോക്കിക്കൊണ്ടു വന്നു കയറുന്നു. കുറുപ്പ് അവന്റെ കൈയ്യിൽ ഒരു അഞ്ചുരൂപാ നോട്ടു വച്ചുകൊടുക്കുന്നു. രാമൻ ചുററും നോക്കിയിട്ടു നോട്ടു വാങ്ങുന്നു.]

രാ: കു—ഭദ്രം!—ഞാൻ ഇവിടെ വന്നിരുന്ന വിവരം അവൻ അറിയാനേ പാടില്ല; കേട്ടോ.

[ഭൃത്യൻ തലയാട്ടുന്നു]

—:കർട്ടൻ:—

## രംഗം 7

[രവീന്ദ്രൻ]

രമയെവിടെ? അച്ഛൻ ആവശ്യപ്പെട്ടതുകൊണ്ടു എനിക്കു് ഇന്നലെ ഇങ്ങോട്ടു വരാൻ സാധിച്ചില്ല; മുറികളെല്ലാം പൂട്ടിയിരിക്കുന്നു; ആരെയും കാണുന്നില്ല. ഇതെന്തു്?—അവൾ എവിടെ?—എൻെറ വരവും കാത്തു പടിക്കൽത്തന്നെ നില്ക്കുമായിരുന്ന അവൾ എവിടെ? ഏതായാലും രാമനെവിടെ?—അവനെയും കാണുന്നില്ലല്ലോ—ശൂന്യത! എടോ! (ഉറക്കെ) രാമാ! രാമാ! ശനി എവിടെപ്പോയി?

[രാമൻ ഉറക്കമെണീററു വരുന്ന ഭാവത്തിൽ കണ്ണും തിരുമ്മിക്കൊണ്ടു വന്നു കയറുന്നു]

രവി—നീ ഇവിടെ എന്തു ചെയ്യുകയായിരുന്നു? രമ എവിടെ?

രാമൻ—[ഉറക്കച്ചടവോടുകൂടി ഒന്നുകോട്ടുവായിട്ടുകൊണ്ടു]......ആ കൊച്ചമ്മ......

രവി—വേഗം പറയൂ; അവൾ എവിടെ?

രാമൻ—......പോയി.

രവി—പോയോ? ആരു്?

രാമൻ—കൊച്ചമ്മ......

രവി—എവിടെപ്പോയടാ? വേഗം പറയൂ—

രാമൻ—കൊച്ചമ്മ രാവിലെ ഇവിടെനിന്നും പോയി!

രവി എവിടെപ്പോയെന്നു പറ.

രാമൻ—അതൊന്നും അറിഞ്ഞുകൂടാ.

രവി—എവിടെപ്പോകുന്നുവെന്നു നിന്നോടു പറഞ്ഞില്ലേ? ഞാൻവരുമെന്ന് അവൾ കരുതിയില്ലേ?എന്തെടോ? നിന്നു മിഴിക്കുന്നതു്!

രാമൻ—ഇന്നുരാവിലെ കൊച്ചമ്മ എവിടെയോ പോയി. അങ്ങുന്നു വന്നാൽ തരണമെന്നു പറഞ്ഞു താക്കോൽക്കൂട്ടം ഇവിടെ ഏല്പിച്ചിട്ടുണ്ടു്. ഞാൻ പോയി എടുത്തുകൊണ്ടുവരാം.

[രാമൻ അകത്തു പോകാൻ ഭാവിക്കുന്നു. രവി പിടിച്ചു നിൎത്തുന്നു.]

രവി—എങ്ങോട്ടു പോയെന്നുംമറവും ഞാൻ ചോദിച്ചാൽ എന്തുപറയണമെന്നും മറവും നിന്നോടു പറഞ്ഞിട്ടല്ലേ പോയതു്?

രാമൻ—അതൊന്നും പറഞ്ഞില്ല. ചോദിച്ചാൽ "പോയി" എന്നു പറയാൻ മാത്രം പറഞ്ഞു!

രവി—(അത്ഭുതവും സംശയവും, സംഭ്രമവും പ്രകടിപ്പിക്കുന്നു. രാമൻ താക്കോലുകൾ എടുത്തുകൊണ്ടുവരാൻ അകത്തു കയറിപ്പോകുന്നു. രവി വീണ്ടും തടഞ്ഞുനിൎത്തുന്നു) എനിക്കു തരാൻ എഴുത്തുകളൊന്നും.........

രാമൻ—(ഇടയിൽ തടഞ്ഞുകൊണ്ടു്) ഉണ്ടു്; ഉണ്ടു്. ഒരെഴുത്തുണ്ടു്. (പാക്കററിലും മററും തപ്പിനോക്കുന്നു. അവിടെയൊന്നും കണ്ടില്ലെന്നുകണ്ടു്, മേശയും കസേരയും വലിച്ചിട്ടു അതിൻെറ ഇടയിലെല്ലാം പരിശോധിക്കുന്നു. പരിഭ്രമിച്ചു്) അയ്യോ, അങ്ങുന്നേ എഴുത്തുകണ്ടില്ലല്ലോ. ഞാൻ എവിടെ വച്ചു? ഞാൻ എവിടെ വച്ചു്

1369



രവി—(കോപിച്ച്) നീ എവിടെ വച്ചു? എന്നോടാണോ ചോദിക്കുന്നതു്? നോക്കൂ; വേഗം. വേഗം ആ എഴുത്തിങ്ങു എടുത്തുകൊണ്ടുവരണം. എനിക്കതു കാണണം. അതിലെഴുതിയിരിക്കും വിവരങ്ങളെല്ലാം.—എടുത്തുകൊണ്ടുവരൂ വേഗം. അല്ലെങ്കിൽ, നില്ക്കൂ, അവൾ ആരുമായിട്ടാണു പോയതു്?

രാമൻ—തനിച്ചു്; കൂടെ ആരുമില്ല!

രവി—ഞാൻ പോയതിൽപ്പിന്നെ ഇവിടെ ആരെങ്കിലും വന്നിരുന്നോ?

രാമൻ:—ഓ,........ഇല്ല.

രവി:—ഉം, എഴുത്തെടുത്തു കൊണ്ടുവരൂ. നീ കൂക്കംവലിച്ചുകൊണ്ടു കിടന്നസ്ഥലത്തു ചെന്നുനോക്കു്, അവിടെ കാണും.!

രാമൻ:—(അല്പം ആലോചിച്ചിട്ടു്) ഓ, ശരി, ആ കപ്പിഗ്ലാസിന്റെ അടിയിലാണു വെച്ചതു്. ഇതാ, എടുത്തുകൊണ്ടുവരാം.

[അവൻ അകത്തേയ്ക്കോടിപ്പോകുന്നു. രവിക്കു സംഗതികളൊന്നും മനസ്സിലാകാതെ സംഭ്രമം ജനിക്കുന്നു.]

രവി:—(സ്വഗതം)അവൾ പോയെന്നോ?......താക്കോലുകൾ എന്നെ ഏല്പിക്കുവാൻ ശട്ടംകെട്ടിയിട്ടുപോയെന്നോ—? ഞാൻ വന്നു ചോദിച്ചാൽ "പോയി" എന്നുമാത്രം പറയണമെന്നു പറഞ്ഞിട്ടു പോയെന്നോ!—ആകപ്പാടെ അത്ഭുതമായിരിക്കുന്നു. ഏതായാലും എഴുത്തിൽ കാര്യങ്ങൾ എഴുതിയിരിക്കും.

[അകത്തേയ്ക്കുനോക്കി വിളിക്കുന്നു.] "രാമാ"[രാമൻഅകത്തു നിന്നും വിളികേഠംക്കുന്നു:—"ഇതാ, വരുന്നേ."]

[രാമൻ എഴുത്തുകൊണ്ടുവന്നു. രവി, വേഗം അതു പൊട്ടിച്ചു വായിക്കുന്നു.]

എഴുത്ത്.

ക്ന്യാകുമാരി,

5-30 A. M

രവീ,

ഞാൻ ഇതാ പോകുന്നു; എന്നെ അന്വേഷിക്കരുതു്; മറന്നേയ്ക്കുക; എനിക്കു അങ്ങുമായി യോജിച്ചു കഴിയുവാൻ ഭാഗ്യമില്ല.

രമാദേവി.

[രവി വീണ്ടും വീണ്ടും ആ കത്തിൽ തുറിച്ചുനോക്കുന്നു; ഉറക്കെ വായിക്കുന്നു; കൈവിരലുകഠം വിറയ്ക്കുന്നു; കണ്ണും അടയുന്നു. അയാഠം കസേരയിൽചെന്നിരുന്നിട്ടു് വീണ്ടും കത്തുവായിക്കുന്നു]

രവി—എന്തു്? "ഞാനിതാപോകുന്നു; എന്നെഅന്വേഷിക്കരുതു്; എന്നെ മറന്നേയ്ക്കുക!" ഇതിൻെറ അത്ഥമെന്താണു്?—രമേ, നീ എവിടെപ്പോകുന്നു? എന്തിനുപോകുന്നു?—ഹാ! നീ എൻെറ ജീവിതത്തിൽ നിന്നാണോ പോകുന്നതു്? ഞാൻ ഇനിമേൽ നിന്നെ അന്വേഷിക്കരുതു്! ശരി!—വേണ്ടാ! ഞാനുമായി"യോജിച്ചുകഴിയുവാൻ"നിനക്കു "ഭാഗ്യമില്ല!"—എന്തുകൊണ്ടു ഭാഗ്യമില്ല? അയ്യോ, നീ എന്നെ എന്തിനു ഉപേക്ഷിച്ചു?.... ഞാൻ നിന്നെ വിശ്വസിച്ചു......നീ എന്നെവ

ഞ്ചിച്ചു. ഇതുവഞ്ചനയാണോ? അതെ, കടുംവഞ്ചന! നീ എന്നെ ഇങ്ങനെ ഉപേക്ഷിച്ചതു് ഒരിക്കലും ശരിയല്ല! നിനക്കുവേണ്ടി—നിന്നെ സ്വീകരിക്കുവാൻവേണ്ടി—ഞാൻ എന്റെ കുടുംബത്തെ ഉപേക്ഷിച്ചു; എന്റെ അച്ഛന്റെയും പ്രിയപ്പെട്ട സഹോദരിയുടെയും അർത്ഥനകളെ ഉപേക്ഷിച്ചു; ലോകത്തിലെ സകല മാന്യസ്ഥാനങ്ങളും ഉപേക്ഷിച്ചു— ആ ഭൗതിക ബന്ധങ്ങളെല്ലാം അറുത്തെറിഞ്ഞിട്ടു നിന്റെ കരവലയത്തിൽ അഭയംതേടി ഓടിവന്നപ്പോൾ, നീ, എന്നെയും ഉപേക്ഷിച്ചു! ഹ ഹ ഹ! ഹ ഹ ഹ! ശരിയായ ശിക്ഷ ! ശരിയായ ശിക്ഷ!

[വേഗം എഴുത്തുമായി വെളിയിലിറങ്ങുന്നു.]

—:കർട്ടൻ:—

[stamp]

## രംഗം 8

[തിരുവനന്തപുരത്തുള്ള രമയുടെ ഗൃഹം. രമണി അകത്തു മുറിയിൽ നിന്നും, രവി വെളിയിൽ നിന്നും സൽക്കാരമുറിയിൽ പ്രവേശിച്ചു, രണ്ടുപേരും തമ്മിൽ സന്ധിക്കുന്നു. രമണിയുടെ മുഖം വിഷാദപൂർണ്ണമായിരിക്കുന്നു. രവി അവരുടെ മുഖത്തുതുറിച്ചുനോക്കിക്കൊണ്ടു ചോദിച്ചു.]

രവി—രമ അകത്തുണ്ടോ?

രമണി—ഉണ്ട്.

[രവി, അകത്തു കയറിപ്പോകുവാൻ ഭാവിക്കുന്നു. രമണി തടയുന്നു.]

രമണി—അങ്ങ് ഇപ്പോൾ അകത്തു കയറിപ്പോകുവാൻ പാടില്ല!

രവി—എന്തുകൊണ്ട്? അവിടെ വേറെയാരെങ്കിലും...

രമണി—ആരുമില്ല!

രവി—പിന്നെ എന്തുകൊണ്ട് എനിക്ക് അകത്തു കയറിപ്പോകുവാൻ പാടില്ല?

രമണി—അവൾ തീരെ സുഖമില്ല. ആരെയും കാണാൻ അവൾക്ക് ഇപ്പോൾ സാധിക്കുകയില്ല. അങ്ങു വന്നിട്ടുള്ള വിവരം വേണമെങ്കിൽ ഞാൻ അകത്തു ചെന്നു പറയാം. അങ്ങ് ഇവിടെ ഇരിക്കുക.

രവി—ശരി! വേഗം. ഞാനിവിടെ വന്നിട്ടുള്ള വിവരം അറിയിക്കുക!

[രമണി അകത്തു കയറിപോകുന്നു]

രവി—ഞാനിവിടെ അന്വേഷിച്ചു വരുമെന്നു അവരം ക്കു് അറിയാൻപാടില്ല! അതു വെറുംകപടമാണു്; ഹൃദയമുള്ളവക്കു് അതു തോന്നാതിരിക്കയില്ല. ഇപ്പോരം ആരെയും കാണാൻ അവരംക്കു സാദ്ധ്യമല്ല. ഈ "ആരെയും" എന്നുള്ള വാക്കിൻെറ അത്ഥമെന്തു്? "ആരെയും!"—അതെ. അതിൽ ഞാനും കൂടി ഉരംപ്പെടുന്നുണ്ടാവാം. ഹാ, ലോകമേ,—സ്ത്രീലോകമേ, നിൻെറ ചാപല്യത്തിനു നമസ്കാരം!

(രമണി വെളിയിൽ വന്നു രവിയെക്കണ്ടു പറയുന്നു)

രമണി—വിശേഷിച്ചു എന്തെങ്കിലും പറയാനുണ്ടെങ്കിൽ, എന്നോടു പറഞ്ഞയയ്ക്കണമെന്നു കൊച്ചമ്മ പറഞ്ഞയച്ചു. കൊച്ചമ്മയ്ക്കു് ഇപ്പോരം അവിടുത്തെക്കാണുവാൻ സാധ്യമല്ല!

രവി—(കോപാവേശത്തോടുകൂടി) ഉം; എനിക്കു പറഞ്ഞയയ്ക്കാനുള്ളതു് ഞാൻ നിങ്ങളോടു പറഞ്ഞയയ്ക്കണം? അല്ലേ, ശരി! നിങ്ങരം പൊയ്ക്കൊള്ളുക; എനിക്കു ഒന്നും പറയാനില്ല! എനിക്കു് അവളെ കാണേണ്ട ആവശ്യവുമില്ല.

(രവി പോകാൻ ഭാവിച്ചിട്ടു് എന്തോ പറയാനെന്നപോലെ വീണ്ടും തിരിഞ്ഞുനിന്നു രമണിയെ നോക്കുന്നു.)

രമണി—അപ്പുറത്തു മുറിയിൽപ്പോകാം; അങ്ങേയ്ക്കു എന്തെങ്കിലും പറയാനുണ്ടെങ്കിൽ നമുക്കു അവിടെ ഇരുന്നു സംസാരിക്കാം.

രവി—എനിക്കു് ഒന്നും പറയാനില്ല. അറിയാനുമില്ല; എല്ലാം അറിഞ്ഞു കഴിഞ്ഞു!

(തിരിഞ്ഞു നടക്കുന്നു. വീണ്ടും തിരിഞ്ഞുനിന്നു എന്തോ പറയാൻ ഭാവിക്കുന്നു. കോപം ഉള്ളിലടക്കുന്ന പരിശ്രമത്തിൽ അയാളുടെ പല്ലുകൾ "കറകറാ" ശബ്ദം പുറപ്പെടുവിക്കുന്നു )

രവി—ഒരു നത്തകിയുടെ തനിനിറം; സ്ത്രീ ജാതിയുടെ കൗടില്യം!—ഹാ!......

(രവി പെട്ടെന്നിറങ്ങിപ്പോകുന്നു, രമണി അയാളെ നോക്കി ദൈന്യമായി പുഞ്ചിരിയിട്ടുകൊണ്ടു പറയുന്നു.)

രമണി—പാവം; അയാൾ അടക്കാൻവയ്യാത്ത കോപത്തോടും നൈരാശ്യത്തോടുംകൂടി പോവുകയാണ്. സകല കുററങ്ങളും പാവപ്പെട്ട കൊച്ചമ്മയുടെ ചുമലിൽ ചുമത്തിയിട്ടാണു പോയിരിക്കുന്നതു്. കഷ്ടം! കൊച്ചമ്മ അനുഭവിക്കുന്ന സങ്കടം അയാൾക്കറിഞ്ഞുകൂടാ. അയാൾനിമിത്തം കൊച്ചമ്മയുടെ ജീവിതം അന്യായമായി നശിച്ചുപോയി. അവൾക്കുണ്ടായിരുന്ന സ്വത്തശേഷവും, കടങ്ങൾക്കായിട്ട് അവർ വിററുകളഞ്ഞു; അവരുടെ ജീവിതമാർഗ്ഗങ്ങളും അടഞ്ഞു; ആരോഗ്യവും നശിച്ചു!...എല്ലാം അയാൾക്കുവേണ്ടിയാണു നശിപ്പിച്ചതു്! അയാൾക്കുവേണ്ടി!... അവർ, ഇതാ, അയാൾക്കുവേണ്ടിയാണു ഇപ്പോഴും കരഞ്ഞുകൊണ്ടു കിടക്കുന്നതു്! അതൊന്നും അയാൾക്കറിഞ്ഞുകൂടാ; അയാളെ അറിയിക്കാനും പാടില്ലെന്നാണു ചട്ടം. ഹാ! കൊച്ചമ്മ. അവരെത്ര സ്നേഹമുള്ളവരാണ്! അവരെത്ര ത്യാഗസമ്പന്നയാണ്! ഈശ്വരാ! അവൾക്കു നല്ലതുവരുത്തണേ! (പ്രാർത്ഥിക്കുന്നു.)

—:കർട്ടൻ:—

# രംഗം 9

[രവി, നഗരത്തിലെ മറെറാരു നർത്തകിയും കുപ്രസിദ്ധയുമായ കമലയുടെ വീട്ടിൽ ചെന്നു കയറുന്നു. പൊടിയടഞ്ഞു മുഷിഞ്ഞു കീറിയ വസ്ത്രധാരണങ്ങൾ, തൈലവിലോപംകൊണ്ടു പാറിപ്പറന്ന തലമുടി, നിദ്രാശൂന്യതകൊണ്ടു കലങ്ങിമറിഞ്ഞ കണ്ണുകൾ, ഇതൊക്കെയായിരുന്നു അയാളുടെ വേഷം. പ്രവൃത്തികളിൽ അസ്ഥിരതയും, കഠിനമായ നിരാശയും തെളിയുന്നുണ്ട്. കൂടെക്കൂടെ അയാൾ പല്ലുകടിക്കുന്നു. കോപംകൊണ്ടു എന്തോ പുലമ്പുന്നു.)

രവി—സ്ത്രീ!—സ്ത്രീ!—ആടിക്കുഴഞ്ഞുനടന്ന ഒരു നർത്തകി! അവളുടെ പ്രേമം തനിപ്പൊന്നല്ല; ദിവസവും ഓരോ പുരുഷന്മാരെവീതം സ്നേഹിക്കാൻ അവൾക്കു സാധിക്കും; മറക്കുവാനും, മറയ്ക്കുവാനും അവൾക്കു സാധിക്കും. അന്യരെ വശീകരിക്കുവാൻ—വഞ്ചിക്കുവാനാണ് അവരുടെ ഭാവങ്ങൾ! അവളെ വെറുതേ വിടുവാൻ പാടില്ല.—അവളുടെ അഹങ്കാരത്തിനു ശരിയായ ഒരു പാഠം പഠിപ്പിക്കണം;—പ്രതികാരം! പ്രതികാരം! അതെ...രമ!...രമ!! രമ!!!

(ഒടുവിലത്തെ വാക്കുകൾ അല്പം ഉച്ചത്തിലായി. അകത്തുനിന്നും ഒരാൾ വന്നു് എത്തിനോക്കിയിട്ടു പെട്ടെന്നു മറയുന്നു. പുറകേ, ആഡംബരസുന്ദരിയായ കമല പ്രവേശിച്ചു രവിയെ തൊഴുതുകൊണ്ടു പുഞ്ചിരിയിടുന്നു.

കമല—നമസ്കാരം സാർ, വരിക; ഇരിക്കുക; ഇരിക്കു

ക; (മുമ്പിൽക്കിടന്ന കസേരയെ ചൂണ്ടിക്കാണിച്ച് അതിൽ ഇരിക്കുവാൻ അപേക്ഷിക്കുന്നു. രവി ഇരിക്കുന്നില്ല. കമല അയാളുടെ അടുത്തെത്തി, തൊട്ടുതൊട്ടില്ലെന്ന രീതിയിൽ ചേൎന്നു നില്ക്കുന്നു.)

രവി—(അല്പം മാറിനിന്നുകൊണ്ട്, ഒന്നു പുഞ്ചിരിക്കുവാൻ ശ്രമിക്കുന്നു) ഇതിനെക്കാറം അല്പംകൂടി ഭദ്രമായ ഒരു മുറിയിൽ പോകാം.

കമല—ഓഹോ, സന്തോഷം!

[കമല കാണിച്ചുകൊടുത്ത വഴിയിൽക്കൂടി, രവി, അകത്ത് ഇടുങ്ങിയ ഒരു മുറിയിൽ ചെന്നുകയറുന്നു. അതു് ഒരു കിടക്കമുറിയാണ്. ഒരററത്തു കത്തിക്കൊണ്ടിരുന്ന ഹരിക്കേൻ ലാമ്പിന്റെ പ്രകാശം കൂട്ടിക്കൊണ്ടു കമല രവിയെ നോക്കി ഒന്നു പുഞ്ചിരിയിട്ടു. രവി, ഇടറിയ പാദങ്ങളോടുകൂടി നടന്നുചെന്നു ആ കട്ടിലിൽ ഇരിക്കുന്നു. കമല, തന്റെ ഉത്തരീയത്തെ വലിച്ചു ദൂരെയെറിഞ്ഞിട്ടു് അയാളുടെ മുമ്പിൽനിൽക്കുന്നു രവി അവളെ അല്പം മാറി ഇരിക്കാൻ നിർദ്ദേശിച്ചിട്ടു ഒരു പെഴ്സ് എടുത്തു് അവളുടെ കയ്യിൽ കൊടുക്കുന്നു. അവറം അതു് വിനയപൂൎവ്വം സ്വീകരിച്ചു കണ്ണുകളോടടുപ്പിക്കുന്നു.]

രവി—കമലേ, അതിൽ കുറച്ചധികം രൂപാ ഇരിപ്പുണ്ട്. എത്രയുണ്ടെന്ന് എനിക്കറിഞ്ഞുകൂടാ. നീ അതു് എടുത്തുകൊള്ളുക. ഇനിയും നിനക്ക് ആവശ്യമുള്ള രൂപയെല്ലാം ഞാൻ തരാം. നീ ഞാൻ പറയുന്നതുപോലെ ചെയ്യാമെന്നു വാഗ്ദത്തം ചെയ്യണം.

(കമല, പെഴ്സിനെ തിരിച്ചും മറിച്ചും നോക്കിയിട്ടു് അയാളെ കടാക്ഷിക്കുന്നു.)

കമല—ഈശ്വരാ! ഈ പണം ഞാൻ ആവശ്യപ്പെട്ട താണോ? അങ്ങ് ഇവിടെ വന്നതു എന്റെ മഹാ ഭാഗ്യംകൊണ്ടാണ്. അവിടുത്തെ ഞാൻ ഹൃദയ പൂൎവ്വം സ്നേഹിക്കുന്നു. അവിടുത്തെ പണവും പ്രതാപവുമല്ല എനിക്കു വേണ്ടതു്. സ്നേഹം— അല്ല, ദയവ്! അതുമാത്രം മതി. എന്തു വേണ മെന്നു അവിടുന്നാജ്ഞാപിക്കുന്നുവോ അതെല്ലാം ചെയ്യുന്നതിനു ഞാൻ തയാറാണ്. ഹാ, ഈ അ ഗതിയെ അന്വേഷിച്ചു് അവിടുന്ന് ഇന്നെങ്കിലും വന്നുചേൎന്നല്ലോ. ഞാൻ വിചാരിച്ചു—ഈ ഭാ ഗ്യം രമയ്ക്കു മാത്രമുള്ളതാണെന്ന്! എനിക്ക് അ ങ്ങോട്ടു തോന്നിയിരുന്നതുപോലെ, അവിടുത്തേ യ്ക്കു ഇങ്ങോട്ടും അനുരാഗം തോന്നിയല്ലോ—

(അവൾ രവിയുടെ ശരീരസ്പർശനം കൊതിച്ചു് അടു ത്തു ചേൎന്നിരിക്കുന്നു. രവി, പതുക്കെ എഴുന്നേൽക്കുന്നു. അവൾ പരിഭ്രമിക്കുന്നു.)

രവി—കമലേ, ഞാൻ ഇപ്പോൾത്തന്നെ പോവുകയാ ണ്. നാളെ ഇങ്ങോട്ടുവരാം. ചില കാര്യങ്ങൾ നി ന്നോടു സംസാരിക്കാനുണ്ടു്; അതെല്ലാം രാവിലെ ആയിക്കൊള്ളാമെന്നു വിചാരിക്കുന്നു.

[കമല എഴുന്നേററു് അയാളുടെ അടുത്തുചെന്നു്, അയാളുടെ ഉത്തരീയത്തിന്റെ തുമ്പുകൈയ്യിലാക്കി പിടിച്ചുകൊണ്ടു് ഏതാ ണ്ടു പരിഭ്രമം പ്രകടിപ്പിക്കുന്നു.]

കമല—അങ്ങ് ഇപ്പോൾത്തന്നെ പോകാൻ പാടില്ല! ഒരിക്കലും പാടില്ല. പറയാനുള്ളതെല്ലാം പറ ഞ്ഞുകഴിഞ്ഞിട്ടു രാവിലെ പോകാം.

(അയാളുടെ മുഖത്തു നോക്കിക്കൊണ്ടു നെടുവീർപ്പിടുന്നു.)

ഹാ, എത്ര ദിവസംകൊണ്ടു് ആശിച്ച ഒരു സമാഗമം! അങ്ങു്, ഇപ്പോഠംത്തന്നെ പോകാൻ പാടില്ല!

രവി—അല്ല, എനിക്കു് ഇപ്പോഠംത്തന്നെ പോകണം. പോകേണ്ട കാര്യമുണ്ടു്!

കമല—(പരിഭവസ്വരത്തിൽ) രമാദേവി, പരിഭവിക്കുമായിരിക്കും!

രവി—രമ! രമ!—പോകട്ടെ. ഞാൻ പറയുന്നതു് അനുസരിക്കാമെന്നു നീ വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ? ഞാൻ പോകുന്നു!......

(രവി, എളുപ്പം അവിടെനിന്നും പോകുന്നു. കമല വൈമനസ്യത്തോടുകൂടി അനുഗമിക്കുന്നു അയാഠം പൊയ്ക്കഴിഞ്ഞപ്പോഠം, ആഹ്ലാദപൂർവ്വം പെഴ്സു തുറന്നു, അതിനകത്തുണ്ടായിരുന്ന നോട്ടുകഠം മേശപ്പുറത്തു കുടഞ്ഞിടുന്നു.)

കമല—(മൂക്കിൽ വിരൽ വച്ചുകൊണ്ടു്) ഭ്രാന്തുതന്നെ, ഭ്രാന്തു്! ഇത്രയധികം നോട്ടുകഠം കൊണ്ടുവന്നതിനിട്ടു്, വെറുതേ പോകുന്നതു ഭ്രാന്തുതന്നെ!

—:കർട്ടൻ:—

# രംഗം 10

[സമയം സായാഹ്നം. സ്ഥലം കടൽപ്പുറം. അനേകം ജനങ്ങൾ കാററു കൊള്ളുവാൻ വന്നുകൂടിയിരിക്കുന്നു. രമയും രമണിയും പതുക്കെ നടന്നുവന്നു് ആളുകൾ അധികമില്ലാത്ത ഒരു അകന്ന സ്ഥലത്തു ഇരിപ്പു പിടിക്കുന്നു അവളുടെ മുഖം വിളർത്തും ക്ഷീണിച്ചും കാണുന്നു. തീരെ അലസമായ രീതിയിലാണു വസ്ത്രധാരണ കൃത്യം നിർവ്വഹിച്ചിട്ടുള്ളതു്. വെളുത്ത സാൽവകൊണ്ടു മൂടിപ്പുതച്ചിരിക്കുന്നു. അല്പനേരം മൗനമായിക്കഴിച്ചുകൂട്ടിയിട്ടു, രമണിയെ തിരിഞ്ഞുനോക്കി വളരെ ക്ഷീണസ്വരത്തിൽ സംഭാഷണം തുടങ്ങി.]

രമ—നിങ്ങൾ പറയുന്നതുപോലെ ഇനി ഒരു നാടകരംഗത്തിലും പ്രവേശിക്കുവാൻ എനിക്കു ശക്തിയില്ല.-എൻെറ ഹൃദയവും ശരീരവും അത്രത്തോളം തളർന്നുപോയിരിക്കുന്നു. ഞാനെന്തുചെയ്യട്ടെ?

രമണി—കൊച്ചമ്മ പറയുന്നതു ശരിയാണു്; എങ്കിലും തിയേററർ മാനേജരെ തൃപ്തിപ്പെടുത്തുവാൻ നമ്മളെന്തുചെയ്യും? അയാൾ കേസുകൊടുത്തിരിക്കുകയാണല്ലോ.

രമ—അയാൾക്കു കേസു കൊടുക്കാൻ അവകാശമില്ല. അയാൾ തന്നിട്ടുള്ള രൂപാ തിരിച്ചയച്ചുകൊടുത്തില്ലേ?

രമണി—പക്ഷേ, അയാൾ അതു സ്വീകരിച്ചിട്ടുള്ളതായി പറയുന്നില്ല. ഏതായാലും കരാർപത്രം കയ്യി

ല്യള്ള ടത്തോളംകാലം അയാളെ ഭയപ്പെടാതെ തരമില്ല.

രമ—ഞാനെന്തുചെയ്യണം? അയാഠം കേസു നടത്തട്ടെ; ജീവിച്ചിരിക്കുന്നെങ്കിൽ ഞാനതിന്നു സമാധാനം പറയും. ഇല്ലെങ്കിൽ, എങ്ങനെയായാലെന്തു്?

രമണി—അയ്യോ, കൊച്ചമ്മ, ഇങ്ങനെ അശുഭം കുറിക്കുന്ന വാക്കുകഠം പറയാതിരിക്കണം. ഈയുള്ള വക്കു് അതുകേട്ടു സഹിക്കുവാൻ സാധ്യമല്ല.

രമ—ഇല്ല, രമണിയമ്മേ, ഇനിയും അധികം ദിവസം എനിക്കു ജീവിതമുണ്ടെന്നു തോന്നുന്നില്ല. അത്ര അധികം എൻെറ ഹൃദയത്തിന്നു ക്ഷീണമുണ്ടു്. ഇന്നലെ രാത്രി കഴിഞ്ഞുകൂടിയതെങ്ങനെയാണെന്നു് എനിക്കു മാത്രമേ അറിയാവൂ—അടങ്ങിയിരുന്ന എൻെറ പഴയ സുഖക്കേടുകളെല്ലാം പത്തിയും പൊക്കി പാഞ്ഞടുത്തിരിക്കുന്നു.

രമണി—കഷ്ടം, കൊച്ചമ്മയുടെ ഈ നിർഭാഗ്യകരമായ അവസ്ഥ കാണുവാൻ ഇടവന്നതു് എൻെറ കമ്മംതന്നെ. ഞാൻ ആദ്യമേതന്നെ പറഞ്ഞതാണു്; അതൊന്നും നിങ്ങഠം കേട്ടില്ല. ആ ചെറുപ്പക്കാരനും കഷ്ടത്തിലായി!—ഹൂ-ം, എന്തെല്ലാം ആപത്തുകളാണു വരുവാൻ പോകുന്നതു ഈശ്വരാ.

(ഒരു വണ്ടിയിൽ രവീന്ദ്രനും കമലയും വന്നിറങ്ങുന്നു. രവി മോടിയായി വസ്ത്രധാരണം ചെയ്യുവാൻ ശ്രമിച്ചിട്ടുണ്ടു്. കമല, പരിഷ്ക്കാരത്തിൽ പൊതിയപ്പെട്ടിരിക്കുന്നു. ഒരുധൂത്തയുടേയും, കലടയുടേയും സകല ഭാവങ്ങളും അവളിലുണ്ടു്. അവർ രണ്ടുപേ

രും പുറവും പരിശോധിച്ചിട്ടു രമയും രമണിയും ഇരിക്കുന്ന സ്ഥലം കണ്ടുപിടിക്കുന്നു. രമയുടെ മുമ്പിൽക്കൂടി നടന്നുവന്നു്, അവൎക്കു ഏററവും അടുത്തായി സ്ഥലം പിടിക്കുന്നു. രമ പെട്ടെന്നു് അവരുടെ മുഖത്തു നോക്കിയിട്ടു് "അയ്യോ"എന്നു മന്ത്രിച്ചുകൊണ്ടു മുഖം താഴ്ത്തുന്നു. അതു കണ്ടു കമല പൊട്ടിച്ചിരിക്കുന്നു. ആ ചിരി കൂരമ്പുകളെന്നപോലെ രമയുടെ കാതുകളിൽ തറയ്ക്കുന്നു. രമണി അമ്പരന്നു സംഭ്രമിക്കുന്നു. നേരത്തെ നിശ്ചയിച്ചുവെച്ചിരുന്ന രീതിയനുസരിച്ചു കമലയും രവിയും സംഭാഷണം തുടങ്ങി )

രവി—(ഉറക്കെ) കമലേ, നീ എന്നെ സ്നേഹിക്കുന്നുണ്ടു്, അല്ലേ?

കമല-(രമയുടെ മുഖത്തു ഉളിഞ്ഞുനോക്കിയിട്ടു്)അയ്യോ പ്രാണേശ്വരാ, ഞാൻ അവിടുത്തെ, ഹൃദയം തുറന്നു ആത്മാൎത്ഥമായി സ്നേഹിക്കുന്നുണ്ടു്; അങ്ങാണു് എന്റെ ജീവിതം; അങ്ങാണു് എന്റെ ദൈവതം, അവിടുന്നാണു് എന്റെ സൎവ്വസ്വവും!

രവി—ശരി, നീ എന്നെ ചതിക്കുകയില്ലേ?

കമല—ഞാനോ, ഞാൻ അങ്ങയെ ച്ചതിക്കുകയോ? ഒരിക്കലുമില്ല; അന്നു ഹിമാലയം തകൎന്നുവീഴും, മഹാമേരു മൺകട്ടയാകും. സൂൎയ്യൻ പടിഞ്ഞാറുദിക്കും. പ്രഭോ, അവിടുന്നു എന്നെ അവിശ്വസിക്കരുതു്.

രവി—നീയും ഒരു സ്ത്രീയാണല്ലോ—?

കമല—അതിനു സംശയമോ?

രവി—സ്ത്രീകളെ എങ്ങനെ വശപ്പെടുത്താം?

കമല—പണം കൊടുത്തു്—

രവി—അതെ; സ്ത്രീയ്ക്കു് പണംകൊടുത്തു വശപ്പെടുത്താം. സ്ത്രീയ്ക്കു് വാഗ്ദത്തം ചെയ്യുവാനും വാക്കു

മാരുവാനും ഒന്നുപോലെ സാധിക്കും—(അയാളു ടെ ശബ്ദം ഉയൻയുൻ ആസുരമായിത്തീരുന്നു) സ്ത്രീയ്ക്കു ഉള്ളതിനെ ഇല്ലാതാക്കാനും ഇല്ലാത്ത തിനെ ഉണ്ടാക്കാനും സാധിക്കും;—സ്ത്രീയ്ക്കു് സർവ്വ സ്വവും തന്നു്, തന്നെ ആലംബമായിക്കരുതുന്ന ആത്മഭത്താവിനെ ചതിക്കാനും വഞ്ചിക്കാനും സാധിക്കും സ്ത്രീ!— സ്ത്രീ!-അയ്യോ! (വികാരാവേ ശംകൊണ്ടു വിറയ്ക്കുന്നു.)

കമല—(ഭയത്തോടുക്രൂടി പതുക്കെ) അയ്യോ, ഈ അ ഭിനയം ഭയങ്കരമാകുന്നു!

രവി—(കൃത്രിമസ്വരത്തിൽ) നിന്നെ, ഞാൻ ഇപ്പോൾ പണം തന്നു വശപ്പെടുത്തി. നീയിപ്പോൾ എനി ക്കുവേണ്ടി എന്തുചെയ്യുവാനും സന്നദ്ധയാണു്, അല്ലേ?

കമല—അതെ-

രവി—എന്തുചെയ്യുവാനും?

കമല—അതെ-

രവി—ഒന്നു ചിരിക്കൂ.

(കമല ചിരിക്കുന്നു)

രവി—പോരാ, ഒന്നുറക്കെ പൊട്ടി ചിരിക്കൂ.

(കമല ഉറക്കെ ദീർഘമായി പൊട്ടിച്ചിരിക്കുന്നു.)

രവി—ശരി! കൊള്ളാം! എൻെറ മടിയിൽ ഒന്നു കി ടക്കുമോ?

കമല—(തിടുക്കത്തിൽ) അയ്യോ! അതിനെന്തു്?

(കമല അയാളുടെ മടിയിൽ കിടക്കാൻ ഭാവിക്കുന്നു. പെട്ടന്നയാരം തടയുന്നു.)

രവി—വേണ്ട; കമലേ, നീ അല്പംകൂടി മാറിയിരിക്കൂ—
എന്റെ ശരീരം പൊള്ളുന്നു. പൊള്ളുന്നു. തീ!—
ഈ കടൽപ്പുറത്തെ കാററിനു എന്തു ചൂടാണ്?

(കമല,കയ്യിലിരുന്ന കൈലേസിനെ, ചെറുകാററടിച്ചുപറത്തിക്കൊണ്ടുപോയ ഭാവത്തിൽ രമയുടെ മുമ്പിലേയ്ക്കു എടുത്തെറിയുന്നു. രമയുടെ നാമധേയംഅതിൽതുന്നിപ്പിടിപ്പിച്ചിരുന്നതു വ്യക്തമായിക്കാണുന്നുണ്ടായിരുന്നു. കമല അതു് എടുക്കാനെന്നുള്ള ഭാവത്തിൽ എണീററു കുണുങ്ങിക്കുണുങ്ങി രമയുടെസമീപത്തുപോകുന്നു. രമ, രമണിയുടെ ചുമലിൽ കൈയ്യും മെയ്യും തളർന്നു ചാരിയിരിക്കയാണു്. കമല, മനഃപൂർവ്വമായി തന്റെ വിലയേറിയ കസവുപട്ടു അവളുടെ ദേഹത്തു് മുട്ടിക്കുന്നു; അഹങ്കാരത്തോടുകൂടി കൈലേസു് കൈയ്യിലാക്കുന്നു. ആ പരിശ്രമത്തിലെന്നോണം കുറെ മണൽത്തരികൾ അവളുടെ ദേഹത്തു തെറിപ്പിച്ചിട്ടു തിരിച്ചു വന്നു സ്വസ്ഥാനത്തിരിക്കുന്നു.

രമ പെട്ടെന്നെണീററു. അവളുടെ ശരീരം വിറയ്ക്കുന്നുണ്ടായിരുന്നു. ശരീരമാസകലം വിയർപ്പുപൊടിച്ചിട്ടുണ്ടു്. അവളുടെ പിമ്പേ രമണിയും എഴുന്നേററു. രമണി രൂക്ഷവും, ദൈന്യവും, നിശിതവുമായ നോട്ടം രവിയിൽ പതിപ്പിച്ചിട്ടു രമയുടെ കൈയ്യും പിടിച്ചുകൊണ്ടു വണ്ടിനിൽക്കുന്ന സ്ഥലത്തേയ്ക്കു തിരിച്ചു. രണ്ടുപേരും പോകുന്ന ആ വഴി നോക്കി കമലയും രവിയും പൊട്ടിച്ചിരിച്ചു. രവിയുടെ ചിരി, ആസുരമായിത്തീർന്നു, ആളുകളെല്ലാം അങ്ങോട്ടോടിവരുന്നു.)

—:കർട്ടൻ:—

JAYAHAR ... KIDANGANUR

# രംഗം 11

(രവി ഭ്രാന്തചിത്തനായി മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരിക്കുന്നു.)

രവി—അതു കുറിക്കുകൊണ്ടു; അവളുടെ അഹങ്കാരത്തിൽ കുറിക്കുകൊണ്ടു; അവൾ കരഞ്ഞു; ഹ ഹ ഹ! അവൾ കരഞ്ഞു! അവൾ കരയണം—കരഞ്ഞു കരഞ്ഞു ചാകണം! എന്നെച്ചതിച്ചതിന്, ഞാൻചെയ്യുപ്രതീകാരം ഇതാണ്! ഇനിമേൽ അവൾ ആരെയും ചതിക്കരുത്. ശ്ശേ, ശകാരം അല്പം കൂടിവേണ്ടിയിരുന്നു, കരുതിക്കൂട്ടിയിരുന്നതെല്ലാം പറയേണ്ടിയിരുന്നു! ശ്ശേ, എൻെറ ദുർബ്ബലമായ ഹൃദയം അപ്പോൾ എന്നെ ഉപേക്ഷിച്ചുകളഞ്ഞു. ദ്രോഹി! ദ്രോഹി! അവൾ മഹാ വഞ്ചകിയാണ്! സ്ത്രീകളെല്ലാംതന്നെ പരമ വഞ്ചകികളാണ്! സ്ത്രീകൾ......ചപലകൾ......രാക്ഷസികൾ... കഴുത്തറുത്തുകൊല്ലുന്ന കാമപ്പിശാചുക്കൾ....... പണത്തിനുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത ധൂർത്തകൾ......ഹാ, "ഒരു നർത്തകിയുടെ പ്രേമം തനിപ്പൊന്നല്ല!" അച്ഛാ, ഞാൻ അവിടുത്തെ മുഖത്ത് ഇനി എങ്ങനെ നോക്കും? ഇല്ല, ഇനി ഞാൻ അങ്ങോട്ടുവരുന്നില്ല......

(രമണിയും, മൂടുപടം ധരിച്ച രമയും വന്നു കയറുന്നു. അവരെ, രവി വെറുപ്പോടുകൂടി നോക്കുന്നു. രമണി വെളിയിൽപോകുന്നു.)

രവി—(വെറുപ്പോടുകൂടി) നീ ഇവിടെ എന്തിനുവന്നു?

രമയുടെ കണ്ണുകളിൽ നിന്നും കണ്ണുനീർത്തുള്ളികാം ഇററിററു വീഴുന്നു. അവാം അധോമുഖിയായി നിലകൊള്ളുന്നു.)

രവി—എന്റെ മുറിക്കകത്തു കയറിവരുവാൻ നിനക്കെങ്ങനെ ധൈര്യമുണ്ടായി? പറയൂ.

(രമ തന്റെ മുഖത്തുനിന്നും മൂടുമുണ്ടെടുത്തുമാററുന്നു. അവളുടെ പ്രാകൃതവും വിഷാദപൂൎണ്ണവും ദൈന്യവുമായ മുഖം കണ്ടു്, രവിയുടെ ഹൃദയം നടുങ്ങുന്നു.)

രമ—അങ്ങു്, എന്നിൽ ഇത്ര നിർദ്ദയനാകരുതു്, ഞാൻ അവിടുത്തെ പാദങ്ങളിൽ വീണു പ്രാൎത്ഥിക്കുന്നു.(അവളുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ ധാരധാരയായി പ്രവഹിക്കുന്നു.) അങ്ങു് എന്നെ കൊല്ലരുതു്.

രവി—എന്തു്? എന്തു പറഞ്ഞു നീ? ഞാൻ നിന്നെ കൊല്ലരുതെന്നോ? ഭയങ്കരീ......

രമ—(ഗൽഗ്ഗദത്തോടുകൂടി)ഇന്നലെത്തതുപോലെയുള്ള രംഗങ്ങാം ഇനിയും ആവൎത്തിക്കുകയാണെങ്കിൽ അതു കാണുവാൻ ഞാൻ ജീവിച്ചിരിക്കുകയില്ല.

രവി—എന്തുകൊണ്ടു്.

രമ—അതു് അത്രയ്ക്കു ഭയങ്കരമാണു്.

രവി—നീ എന്നെ ചതിച്ചതിനേക്കാാം ഭയങ്കരമാണോ?

രമ—ഞാൻ അങ്ങയെ ചതിച്ചില്ല.

രവി—ഇല്ലേ? ഇല്ലേ? നീ എന്നെ ഉപേക്ഷിച്ചതു് ഒരു വൻചതി അല്ലെങ്കിൽ മറെറന്താണു്? പറയൂ.

രമ—(മൗനം)

രവി—പറയൂ, നീ അങ്ങനെ ഓടിപ്പോന്നതു എന്തു

കൊണ്ടാണ്. പടിക്കൽ എൻെറ വരവും കാത്തുനില്ക്കുമെന്നു പ്രതിജ്ഞ ചെയ്തിരുന്ന നീ ഞാൻ വരുന്നതിനുമുമ്പ് എന്നെ ചതിച്ചിട്ട് ഓടിപ്പോയതു എന്തുകൊണ്ടാണ്?

രമ—അങ്ങനെ ചെയ്യാതെ നിവൃത്തിയില്ല.

രവി—അതെന്തുകൊണ്ടാണ്?

രമ—(മൗനം)

രവി—ഞാൻ തിരുവനന്തപുരത്തേയ്ക്കു യാത്രതിരിച്ചതിൽ പിന്നീട് അവിടെ എന്തു സംഭവിച്ചു? നിൻെറ തെററിനെ സാധൂകരിക്കാൻ......

രമ—എനിക്കു അങ്ങയെ വിട്ടുപോരാതെ തരമില്ല.

രവി—എന്തുകൊണ്ട്?

രമ—(മൗനം)

രവി—(ഉറക്കെ) എന്തുകൊണ്ട്?

രമ—(മൗനം)

രവി—അതെ, തികഞ്ഞ സ്വൈരിണിയായ നിനക്കു നിൻെറ ഇഷ്ടംപോലെ ജീവിക്കാൻ സാധ്യമല്ലാതെവന്നു; പട്ടണത്തിൽ പാടിയാടിക്കുഴഞ്ഞിരുന്ന നിനക്കു പരിഷ്ക്കാരമില്ലാത്ത ഗ്രാമം പിടിക്കാതെവന്നു; കപടതകൾ ജീവിതവ്രതമാക്കിയിരുന്ന നിനക്ക് അവിടം അതിനൊന്നും തരപ്പെടാതെവന്നു.

[അവൾ കരഞ്ഞു തുടങ്ങുന്നു.]

നീ കരയേണ്ട; നീ കരയേണ്ട; നീ ചിരിക്കുകയാണു വേണ്ടതു്; നീ ചിരിക്കുക! പ്രയത്നം ഫലപ്പെട്ടുപോയ കൃതാൎത്ഥയോടുകൂടി നീ ചിരിക്കുക!

നീ അവിടെനിന്നും എന്നെ അറിയിക്കാതെ ഓടിപ്പോന്നതിൻെറ രഹസ്യം എന്താണെന്ന് എനിക്കറിയാം. നീ ചിരിക്കുക! മഹാപാപിയായ ഞാൻ......കുലത്തിൻെറ കണ്ടകോടാലിയായ ഞാൻ......പിതൃജനങ്ങളുടെ ഉപദേശങ്ങളെ വിഗണിച്ച ഞാൻ......ലോകത്തിൻെറ പരിഹാസശരങ്ങൾക്കു പാത്രമായിതീന്ന ഞാൻ ......കേവലം വ്യഭിചാരിണിയായ ഒരു സൈരിണിയുടെ വശീകരണത്തിൽ അകപ്പെട്ട് ഹതഭാഗ്യനായിത്തീന്ന ഞാൻ......ഞാൻ കരയാം. ഞാനാണ് കരയേണ്ടതു് നീയല്ല; നീ ചിരിക്കുക.

(രമ "അയ്യോ" എന്നു നിലവിളിച്ചുകൊണ്ടു് വെളിയിലിറങ്ങി ഓടിപ്പോകുന്നു. രമണി സംഹാരരൂപിണിയുടെ ഭയങ്കരതയോടു കൂടി അകത്തുവന്നു കയറുന്നു. രവിയുടെ മുഖത്തു നിഷ്ഠൂരവും പുച്ഛവുമായ ദൃഷ്ടികൾ പതിപ്പിച്ചുകൊണ്ടും പല്ലു കടിച്ചുകൊണ്ടും അവർ പറഞ്ഞുതുടങ്ങി.)

രമണി—കൊള്ളാം, നിങ്ങളുടെ പുരുഷത്വം വളരെ വിശേഷമായിരിക്കുന്നു.

രവി—പോകണം ഇവിടെ നിന്നും. (കോപത്തോടു കൂടെ അവരെ തുറിച്ചുനോക്കുന്നു.)

രമണി—ഇല്ല; പോകുന്നില്ല; പറയാനുള്ളതു് മുഴുവൻ പറഞ്ഞിട്ടേ ഞാൻ പോകുന്നുള്ളു.

രവി—(അസഹ്യമായി)എന്താണ് നിങ്ങൾക്കു പറയാനുള്ളതു്.

രമണി—നിങ്ങളുടെ പുരുഷത്വത്തിനു ഒരു അഭിനന്ദനം.—ഇനിയുള്ളതു ചില പരമാത്ഥങ്ങൾ,

രവി—ഉം,—പരമാർത്ഥങ്ങൾ?

രമണി—അതെ; നിങ്ങളെപ്പററിയുള്ള ചില പരമാർത്ഥങ്ങൾ! നിങ്ങളുടെ ഹൃദയത്തെ തവിട്ടുപൊടിയാക്കുന്ന ചില ഭയങ്കരയാഥാർത്ഥ്യങ്ങൾ! ഒരു പാവപ്പെട്ട പെൺകുട്ടിയെ അവളുടെ അപേക്ഷകളെയെല്ലാം ഉപേക്ഷിച്ചിട്ട്, അന്ന്യായമായി കൊല്ലാക്കൊല ചെയ്യുവാൻ തോന്നിയ നിങ്ങളുടെ ചില നീതികൾ! ഹാ! രമ! അവർ ആരാണ്? അവരുടെ ശരീരത്തിൽ ഒന്നു സ്പർശിക്കണമെങ്കിൽ നിങ്ങൾ ഇനിയും നൂറ് ജന്മങ്ങൾ സ്വീകരിക്കണം! അവർ അത്രമേൽ ത്യാഗസമ്പന്നയാണ്; അത്രയും പ്രേമസമ്പന്നയാണ്! കഷ്ടം ആ സാധുജീവിതത്തെ ചവുട്ടിക്കശക്കി നശിപ്പിച്ചിട്ട് ഇനിയും നിങ്ങൾ അവളുടെ മൃതശരീരത്തിൽ മുള്ളു കൊണ്ടു കുത്തുന്നു; കൊള്ളാം നിങ്ങളുടെ പുരുഷത്വം!

രവി—മതി! മതി! നിങ്ങളുടെ അധിക്ഷേപം!

രമണി—അധിക്ഷേപമല്ലാ; പരമാത്ഥം!— ഞാൻ അതു പറയണമെങ്കിൽ, അതു മനസ്സിലാക്കുവാനുള്ള തലച്ചോറ് നിങ്ങൾക്കുണ്ടോ എന്ന് എനിക്കാദ്യമായറിയണം.

രവി—(ക്രുദ്ധനായി) മതി! (കണ്ണു മിഴിക്കുന്നു)

രമണി—ഹോ, ഭയപ്പെട്ടത്തേണ്ട; പറയാം കേൾക്കു, പറഞ്ഞിരുന്നതുപോലെ നിങ്ങൾ അന്നു തന്നെ തിരുവനന്തപുരത്തു നിന്നും മടങ്ങിപ്പോകാഞ്ഞതെന്ത്?

രവി—എന്തു്?

രമണി—എന്തുകൊണ്ടു്, നിങ്ങൾ പറഞ്ഞിരുന്ന സമയത്തു തന്നെ തിരുവനന്തപുരത്തു നിന്നും മടങ്ങിപ്പോയില്ല?

രവി—അച്ഛൻ കൂടിയുണ്ടായിരുന്നു!

രമണി—അല്ല. അച്ഛൻ തടസ്സപ്പെടുത്തി എന്നു പറയണം.

രവി—അതെ.

രമണി—അതെന്തിനാണു്?

രവി—അടുത്ത ദിവസം രാവിലെ കണ്ടു ചില കാര്യങ്ങൾ അറിയിക്കേണ്ടതുണ്ടായിരുന്നു.

രമണി—അതു സൂത്രമാണെന്നു നിങ്ങൾ അപ്പോൾ മനസ്സിലാക്കിയില്ല.

രവി—എന്തു സൂത്രം?

രമണി—നിങ്ങളെ അവിടെ പിടിച്ചു നിത്തുവാൻ വേണ്ടി അദ്ദേഹം ഉപയോഗിച്ചസൂത്രം! ശരി! ഇരിക്കട്ടെ! അന്നു നിങ്ങളുടെ അച്ഛൻ, നിങ്ങളുടെ കൂടെത്തന്നെ ഉണ്ടായിരുന്നോ!

രവി—ഇല്ല. അദ്ദേഹം പട്ടത്തുള്ള ചില വസ്തുക്കൾ പരിശോധിക്കുവാൻ പോയിരിക്കയാണെന്നു കാര്യസ്ഥൻ പറഞ്ഞു.

രമണി—പക്ഷെ കന്യാകുമാരിയിലുള്ള നിങ്ങളുടെ താമസസ്ഥലത്തു പോയിരിക്കയാണെന്നുപറയേണ്ടിയിരുന്നു.

രവി—എന്തു്?

രമണി—നിങ്ങളെ അവിടെ നിത്തിയിട്ടു് നിങ്ങളറിയാതെ അദ്ദേഹം കന്യാകുമാരിയിൽ എത്തി!

രവി—എന്തു് എൻെറ അച്ഛൻ കന്യാകുമാരിയിൽ പോയിരുന്നോ?

രമണി—അതെ നിങ്ങളെ പറഞ്ഞു തെററിക്കുവാൻ സാധ്യമല്ലാതെ വന്നപ്പോൾ അദ്ദേഹം കന്യാകുമാരിയിൽ ചെന്നു രമയെ കണ്ടു!

രവി—അവൾക്കും എന്നെപ്പോലെ നിൽക്കാമായിരുന്നല്ലൊ.

രമണി—കേൾക്കൂ, ആദ്യം അവളെ ഭയപ്പെടുത്തി വശത്താക്കാൻ ശ്രമിച്ചു: പിന്നീടു ന്യായവാദങ്ങൾ തുടങ്ങി. ഒന്നിലും അവൾ കുലുങ്ങുകയില്ലെന്നു കണ്ടപ്പോഴാണു്, അദ്ദേഹം ആ ശരം തൊടുത്തു വിട്ടതു്.

രവി—എന്താണതു്? ഈശ്വരാ...! വേഗം പറയണം.

രമണി—നിങ്ങളുടെ സഹോദരിയുടെ കാര്യം! നിങ്ങൾക്കു ഒരു വിവാഹപ്രായം ചെന്ന സഹോദരി ഉണ്ടല്ലൊ. അവളുടെ കാര്യം! അവളെ വിവാഹം ചെയ്യുവാൻ ഒരു മാന്യകുടുംബത്തിലുള്ള യുവാവു് ആലോചിച്ചിട്ടില്ലേ.

രവി—ഇല്ലല്ലോ!

രമണി—ഇല്ലെങ്കിൽ അതും നിങ്ങളുടെ അച്ഛൻെറ ഒരു സൃഷ്ടിയാണു്.

രവി—വേഗം പറയണം.

രമണി—നിങ്ങളായിട്ടു, പാവപ്പെട്ട രമയെ നശിപ്പിച്ചുവെങ്കിലും, ഇപ്പോൾ രമയാണു് നിങ്ങളെ നശിപ്പിച്ചതു്, എന്നല്ലേ വന്നുകൂടിയിരിക്കുന്നതു്. അവൾ നിങ്ങളെ അകപ്പെടുത്തി വെച്ചിരിക്കുന്നതുകൊണ്ടു് നിങ്ങളുടെ കുടുംബത്തിനു

അന്യായമായ ദുഷ്കീർത്തിയുണ്ടാകാം. തന്മൂലം, നിങ്ങളുടെ സഹോദരിക്കു നിശ്ചയിക്കപ്പെട്ടിരുന്ന ആ വിവാഹം നടക്കാതെ ആകുകയും ചെയ്യാം. ആ യുവാവും നിങ്ങളുടെ സഹോദരിയും പ്രേമബദ്ധരാണ്. ഈ ദുഷ്കീർത്തിയുള്ളപ്പോൾ അവരുടെ വിവാഹം നടക്കുകയുമില്ല. നിങ്ങളുടെ സഹോദരി കരഞ്ഞു കരഞ്ഞു മരിക്കാറായി. അവൾ പലപ്പോഴും ആത്മഹത്യചെയ്യുന്നതിനു ശ്രമിച്ചു. അതുകൊണ്ടു് ആ രണ്ടു കുടുംബങ്ങളും, നശിച്ചുപോകുവാൻ തുടങ്ങുന്നു. നല്ലഭാവി നശിച്ചുപോകുന്ന നിങ്ങൾ...പുത്രൻെറ അധഃപതനത്തിൽ ഹൃദയംനൊന്തു കരയുന്ന നിങ്ങളുടെ അച്ഛൻ...ഇഷ്ടകാമുകനെ ഭർത്താവായി സ്വീകരിക്കുവാൻ കഴിയാതെ, കരഞ്ഞുചാകുന്ന നിങ്ങളുടെ സഹോദരി...കുടുംബം അഭിവൃദ്ധിപ്പെടുത്തേണ്ട ആ യുവദമ്പതികളുടെ നാശത്താൽ രണ്ടു കുടുംബങ്ങൾ...ഇവയെല്ലാം അവളുടെ ചെറിയൊരു ത്യാഗസന്നദ്ധതയെമാത്രം ആശ്രയിച്ചിരിക്കുകയാണെന്ന് അദ്ദേഹം പ്രസംഗിച്ചു. നിങ്ങൾക്കുണ്ടാകുന്ന മനഃക്ഷീണം കാലംകൊണ്ടു മാറിപ്പോവുന്നതാണെന്ന് അദ്ദേഹം സമർത്ഥിച്ചു. തടസ്സക്കാരി—നാശകാരിണി അവൾ മാത്രമാണെന്ന് അദ്ദേഹം അവളെ ധരിപ്പിച്ചു. അവൾ എന്തുചെയ്യണം?

രവി—ഹാ! ദൈവമേ! ഞാൻ ഇനി എന്തുചെയ്യേണ്ടു?...അവൾ എന്തുകൊണ്ടു ഈ വിവരം എന്നോടു പറഞ്ഞില്ല?

രമണി—അവരുടെ വാഗ്ദാനം, അവൾ ഒരുവിധത്തി

ല്പം നിങ്ങളെ അറിയിക്കരുതെന്നു് അദ്ദേഹം അവളെക്കൊണ്ടു സത്യംചെയ്യിച്ചു. അതു് അറിയുന്നതു് നിങ്ങളുടെ ജീവിതത്തെ അത്യധികം നശിപ്പിക്കുന്നതാണെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. രമയുടെ തിരസ്കാരണവും അതിനു കാരണമായിത്തീന്നകുടുംബത്തോടുള്ള വിദ്വേഷവും ഒരേ സമയത്തു സഹിക്കുവാൻ നിങ്ങളുടെ ഹൃദയത്തിനു ശക്തിയില്ലെന്നു ബുദ്ധിമാനായ അദ്ദേഹം മനസ്സിലാക്കുകയും, അവളെ ധരിപ്പിക്കുകയും ചെയ്തു.

രവി—ഹാ! രമണിയമ്മേ! ഞാൻ ഇനി എന്തു ചെയ്യും? ഈശ്വരാ! ഞാനെന്തെല്ലാം പറഞ്ഞു! പ്രവത്തിച്ചു! എന്റെ ഹൃദയേശ്വരി, സ്ത്രീലോകത്തിന്റെ ......അയ്യോ! അവരം എവിടെ?

രമണി—പാവം, കരഞ്ഞുകൊണ്ടു വെളിയിലോടിപ്പോയി......ഞാനിതാ പോകുന്നു.

(രമണി പോകുന്നു.)

രവി—ഈശ്വരാ, അങ്ങന്നെ ച്ചതിച്ചു; മഹാപാപിയായ എന്നെ അവിടുന്നു ചതിച്ചു; രമയല്ല; അവരം ഒരു മഹാലക്ഷ്മിയാണു്; ഒരു മഹാമനസ്വിനിയാണു്: എന്റെ ഹൃദയേശ്വരി!......ഹാ, രമേ, രമേ! എന്റെ പൊന്നോമനേ! നിന്നെ അധിക്ഷേപിച്ചതിനു്!...അയ്യോ!...നിന്റെ ഹൃദയത്തെ കഠിനമായി കുത്തി മുറിവേല്പിച്ചതിനു്... ഞാൻ എന്തു പരിഹാരം ചെയ്യും? ഈശ്വരാ,നീ ക്ഷമിക്കുമോ?തങ്കമേ!—നീ ക്ഷമിക്കുമോ?ഹാ,നീ എനിക്കു മാപ്പുതരുമോ?—മാപ്പു്! ഹാ,പ്രാണനായികേ!മാപ്പു്!മാപ്പു്!ഞാനിതാവരുന്നു...ഇതാ...

(ഭ്രാന്തചിത്തനായി വെളിയിലിറങ്ങി ഓടിപ്പോകുന്നു)

—:കട്ടൻ:—

# രംഗം 12.

(നല്ല നിലാവുള്ള രാത്രി: കരകുത്തിയൊഴുകുന്ന ആ ഭയങ്കരമായ നദിയുടെ കരയിൽ, രാത്രിയുടെ രണ്ടാം യാമത്തിൽ, തനിക്കു പ്രിയതരമായി തോന്നിയിരുന്ന ആ വെള്ള സാൽവകൊണ്ടു ശരീരം മൂടി ഒരു സ്വപ്നത്തിലെന്നപോലെ രമ നടന്നുചെല്ലുന്നു. എങ്ങും ശാന്തത: ഏതോ ഭയങ്കരമായ സംഭവം നടക്കാൻ പോകുന്നെന്നു് വിചാരിച്ചിട്ടെന്നപോലെയുള്ള ഗംഭീരമൗനം, പ്രകൃതിയിൽ കാണുന്നുണ്ടു്. പക്ഷേ, രോഗജന്യമായ അസ്വാസ്ഥ്യമല്ലാതെ രമയുടെ ഭാവഹാവങ്ങളിൽ സംഭ്രമംസ്ഫുരിക്കുന്നില്ല. ഏതോ ദൃഢനിശ്ചയം ദ്യോതിപ്പിക്കുന്ന രക്തരേഖകൾ അവളുടെ മുഖത്തു തെളിഞ്ഞുകാണാം. അവൾ പതുക്കെ നടന്നുചെന്നു് ആ നദിയുടെ കരയിലുള്ള ഒരു പൊക്കമുള്ള പാറയിൽ കയറിനില്ക്കുന്നു. അടിയിൽ നദീജലത്തിൽ നോക്കുന്നു.)

രമ—മതി! എൻെറ ജീവിതം ഇവിടെ അവസാനിപ്പിച്ചുകളയാം-മരണത്തിനുവേണ്ടി കാത്തിരിക്കേണ്ട ആവശ്യമില്ല. ഞാൻ ജീവിച്ചിരിക്കുന്നതു രവിയുടെ ജീവിതത്തെ കൂടുതൽ കൂടുതൽ അസ്വസ്ഥപ്പെടുത്തിയേക്കും. പരമാർത്ഥം അറിയുകയാണെങ്കിൽ, അദ്ദേഹം എന്നെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. എൻെറ ത്യാഗം ഫലശൂന്യമായി പരിണമിക്കും. ചാപല്യങ്ങൾ എൻെറ ജീവിതലക്ഷ്യത്തെ മാററിമറിക്കും.—നേരേ മറിച്ചു്, ഈ മരണം സകലവിധമായ കുഴപ്പങ്ങളേയും തീക്കുന്നതാണു്. ഹാ, എനിക്കുവേണ്ടി എന്തുംചെയ്യുവാൻ സന്നദ്ധനായ യുവാവോ! ഇന്നുവരെ എൻെറ ജീ

വിതത്തെ പ്രഭപിടിപ്പിച്ചുകൊണ്ടിരുന്ന പ്രേമദീപമേ! പ്രാണേശ്വരാ! ഞാനിതാ പോകുന്നു. അതെ! ഞാനിതാ പോകുന്നു. ഇങ്ങനെ പോകേണ്ടതു് എൻെറയും അവിടുത്തേയും, ലോകത്തിൻെറയും ആവശ്യമാണു്. ഇനിയും അങ്ങയെ കാണുമ്പോൾ, ആ പരമാത്ഥം മറച്ചുവയ്ക്കുവാൻ സാധിക്കാതെ വരും. ഞാനതുപറഞ്ഞാൽ, അങ്ങയുടെ ജീവിതം വീണ്ടും അധോഗതിയിലേയ്ക്കു കുതിച്ചു പായും—അതുകൊണ്ടു് ഈ ലോകരംഗത്തുനിന്നും ഞാൻ മറഞ്ഞുകളയാം. എനിക്കു് ഇവിടെ സ്ഥാനമില്ല: എൻെറ നിര്യാണത്തിൽ നിലവിളിക്കുവാൻ ഇവിടെ ആരുമില്ല. അതു് അത്ര നിസ്സാരമാണു്. അങ്ങയുടെ ശുഭപൂണ്ണമായ ഒരു ഭാവിക്കുവേണ്ടി, ഞാനിതാ വഴിയിൽ നിന്നും മാറുന്നു. അങ്ങു് ആശ്വസിക്കുക. ഹാ, പ്രാണേശ്വരാ അങ്ങയുടെ പിതാവു്, സഹോദരി മുതലായവർ അങ്ങയെ ആശ്വസിപ്പിച്ചുകൊള്ളുമെന്നും കാലം അങ്ങേയ്ക്കു മനശ്ശാന്തി നൽകുമെന്നും ഞാൻ വിശ്വസിക്കുന്നു.

എന്നെപ്പോലെ, കുലവും അന്തസ്സുമില്ലാത്ത—ഹൃദയപൂർവ്വം സ്നേഹിക്കപ്പെടാൻ അഹ്തയില്ലാത്ത—ജീവിതസവ്വസ്വവും അടിയറവെച്ചാലും ലോകത്തിൻെറ കാരുണ്യലേശത്തിനു പാത്രമാകാത്ത—രക്ഷയും രക്ഷിതാവുമില്ലാത്ത— സ്നേഹദാഹംകൊണ്ടു ഹൃദയംവരണ്ടു സങ്കടമനുഭവിക്കുന്ന സഹോദരികളേ, കലാലോകത്തു കാലുകുത്തിയ നിമിഷംമുതൽ പതിതയായി കരുതപ്പെ

ടുന്ന പാവപ്പെട്ട നൎത്തകികളേ, നിങ്ങൾക്ക് എന്റെ ചരിത്രം ഒരു പാഠമായിരിക്കട്ടെ—നിങ്ങൾക്ക സ്നേഹിക്കാനും, സ്നേഹിക്കപ്പെടാനും അൎഹതയില്ല!......

(അവൾ ചുററും പകച്ചുനോക്കുന്നു. അകലെ ഒരു മരക്കൊമ്പിൽ ഇരുന്നുകൊണ്ടു നിദ്രാഭംഗം സംഭവിച്ച ഒരു രാക്കുയിൽ ദീനനാദം പുറപ്പെടുവിക്കുന്നു. കൊച്ചുകാററിന്റെ നെടുവീൎപ്പുകണ്ടു്, മരങ്ങളിൽ നിന്നും കണ്ണീർ തുള്ളികൾ അടൎന്നുവീഴുന്നു.)

ഹാ, ലോകം!...ആനന്ദപൂൎണ്ണമായ നിദ്ര!...... ഹൃദയഹരമായ ചന്ദ്രിക!......മതി! കാണുന്തോറും കൂടുതൽ കൂടുതൽ ആശയുണ്ടാക്കി, ജീവിതത്തെ നരകത്തിലേയ്ക്കു നയിക്കുന്ന പ്രകൃതി!...... വേണ്ട!...മതി!......

(അവൾ വീണ്ടും ചുററും നോക്കിക്കൊണ്ടു് അല്പനേരം നില്ക്കുന്നു. പെട്ടെന്നു് ഏതോ ദൃഢനിശ്ചയത്തിലെത്തി, അവൾ നദിയിലേയ്ക്കു കുതിച്ചുചാടുന്നു. പക്ഷേ, ബലിഷ്ഠമായ ഒരു കരം അവളുടെ കരങ്ങളിൽ പിടികൂടി. അവൾ തിരിഞ്ഞുനോക്കിയപ്പോൾ മുമ്പിൽ തേജസ്വിയായ ഒരു മഹൎഷി തടഞ്ഞുനിൽക്കുന്നതായി കണ്ടു. കരം കുടഞ്ഞുകൊണ്ടു് അവൾ മഹൎഷിയോടപേക്ഷിച്ചു.)

രമ—വിടുക, എന്നെ വിടുക!

(മഹൎഷി ശാന്തനായി, നിശ്ചലനായി അവളുടെ മുഖത്തു നോക്കി പുഞ്ചിരിയിടുന്നു.)

രമ—(വീണ്ടും കൈകൾ കുടഞ്ഞിട്ട്) വിടുക, എന്നെ വിടുക!

മഹൎഷി—(പുഞ്ചിരിയോടുകൂടി) എന്തിന്?

രമ—ഈ ലോകം, ഇനിയും ഞാൻ കാണരുതു്, എന്നെ വിടുക!

മഹർഷി—നില്ക്കൂ, ശാന്തയാകൂ!

രമ—ഈ ഗംഗയിൽ ദുർബലവും, ലോകത്തിനു ഭാരവുമായ എൻെറ ശരീരം വീണു നശിക്കട്ടെ!—ഞാൻ ഞാൻ.........

മഹർഷി—നീ ആത്മഹത്യ ചെയ്യുവാൻ ഭാവിക്കുകയാണോ?

രമ—(ദ്രുഢസ്വരത്തിൽ) അതെ.

മഹർഷി—ശാന്തം! പാപം!

രമ—(നിരാശയോടുകൂടി) പാപം! പാപം! ഒരിക്കലുമല്ല. ലോകത്തിൻെറ ആവശ്യത്തിനു വേണ്ടിയാണു ഞാനിതു ചെയ്യുന്നതു്. ഞാനിതു ചെയ്യണം! ചെയ്തേ തീരൂ–എന്നെ വിടണം!

മഹർഷി—ആരുടെ ആവശ്യമായാലും, നിനക്കതിന് അവകാശമില്ല!

രമ—എന്തു്? എനിക്കവകാശമില്ല?

മഹർഷി—ജീവിതം ഇങ്ങനെ അവസാനിപ്പിക്കുന്നതിന്, അഥവാ, ആത്മഹത്യ ചെയ്യുന്നതിന് നിനക്കവകാശമില്ല.

രമ—എന്തുകൊണ്ടു്?......

മഹർഷി—അതു്, നിൻെറ സ്വന്തമല്ലാത്തതുകൊണ്ടു്—ഈ ശരീരം നിൻെറ സ്വന്തമല്ല. അതിൽ പററിനില്ക്കുന്ന ജീവനും നിൻെറ സ്വന്തമല്ല. ഉടമസ്ഥൻ ഈശ്വരനാണു്. അദ്ദേഹത്തിനു മാത്രമേ ഇവ നശിപ്പിക്കുന്നതിന് അവകാശമുള്ളൂ.

രമ—പിന്നെ, ഞാൻ എന്തു ചെയ്യണം?

മഹർഷി—നീ നിൻെറ ജീവിതത്തിൻെറ ഉദ്ദേശം മനസ്സിലാക്കണം.

രമ—എനിക്കു യാതൊരു ഉദ്ദേശവുമില്ല—എനിക്ക് ഈ ലോകത്തു സ്ഥാനമില്ല—ഇനിയും ഈ കഷ്ടതകൾ-നരകദുഃഖങ്ങൾ-അനുഭവിക്കുവാൻ എന്നെക്കൊണ്ടാവില്ല. ഞാന്മൂലംഅന്യജീവിതങ്ങൾ ഒരിക്കലും സങ്കടമനുഭവിക്കുവാൻ പാടില്ല...(അസഹ്യത നടിച്ച്)അയ്യോ,മരിക്കുന്നതിനുകൂടി,എനിക്കു സ്വാതന്ത്ര്യമില്ലേ?—ഹാ,എന്നെവിടണം?

മഹർഷി—കുഞ്ഞേ, ശാന്തയാകുക! പരമാത്മാവിൽ വിശ്വസിക്കൂ!—ആ പരമകാരുണികൻ രക്ഷിക്കും:

രമ—പരമാത്മാവ്! പരമകാരുണികൻ! അങ്ങനെ ശക്തിയുണ്ടോ? ഉണ്ടെങ്കിൽ......

മഹർഷി—അവിവേകം അരുത്. അവിവേകംകൊണ്ടു ഈശ്വരനിന്ദനം ചെയ്യരുത്. ആ അതീതശക്തിയെ വിശ്വസിക്കുക; നിനക്കു മനശ്ശാന്തി കിട്ടും.

രമ—ഇല്ല, എനിക്കു ഒരിക്കലും മനശ്ശാന്തികിട്ടുകയില്ല.

മഹർഷി—ഭൗതികങ്ങളായ ദുഃഖങ്ങൾവിട്ടുമാറുമ്പോൾ പരമാത്മപാദങ്ങളിൽ ജീവിതം സമർപ്പിച്ച് ആ പാദങ്ങളെ അഭയം പ്രാപിക്കുമ്പോൾ, നിനക്കു മനശ്ശാന്തികിട്ടും.

രമ—മഹാത്മാവേ, ഞാനൊരു പാവപ്പെട്ട നത്തകിയാണ്; അനർഹമായ ഒരു സ്നേഹത്തിന് അടിമപ്പെട്ടുപോയതാണ് എന്റെ കുററം. അതുകാരണം, രണ്ടു കുടുംബങ്ങൾ നശിച്ചുപോകുന്നു.

ഞാൻ മരിക്കുകയാണെങ്കിൽ ആ രണ്ടു കുടുംബങ്ങളും അവയെ പററിനില്ക്കുന്ന അനേകം ജീവിതങ്ങളും രക്ഷപ്പെട്ടും. അതിനുവേണ്ടിയാണു് ഇതു്.

മഹർഷി—കുഞ്ഞേ, നിൻെറ ത്യാഗത്തെ, ഞാൻ അഭിനന്ദിക്കുന്നു. നിന്നെപ്പററിയുള്ള സകല വിവരങ്ങളും ഞാനറിയുന്നുണ്ടു്. പക്ഷേ, ഇതല്ല നിൻെറ ജീവിതോദ്ദേശം.

രമ—പിന്നെ ഏതാണു്?

മഹർഷി—കേവലം ഭൗതികങ്ങളായ സുഖദുഃഖങ്ങൾ; കേവലം താല്ക്കാലികങ്ങളായ ചാപല്യങ്ങൾ; മായകൊണ്ടു പരമാത്മവിജ്ഞാനം വിസ്മരിക്കുമ്പോൾ, ക്ഷണികസുഖങ്ങളെ അന്വേഷിച്ചു് അവയുടെ പിറകേ അലയുമ്പോൾ, മനുഷ്യൻ ദുഃഖിതനായിത്തീരുന്നു. മായ, സുഖവും ദുഃഖവും സൃഷ്ടിക്കുന്നു. കാർമേഘം ആകാശദേശത്തു പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്ന സൂര്യബിംബത്തെയെന്നതുപോലെ, മായ, മനുഷ്യഹൃദയത്തിലെ ജ്ഞാനത്തെ മറയ്ക്കുന്നു. മായയെ ജയിക്കുമ്പോൾ മനുഷ്യൻ മുക്തനാകും. ഒരിക്കലും ഒന്നുകൊണ്ടും നശിപ്പിക്കാൻ സാദ്ധ്യമല്ലാത്ത പരമാത്മസുഖം അപ്പോൾ അനുഭൂതമാകും. അതാണു മുക്തി. അതിലേയ്ക്കു് ആവശ്യമുള്ള ഉപാസനോപാധി ഭക്തിയാണു്. ഏകാഗ്രത ഭക്തിമുക്തികൾ നിദാനമാണു്. കുഞ്ഞേ, നിൻെറ പേരു്, രമ എന്നല്ലേ?

രമ—അതെ........

മഹർഷി—രമേ, ലക്ഷ്യം കൂടാതെയുള്ള യാത്രയും ഉപയോഗംകൂടാതെയുള്ള പ്രവൃത്തിയും വിവേകബുദ്ധികൾ ഉപേക്ഷിക്കുന്നു. മനുഷ്യൻെറ ഏതൊ

രുപ്രവൃത്തിക്കും ഉദ്ദേശമുണ്ടായിരിക്കണം. ഇങ്ങേയററം ഒന്നു പുഞ്ചിരിയിടണമെങ്കിൽക്കൂടി, അതിന്നു അനുകൂലമായ ഒരു കാരണം ഉണ്ടായിരിക്കണം. അല്ലെങ്കിൽ ലോകം അവനെ ഭ്രാന്തനെന്നു പറയും. എന്നാൽ, ജീവിക്കുക എന്നുള്ള പരമപ്രധാനമായ പ്രവൎത്തിയുടെ ഉദ്ദേശം എന്താണു്? ഏററവും നിസ്സാരങ്ങളായ പ്രവൎത്തികൾക്കു കൂടി ഉദ്ദേശമുണ്ടെങ്കിൽ, ഏററവും ശ്രേഷ്ഠമായ ജീവിതവൃത്തിയുടെ ഉദ്ദേശം? ഊണു കഴിക്കുക, ഉറങ്ങുക, സുഖദുഃഖങ്ങളായ കാലചക്രച്ചുഴിയിൽ പെട്ടു നട്ടം തിരിയുക—ഒടുവിൽ, തീരെ ആശിച്ചിരിക്കാത്തതായി, ചത്തൊടുങ്ങുക! ഇതാണോ ഈ ജീവിതം കൊണ്ടുപയോഗം? ജന്മജന്മാന്തരങ്ങൾ പുണ്യം ചെയ്തുകിട്ടിയതാണു് ഈ മനുഷ്യജന്മം. ഇതരജീവികളിൽനിന്നും മനുഷ്യനു വിവേകബുദ്ധി നൽകിയിരിക്കുന്നതു് അവനു ആ ജീവിതോദ്ദേശം മനസ്സിലാക്കുവാനാണു്. രമേ, മരണം ജനനത്തേയും ജനനം മരണത്തേയും ഉണ്ടാക്കുന്നു. ജനനമരണമാകുന്ന ഈ സംസാരദുഃഖത്തിൽനിന്നു മോചനം പ്രാപിക്കുക എന്നതാണു് ഈ മനുഷ്യജന്മത്തിൻെറ ഉദ്ദേശം—ആ ലക്ഷ്യം കൈവിടരുതു്; ആ യാത്ര വിസ്മരിക്കരുതു്!

രമ—മഹാത്മാവേ, അവിടത്തെ ഉപദേശംകൊണ്ടു് എൻെറ ഹൃദയത്തിൽ തടിച്ചുകൂടിയിരുന്ന അജ്ഞാനതിമിരം നശിച്ചുപോയി. ഞാൻ വേണ്ടതെന്താണെന്നു ആജ്ഞാപിച്ചാലും! ജീവിതയാത്രയുടെ ആ ലക്ഷ്യത്തിൽ എത്തിച്ചേരുന്ന

ആ മാർഗ്ഗങ്ങ*ഠം ഉപദേശിച്ചു തന്നാലും! എന്നെ കൂടി അവിടുത്തെ ശിഷ്യഗണത്തിൽ ഒരുത്തിയായി സ്വീകരിക്കുമെങ്കിൽ ഹാ!—

(അവ*ഠം മഹഷ്ഷിയെ സാഷ്ടാംഗം നമസ്കരിക്കുന്നു. മഹഷ്ഷി അവളെ എഴുനേല്ക്കുവാൻ ആജ്ഞാപിക്കുന്നു. അവ*ഠം എഴുനേല്ക്കുന്നു)

മഹർഷി—കുഞ്ഞേ! ദുഃഖങ്ങളിൽ അധികം പരിചയിച്ച് ജീവിതത്തിൻെറ നിസ്സാരത മനസ്സിലാക്കി ഇതരജീവിതങ്ങ*ഠംക്കു വേണ്ടി സ്വജീവിതം നശിപ്പിക്കുവാൻ തയ്യാറായ ത്യാഗപ്രേമസമ്പന്നയായ നീ, ആത്മജ്ഞാനലബ്ധിക്കു ഏററവും യോജിച്ചവളാണ്. ഒരു വ്യക്തിയിൽ മാത്രമായി കേന്ദ്രീകരിച്ചിരുന്ന നിൻെറ ആ പ്രേമത്തിൻെറ പരിധി, ദീർഘിപ്പിക്കുക—വികസിപ്പിക്കുക—അതു മാത്രം മതി—അതാ തെളിഞ്ഞു കിടക്കുന്ന നിൻെറ കത്തവ്യം!—

ക്ഷുൽകൃതന്തുണേകിയും നഗ്നനെപ്പുതപ്പിച്ചും,
ദുഃഖിയെത്തോഷിപ്പിച്ചും രോഗിയെ ശുശ്രൂഷിച്ചും.
ആപത്തിൽപ്പെട്ടനോനെആശ്വസിപ്പിച്ചും താണു
കൂപത്തിൽ കിടപ്പോനെ കൈ കൊടുത്തുയത്തിയും
അന്യർതൻസ്മിതച്ചില്ലിൽ തൻസുഖം നിരീക്ഷിച്ചും,
അന്യർതൻ ഹർഷാശ്രുമുത്താത്മവിത്തമായ് പൂണ്ടും
ഹൃത്തിലും ചക്ഷുസ്സിലും വാക്കിലും കമ്മത്തിലും
ശുദ്ധമാം പ്രേമത്തിൻെറ സാന്നിദ്ധ്യം കാട്ടിക്കാട്ടി
ലോകത്തെക്കുടുംബമായ് ജീവിയെ സോദര്യനായ്
ഏവനോ കല്പിച്ചെൻെറ വേലയിൽപങ്കാളിയായ്
മേവി നിന്നീടുന്നോൻഅവനെന്നുംഞാൻവശംവദൻ

(മഹർഷി മുമ്പോട്ടു നടക്കുന്നു. രമ പുറകെ എത്തുന്നു)

—:കർട്ടൻ:—

## രംഗം 13

[ഗംഭീരമായ ഒരു വനാന്തരംഗം. "രമേ! രമേ" എന്നു മന്ത്രിച്ചുകൊണ്ടു രവീന്ദ്രൻ വന്നു ചേരുന്നു. മുഴുഭ്രാന്തന്റെ വേഷം. ഉടുപ്പും മുണ്ടും പൊടിയടഞ്ഞും, കീറി മുഷിഞ്ഞും, തലമുടി ചിന്നിച്ചിതറിയും, പ്രാകൃതമായിത്തീർന്നിരിക്കുന്നു: "രമേ! രമേ!" എന്ന അക്ഷരദ്വയംമാത്രം ഉരുവിട്ടുകൊണ്ടു് ചുററും നോക്കുന്നു. അയാളുടെ മുഖം ഏററവും വികൃതമാകുന്നു.]

രവി—(അലറിയസ്വരം) രമേ,...ഹാ, രമേ!—ഹൃദയേശ്വരീ...സ്ത്രീലോകത്തിന്റെ അഭിമാനസ്തംഭമേ!...വരൂ...എന്റെ പൊന്നോമനേ, വരൂ... ഇനിയും എനിക്കു നടക്കാൻ സാധിക്കുകയില്ല... എന്റെ കാലുകൾ തളർന്നു...കണ്ണുകൾ അടഞ്ഞു...ഞാൻ ഇവിടെ വീഴും...എന്റെ യാത്ര ഇവിടെ അവസാനിക്കും...ഹാ, രമേ! നീ വരികയില്ലേ?...നീ എവിടെ ഒളിച്ചിരിക്കുന്നു?...എവിടെ?...എവിടെ?...നീ എനിക്കു മാപ്പുതരികയില്ലേ?—മാപ്പ്! ഞാൻ നിന്നെ അറിഞ്ഞില്ല!... ഹാ, മഹാപാപിയായ എനിക്കു നിന്റെ മനസ്ഥിതിയറിയാൻ വിവേകമില്ലായിരുന്നു!...... ഞാൻ മഹാപാപി! ഹാ, ഞാൻ മഹാപാപി! ഹൃദയശൂന്യൻ!—എന്റെ ശകാരം സഹിക്കാൻ വയ്യാതെ, നീ "അയ്യോ" എന്നു നിലവിളിച്ചു! ഞാൻ അതുകണ്ടു പൊട്ടിച്ചിരിച്ചു! നീ, കരഞ്ഞു

കൊണ്ടോടിപ്പോയി! എനിക്കുവേണ്ടി എല്ലാം ഉപേക്ഷിച്ച ത്യാഗദേവതേ...നീ ഓടിപ്പോയി? നീ പോയഉടൻ ഞാൻ വിവരമറിഞ്ഞു; നിന്നെ ശിക്ഷിക്കുന്നതിനു ഞാൻ സ്വീകരിച്ച പ്രതികാരം, അയ്യോ, വയ്യേ, വിചാരിക്കുവാൻ വയ്യേ! ഞാനിതാ സകലതും അറിയുന്നു. രമേ, നിൻെറ കാലിൽ വീണു കരയുവാൻ ഞാനിതാ വരുന്നു. രമേ—നീ എവിടെ? നിന്നെക്കാണാതെ ഞാൻ അടങ്ങുകയില്ല; നിന്നെക്കാണാതെ ഞാൻ മടങ്ങിപ്പോവുകയില്ല!

(രംഗത്തിൻെറ ഒരു വശത്തേയ്ക്കു സൂക്ഷിച്ചുനോക്കിയിട്ട് എന്തോ ശബ്ദം ശ്രദ്ധിക്കുന്നതായി നടിച്ചിട്ട്)

നില്ക്കൂ, നില്ക്കൂ, ഓടരുത്—ഇതാ, ഞാനും—നമുക്കൊരുമിച്ചുപോകാം. ഈ ദുർഘടം നിറഞ്ഞ—ഹൃദയശ്ശൂന്യമായ—പ്രേമരഹിതമായ—ലോകത്തു നിന്നും പോകാം.

(വീണ്ടും എന്തോ ശ്രദ്ധിച്ചതായി ഭാവിച്ചിട്ട്)

രമേ...കഴിഞ്ഞകാലങ്ങൾ നീ മറക്കുകയില്ലേ? ഈ മഹാപാപിക്കു മാപ്പു തരികയില്ലേ? മാപ്പ്!—

(ഭ്രാന്തനായി രംഗത്തിൻെറ അകത്തേയ്ക്കു ഓടിപ്പോകുന്നു.)

—:കൎട്ടൻ:—

## രംഗം 14

(പ്രഭാതം: പ്രശാന്തമായ ഒരു തപോവനത്തിൻെറ മുൻഭാഗം. രമ ഒരു സന്യാസിനിയുടെ വേഷത്തിൽ പ്രഭാതകൃത്യങ്ങൾ നിർവ്വഹിച്ചുകൊണ്ടു നില്ക്കുന്നു. വിഗതബോധമായ ഒരു യുവശരീരവും ചുമലിലെടുത്തുകൊണ്ടു രണ്ടു മഹർഷി ശിഷ്യന്മാർ പ്രവേശിക്കുന്നു. ശരീരം താഴെ വെച്ചിട്ട്, അതിൽ ഒരു ശിഷ്യൻ ഗുരുവിനെ അറിയിക്കാൻ അകത്തു കയറിപ്പോകുന്നു. രമ അടുത്തുവന്നു, അതു രവീന്ദ്രനാണെന്നു മനസ്സിലാക്കി സംഭ്രമിക്കുന്നു.)

രമ—അയ്യോ! ഇത്! (ഒരു കാൽമുട്ടു നിലത്തൂന്നിനിന്നുകൊണ്ടു രവീന്ദ്രൻെറമുഖത്തു സൂക്ഷിച്ചുനോക്കുന്നു.)

ശിഷ്യൻ—ദേവി, ഇയാളുടെ പ്രജ്ഞ നിശ്ശേഷം നശിച്ചു പോയെന്നു തോന്നുന്നു. ജീവിക്കുന്ന കാര്യം പ്രയാസമാണ്. ഏതായാലും ഗുരുദേവൻ വരട്ടെ!—

രമ—ഈശ്വരാ, ഈ നില ഇദ്ദേഹത്തിനു വന്നുചേർന്നതെങ്ങനെ?—എങ്ങനെ ഇവിടെ വന്നെത്തി?... രവീ—രവീ!—(അവൾ ആ മുഖത്തുനോക്കി വിളിക്കുന്നു.)

ശിഷ്യൻ—ഞങ്ങൾ കുളിക്കാൻ ചെല്ലുമ്പോൾ, ഈ നിലയിൽ ഇദ്ദേഹം നദീതീരത്തു കിടക്കുകയായിരുന്നു. അവിടെ എങ്ങനെ വന്നുചേർന്നതെന്നും മററും ഞങ്ങൾക്കറിഞ്ഞുകൂടാ. ഈ അവസ്ഥയിൽ അവിടെ ഉപേക്ഷിച്ചു പോകുന്നതു് അപൽക്കരമാണെന്നു കരുതി ഞങ്ങൾ ഇങ്ങോട്ടു തന്നെ കൊണ്ടുപോന്നു.

രമ—അയ്യോ, ഞാനെന്തുചെയ്യും, ഈശ്വരാ ഇദ്ദേഹം കണ്ണുതുറക്കുന്നില്ലല്ലോ! അയ്യോ, ഈ ശരീരം ച ലിക്കുന്നില്ലല്ലോ. (കൈകൾ പിടിച്ചു ശക്തി യായി കുലുക്കിയിട്ട്) ജലം, ജലം. അല്പം ജലം കൊണ്ടു വരൂ. (ശിഷ്യൻ കമണ്ഡലുവിൽനിന്നും ജലം പകൻകൊടുക്കുന്നു. അവൾ അയാളുടെ മുഖത്തു ജലം തളിക്കുന്നു. എങ്കിലും ആ കണ്ണു കൾ തുറക്കുന്നില്ല. അവർ, നിരാശയോടും, സ ങ്കടത്തോടുംകൂടി ആ മുഖത്തു നോക്കിക്കൊണ്ടു നില്ക്കുന്നു. അല്പനേരം കഴിഞ്ഞു് അയാളുടെ ചു ണ്ടുകൾ പതുക്കെ ചലിച്ചു തുടങ്ങി. അവൾ ആ ൎത്തിയോടുകൂടി ആ മുഖത്തു നോക്കിക്കൊണ്ടിരു ന്നു. അയാൾ പതുക്കെ കണ്ണുതുറന്നു, ഏററവും ക്ഷീണത്തോടുകൂടി രണ്ടു കൈകളും പൊക്കി നി ലത്തിടുന്നു. “രമേ! രമേ!” എന്നു മന്ത്രിച്ചിട്ടു വീണ്ടും കണ്ണടയ്ക്കുന്നു.)

രമ—അയ്യോ, ദൈവമേ!. ......(പെരുരോദനശബ്ദം അവളുടെ കണ്ഠങ്ങളിൽ തടയുന്നു.)

രവി—(രവിയുടെ ചുണ്ടുകൾ വീണ്ടും നിദ്രയിലെന്ന പോലെ “രമ! രമ!” എന്നു മന്ത്രിക്കുന്നു. കണ്ണുകൾ പകുതി തുറന്നിട്ടു വീണ്ടും അടയ്ക്കുന്നു.)

രമ—രവീ, പ്രിയപ്പെട്ട രവീ—അയ്യോ, ഞാനിതാ അ ടുത്തുണ്ടു്. ഒന്നു കണ്ണുതുറക്കണേ!—അയ്യോ, അ ങ്ങേയ്ക്കെന്തുവേണം?......

രവി—(കണ്ണടച്ചു കിടക്കുന്ന ആ കിടപ്പിൽത്തന്നെ സ്വപ്നദൎശനം കൊണ്ടെന്നപോലെ പുലമ്പുന്നു) രമേ! ഹാ, രമേ! നീ വരികയില്ലേ?......നീ എ ന്നോടൊത്തു വരികയില്ലേ? രമേ! രമേ! നീ എൻെറ തെററുകളെ ക്ഷമിക്കയില്ലേ.....‘അതു്

അത്രയ്ക്കു ഭയങ്കരമാണ്, ഭയങ്കരം! ആ രംഗം ഇനിയും ആവത്തിക്കുകയാണെങ്കിൽ അതു കാണുവാൻ ഞാൻ ജീവിച്ചിരിക്കുകയില്ല. അയ്യോ, എന്നെക്കൊല്ലരുതേ! കൊല്ലരുതേ!......'

(സകല ചൈതന്യങ്ങളും അസ്തമിച്ച് അയാാം മരിച്ചതുപോലെ കിടക്കുന്നു.)

രമ—(അമത്തിയ ശബ്ദത്തിൽ കരയുന്നു.)

രവി—(ചൈതന്യം ലഭിച്ചുവെങ്കിലും, കണ്ണടച്ചുകൊണ്ടുതന്നെ) രമേ, നീ ഇവിടെ നില്ക്കുകയാണോ? —രമേ!

രമ—അതെ, രവീ—രവീ—ഞാൻ ഇവിടെ നില്ക്കുകയാണ്. ഇതാ ഒന്നു കണ്ണുതുറക്കണേ.

രവി—(കണ്ണുതുറക്കാതെ) എനിക്കു മാപ്പുതരികയില്ലേ? —"ഹാ! കൊള്ളാം നിങ്ങളുടെ പുരുഷത്വം!... നിങ്ങളുടെ പുരുഷത്വത്തിനു ഒരഭിനന്ദനം!" ഹാ രമേ, പ്രതീകാരം......മാപ്പ്!...നീ!...

(പെട്ടെന്നു കണ്ണുതുറന്നു മുമ്പിൽ രമ നില്ക്കുന്നതുകണ്ട്) ഹാ, രമേ! (ചാടിയെഴുന്നേല്ക്കുവാൻ ശ്രമിച്ചുവെങ്കിലും. അതിനുള്ളശക്തി നശിച്ചുപോയിരുന്നതുകൊണ്ടു തറയിൽ വീണു, തലയിട്ടുരുട്ടുന്നു, കൈകാം നിലത്തറഞ്ഞ് അവശത വ്യക്തമാക്കുന്നു. അനങ്ങാതെ അവളുടെ മുഖത്തുതന്നെ നോക്കിക്കൊണ്ടുകിടക്കുന്നു.)

രവി—(വളരെ ക്ഷീണസ്വരത്തിൽ) രമേ! ഞാനിതാ, പോകുന്നു. നീ എനിക്കു മാപ്പുതരിക! മാപ്പ് നീ ഒരു പ്രേമസ്വരൂപിണിയാണ്. ഞാൻ ചെയ്ത പ്രതീകാരത്തിന്—എൻെറ അച്ഛൻ ചെയ്ത അപരാധത്തിന്—നീ മാപ്പുതരിക!....രമേ, ഞാൻ ...ഞാൻ പോകട്ടെ!......ഞാൻ പോകുന്നു...നിന്നെ കാണണമെന്നുള്ള മോഹം...അതുസാധിച്ചു ...ഞാൻ...ഞാൻ...പോ...ക...ട്ടെ... ര...മേ?

അയാളുടെ കണ്ണുകറം നിത്യമായടഞ്ഞു. രമ, ഉറക്കെക്ക രയുന്നു. മഹർഷിയും ശിഷ്യനും വന്നുചേരുന്നു. മഹർഷിയു ടെ വരവും, രംഗത്തിനു അല്പമൊരു വ്യത്യാസം വരുത്തി. അദ്ദേ ഹം രണ്ടുപേരേയും മാറിമാറി നോക്കി. രമയുടെ സങ്കടംകണ്ടു് അദ്ദേഹത്തിനു അലിവുണ്ടായി.)

മഹർഷി—കമ്മഫലം! കമ്മഫലം! ആ "പ്രേമശിഖ" അങ്ങനെ എരിഞ്ഞടങ്ങി. അതു വിശാ ത്തിലെങ്ങും പരന്ന വെൺകളി പൂശി രമേ, ആശ്വസിക്കുക. നീ കരഞ്ഞിട്ടു് ആവശ്യമില്ല. ആരും ഇതിൽ ഭാഗഭാക്കുകളല്ല. അതു നിയമമാണു്. അയാറം നിയമത്തിൻെറ ശക്തികൊണ്ടു മരിച്ചു. കമ്മഫലമനുഭവിക്കാതെ ആക്കും സാധ്യമല്ല. നീ കരയുന്നു—എന്തിനു്?—നശിച്ചുപോയ ഒരു പ്രേമശിഖയെപ്പററിച്ചിന്തിച്ചു്! ഹാ, പക്ഷേ നീ നിത്യയാണോ? നീ മരിക്കുകയില്ലേ? ഇതാ, കാണുന്നലോകം നിത്യമാണോ? ഇല്ല. അനിത്യം—എല്ലാം—നശ്വരം—മുമ്പേയും പിമ്പേയുമായി എല്ലാം കാലയവനികയ്ക്കുള്ളിൽ മറയുന്നു; വീണ്ടും വരുന്നു—പോകുന്നു—ഈ ഭൗതികഭാവങ്ങളെ ജയിക്കുന്നതിനാണു് നമ്മുടെ ഉദ്യമം—നമ്മുടെ ലക്ഷ്യം—മരണഭയം നശിക്കുന്നതിനു ജനനമില്ലാതെയിരിക്കാൻ നാം ശ്രമിച്ചു. അതിനു് ആ പരമാത്മപാദങ്ങളെ ശരണം പ്രാപിക്കാം—വരൂ കുഞ്ഞേ, ഇതും നിനക്കൊരു പാഠമായിരിക്കട്ടേ, വരൂ.

[രമ ഉത്തരീയത്തിൻെറ തുമ്പുകൊണ്ടു കണ്ണുനീർ തുടയ്ക്കുന്നു. മഹർഷി രണ്ടു കൈകളും പൊക്കി അവരെ അനുഗ്രഹിക്കുന്നു.]

ഓം ശാന്തി! ശാന്തി!!

—:കർട്ടൻ:—

It is a vary bad Novel because
its communication did not accepted it.

1369

1369

# നർത്തകി



തിരുനൈനാർക്കുറിച്ചി

Indic Digital Archive Foundation
gpura.org